2024 APRIL 14

emalayalee.com

# The Weekly

WEEKLY NEWSPAPER

Contact: editor@emalayalee.com | Phone: 917 324 4907; 917 662 1122







• IGI Certified Diamonds • Buyback Guarantee
• Free Lifetime Maintenance • Best Prices, Guaranteed

Wear the timeless elegance with captivating designs on perfectly cut diamonds...
Mine Diamonds presents pristine party wear for prestigious women.

SHOP VIRTUAL
CALL: +1(908) 848-3308

SHOP ONLINE AT
www.malabargoldanddiamonds.com

NEW JERSEY: 1348 OAK TREE ROAD, ISELIN 08830, TEL: 732 283 0916
CHICAGO: 2652 W DEVON AVENUE, IL 60659, TEL: 773 465 5755

MALABAR
GOLD & DIAMONDS

OVER 260 BRANCHES ACROSS USA, SINGAPORE, MALAYSIA, UAE, OMAN, QATAR, BAHRAIN, KUWAIT, KSA & INDIA

# ഫൊക്കാന ഐക്യം: നടപടിക്രമങ്ങൾ അവസാനഘട്ടത്തിലാണെന്ന് ട്രസ്റ്റി ബോർഡ് ചെയർ സജി എം. പോത്തൻ



ന്യു യോർക്ക്: ഫൊക്കാനയിൽ ഐക്യം പുനസ്ഥാപിക്കാനുള്ള നടപടിക്രമങ്ങൾ അവസാനഘട്ടത്തിലാണെന്ന് ട്രസ്റ്റി ബോർഡ് ചെയർ സജി എം. പോത്തൻ അറിയിച്ചു.

ജോസഫ് കുരിയപ്പുറം, സുധാകർത്താ തുടങ്ങിയവർ നേത്രൃത്വം നൽകുന്ന വിഭാഗം ഉപാധികളൊന്നുമില്ലാതെയാണ് ഫൊക്കാനയിൽ ലയിക്കാൻ തീരുമാനിച്ചത്. എങ്കിലും നേരത്തെ ഉണ്ടാക്കിയ ധാരണ പ്രകാരം ഇരുവരെയും ട്രസ്റ്റി ബോർഡിലേക്ക് സ്വീകരിക്കാമെന്ന് ധാരണയായിട്ടുണ്ട്. ഇതിനായി ഇപ്പോഴത്തെ 2 ട്രസ്റ്റി ബോർഡ് അംഗങ്ങൾ സ്ഥാനം ഒഴിയാനും സന്നദ്ധത പ്രകടിപ്പിച്ചിട്ടുണ്ട്. നാഷണൽ കമ്മറ്റിയിലേക്ക് 2 ആളുകൾക്ക് കൂടി അംഗത്വം നൽകും.

ഭരണഘടനപ്രകാരം എല്ലാ ഡോക്യൂമെന്റ്സ് സഹിതം പുതുതായി അംഗതത്തിന് അപേക്ഷിച്ച 16 സംഘടനകൾക്ക് അംഗത്വം നൽകാൻ ട്രസ്റ്റീ ബോർഡ് ഐകകണ്ഠേന നേരത്തെ തീരുമാനിച്ചിരുന്നതാണ്. ഇനിയും അതിൽ മാറ്റം വരുത്താൻ സാധ്യമല്ല. പുതിയ സംഘടനകളെ എന്നും ഫോകാനാ സ്വാഗതം ചെയ്യുന്നു. അംഗത്വം ലഭിക്കാഞ്ഞ സംഘടനകളെ വരും വർഷങ്ങളിൽ നിയമനുസൃതം പരിഗണിക്കുന്നതാണ്.

# ഫൊക്കാനയിൽ ഐക്യത്തിന്റെ സൂര്യോദയം;



# ട്രസ്റ്റി ബോർഡും നാഷണൽ കമ്മിറ്റിയും പുന:സംഘടിപ്പിച്ചു

**ഡോ. കലാ ഷഹി (ജനറൽ സെക്രട്ടറി)**

ഫൊക്കാനയിൽ വിഭാഗീയത പൂർണ്ണമായും അവസാനിപ്പിക്കാനായി ഫൊക്കാന പ്രസിഡന്റും , ട്രസ്റ്റി ബോർഡും നടത്തിയ ശ്രമങ്ങൾക്ക് ശുഭ പര്യവസാനം. ഐക്യ ശ്രമങ്ങൾ പരിപൂർണതയിൽ എത്തിക്കാനായി പോൾ കറുകപ്പള്ളിയും, മാധവൻ നായരും രാജിവച്ച ഒഴിവിലേക്ക് സുധാ കർത്ത, ജോസഫ് കുരിയപ്പുറം എന്നിവർ ട്രസ്റ്റി ബോർഡിൽ നിയമിതരാവും.

ഫൊക്കാന ദേശീയ കമ്മിറ്റിയിലേക്ക് അലക്സ് തോമസ് (ഫിലഡൽഫിയ)ഹ, റെജി വർഗീസ് ( സ്റ്റാറ്റൻ ഐലന്റ്) ഡോ. സുജ ജോസ് (ന്യൂ ജേഴ്സി) എന്നിവരും നിയമതിരാകും. ട്രസ്റ്റി ബോർഡ് തീരുമാന പ്രകാരം പോൾ കറുകപ്പള്ളിൽ, ഏബ്രഹാം ഈപ്പൻ, ഫിലിപ്പോസ് ഫിലിപ്പ്, സണ്ണി മറ്റമന, സജി പോത്തൻ എന്നിവർ നടത്തിയ ഐക്യ ചർച്ചകളിൽ ഉരുത്തിരിഞ്ഞ തീരുമാനപ്രകാരമാണ് ഐക്യത്തിൻറെ പുതിയ ചക്രവാളം തുറന്നത്. ഫൊക്കാന ട്രസ്റ്റി ബോർഡ് ഈ തീരുമാനങ്ങൾക്ക് പരിപൂർണ്ണ പിന്തുണ പ്രഖ്യാപിച്ചു.

കൂടാതെ ഈ വർഷം പുതുതായി അപേക്ഷ നൽകിയ അസോസിയേഷനുകൾക്ക് ഫൊക്കാന നിയമാവലി പ്രകാരമുള്ള രേഖകൾ സമർപ്പിക്കാൻ ഒരാഴ്ച കൂടി ഗ്രേസ് പീരിയഡ് നൽകാൻ അവർ ഡോ. ബാബു സ്റ്റീഫൻ ട്രസ്റ്റി ബോർഡിന് നിർദ്ദേശം നൽകി. ഇതോടു കൂടി ഫോക്കാനയിൽ ഐക്യം പൂർണമാകുമെന്നു ഫൊക്കാന നാഷണൽ കമ്മിറ്റിയും ട്രസ്റ്റി ബോർഡും അഭിപ്രായപ്പെട്ടു.

ഈ വർഷം ജൂലൈ മാസം നടക്കാനിരിക്കുന്ന കൺവൻഷന് പുതിയ ഊർജം പകർന്നിരിക്കയാണ് ഐക്യ തീരുമാനം.

The Weekly
WEEKLY NEWSPAPER
Contact: editor@emalayalee.com | Phone: 917 324 4907; 917 662 1122

Editorial

# പിന്നിൽനിന്നും കുത്തുന്ന അയൽക്കാർ

## പിന്നെന്തിനായിരുന്നു അന്നിത്രയും നാടകത്തിന്റെ കാര്യം, മിസ്റ്റർ മുഹമ്മദ് മുയിസു?



ഒടുവിൽ മാലദ്വീപ് ആവശ്യപ്പെട്ട സാധനങ്ങൾ ഇന്ത്യ കയറ്റി അയച്ചു. അപ്പോൾപ്പിന്നെ എന്തിനായിരുന്നു മിസ്റ്റർ മുഹമ്മദ് മുയിസു നിങ്ങൾ ഇന്ത്യാ വിരുദ്ധത മാലെയിലെ ജനങ്ങൾക്കിടയിൽ കുത്തിവെച്ചത്? എന്തു പറ്റി ചൈനയിലെ ഭായിക്ക്?

മാലദ്വീപ് ഒരു ചെറിയ രാജ്യമായിരിക്കാം എന്നാൽ ആർക്കും അതിന്റെ പരമാധികാരത്തിൽ ഇടപെടാനോ ഭീഷണിപ്പെടുത്താനോ ആവില്ലെന്നായിരുന്നു അന്ന് തിരഞ്ഞെടുപ്പു പ്രചരണവേളയിലും ശേഷം, ജയിച്ച് പ്രസിഡന്റ് ആയപ്പോഴും മാലദ്വീപ് പ്രസിഡന്റ് മുഹമ്മദ് മുയിസു നടത്തിയ പരാമർശം. തുടർന്നിങ്ങോട്ട് കീഴ് വഴക്കങ്ങൾ മുഴുവൻ മാറ്റിമറിച്ചുകൊണ്ടായിയിരുന്നു അദ്ദേഹം ഇന്ത്യയെ പ്രകോപിപ്പിച്ചുകൊണ്ടിരുന്നതും. തുടർന്ന് ഇന്ത്യ സന്ദർശിക്കാതെ ചൈനയിലേക്കു വെച്ചുപിടിക്കുകയും ചെയ്തു. അവിടെ ചൈനീസ് പ്രസിഡന്റ് ഷി ജിൻ പിങിനു മുന്നിൽ വിനീതവിധേയനായി നിന്നത് ലോകം കണ്ടതാണ്. ചൈന നൽകിയ ചില അപ്പക്കഷണങ്ങൾ താങ്കൾ പൊന്നുപോലെ രാജ്യത്തേക്കു കൊണ്ടു പോയതും ലോകം കണ്ടു.

തിരിച്ചുവന്നയുടൻ തന്നെ, മതി ഇനി ഇന്ത്യയുടെ സൈനികർ രാജ്യത്തു തുടരേണ്ടതില്ല എന്നൊരു തിട്ടൂരവും ഇറക്കി. അപ്പോഴാണ് മുയിസുവിന്റെ മന്ത്രിസഭയിൽ ചിലർക്ക് രാജാവിനേക്കാൾ വലിയ രാജഭക്തി ഉണ്ടായതും ഇന്ത്യൻ പ്രധാനമന്ത്രിയെ അപമാനിക്കും വിധത്തിൽ ചില പോസ്റ്റുകൾ അവരിൽ പുറത്തുവരുന്നതും, ഇന്ത്യാക്കാർ അതിനെതിരെ ശക്തമായി പ്രതികരിച്ചതും.

പണിപാളിയെന്ന് മാലെയിലെ പ്രതിപക്ഷത്തിനു കൃത്യമായി മനസ്സിലായി. സുനാമി ആഞ്ഞടിച്ച് ആകെ തകർന്ന മാലെദ്വീപ്, യഥാർത്ഥത്തിൽ ടൂറിസത്തെ മാത്രം ആശ്രയിച്ചു നിലനിൽക്കുന്ന ദ്വീപുസമൂഹമാണ്. ഇന്ത്യൻ മഹാസമുദ്രത്തിൽ ചിതറിക്കിടക്കുന്ന ദ്വീപുകളിൽ ഭൂരിപക്ഷവും ജനവാസയോഗ്യമായവയല്ല. കൃഷി ഏറെക്കുറെ അസാധ്യമായ ഇവിടുത്തുകാരുടെ, ആകെ നിലനിൽപ് ടൂറിസത്തെ ആശ്രയിച്ചാണ്. മരുന്നും, മറ്റെല്ലാ അവശ്യവസ്തുക്കളും എത്തേണ്ടത് അടുത്ത കരപ്രദേശമായ ഇന്ത്യയിൽ നിന്നാണ്. എന്നിട്ടും അവർ ഭരണം പിടിക്കാൻ വർഗീയവിഷം ചീറ്റി.

ഇന്ത്യക്കാർ ഒന്ന് ഉല്ലസിക്കാൻ, ഒരു ബീച്ച് ഡെസ്റ്റിനേഷൻ വിവാഹം നടത്താനൊക്കെ വിമാനം പിടിച്ചു ചെന്നിറങ്ങിയിരുന്നതു മാലെയിലേയ്ക്കായിരുന്നതു പഴങ്കഥയായി. സച്ചിൻ ഉൾപ്പെടെയുള്ളവർ പ്രതികരിച്ചു. ടൂറുകൾ ക്യാൻസൽ ചെയ്യപ്പെട്ടു. ടൂർ കമ്പനികൾ മാലെദ്വീപ് അവരുടെ ലിസ്റ്റിൽ നിന്നും ഒഴിവാക്കി.

എന്തായാലും ഇപ്പോൾ അന്നാ ചെയ്തതും പറഞ്ഞതും ഒന്നും വേണ്ടിരുന്നില്ലെന്ന് കുറഞ്ഞപക്ഷം മാലദ്വീപ് വിദേശകാര്യ മന്ത്രി സമ്മതിക്കും. കാരണം, മാലെയുടെ ആവശ്യപ്രകാരം 2024 – 2025 കാലഘട്ടത്തിലേക്കു വേണ്ട അവശ്യവസ്തുക്കൾ ഇന്ത്യൻ ഹൈക്കമ്മീഷൻ മാലദ്വീപിൽ എത്തിച്ചിരുന്നു. അതിനു നന്ദി പറഞ്ഞ് മാലദ്വീപ് വിദേശകാര്യ മന്ത്രി മൂസ സമീർ ഇന്ത്യൻ വിദേശകാര്യ മന്ത്രി എസ്. ജയശങ്കറിന് എക്സിലൂടെ നന്ദിയും അറിയിച്ചു.

ഇന്ദിരാഗാന്ധിയുടെ കാലം മുതൽ ഇന്ത്യ മാലെദ്വീപിനോട് സൗഹാർദപരമായിട്ടാണ് ഇടപെട്ടിട്ടുള്ളത്. ഒരു പട്ടാള അട്ടിമറി, ക്ഷണനേരത്തിൽ ഇന്ത്യൻ സേന അവസാനിപ്പിച്ചതും ചരിത്രത്തിൽ ഇടംപിടിച്ച കാര്യമാണല്ലോ. ജലദൗർലഭ്യം വന്നപ്പോൾ കുടിവെള്ളം അടക്കം നൽകി ആ ജനതയ്ക്കു കൈത്താങ്ങായ ഇന്ത്യയ്ക്കു നേരെ, തിരഞ്ഞെടുപ്പു ജയത്തിനായി വർഗീയത വിഷയമാക്കിയതും ശത്രുത തുടർന്നതും ശരിപക്ഷമല്ലെന്ന് മുഹമ്മദ് മുയിസുവും ഭരണപക്ഷവും ഓർത്താൻ നന്ന്. കാരണം മറ്റൊന്നുമല്ല, ഇപ്പോൾ ഈ ഒരൊറ്റ വിഷയം ഉണ്ടായശേഷം കാര്യമായ വികസന പ്രവർത്തനങ്ങൾ നടക്കുന്നത് ലക്ഷദ്വീപിലാണ്. ഇന്ത്യാക്കാർ ടൂർ പോകാനാഗ്രഹിക്കുന്ന ഇടങ്ങളിൽ ലക്ഷദ്വീപ് ഇടംപിടിച്ചു കഴിഞ്ഞു, ഒപ്പം ടൂറിസം രംഗത്ത് ധാരാളം നിക്ഷേപങ്ങളും ലക്ഷദ്വീപിലേക്ക് ഒഴുകുന്നു. മാലെയ്ക്കു ബദൽ ലക്ഷദ്വീപ് എന്നു ഇന്ത്യക്കാർ തീരുമാനിച്ചാൽ അതുകൊണ്ട് ഉണ്ടാകുന്ന കുറവ് മാലെയ്ക്കു തന്നെ ആയിരിക്കും. അങ്ങനെ ചിന്തിച്ചാൽ ഇത്തരം ഒരു വിവാദം ഇപ്പോൾ ശരിക്കും ഉപകാരപ്പെട്ടിരിക്കുന്നത് ലക്ഷദ്വീപിനാണ്.

നമ്മൾ കണ്ടതാണ് ശ്രീലങ്കയ്ക്കു സംഭവിച്ചത്. പെട്രോൾ വാങ്ങാനും അരി വാങ്ങാനുമൊക്കെ ജനങ്ങൾ ക്യൂ നിന്നു തളർന്നതും ചിലരൊക്കെ ക്യൂവിൽ തളർന്നു വീണു മരിച്ചതും നമ്മൾ അറിഞ്ഞതാണ്. ഇന്ത്യയോടുള്ള അന്ധമായ എതിർപ്പിന് ഇപ്പോൾ ശ്രീലങ്കയിൽ മാറ്റം വന്നിട്ടുണ്ട്. അതുപോലെ മാലെദ്വീപും, തൊട്ടുപിന്നാലെയുള്ള ബംഗ്ലാദേശും ഒക്കെ തിരിച്ചറിയുന്ന കാലം വരുമായിരിക്കും.

പിന്നെ, ഇത്തരത്തിൽ പിന്നിൽനിന്നും കുത്തുന്ന അയൽക്കാരെ എത്രമാത്രം നമ്മൾ സഹിക്കണം, സഹായിക്കണം എന്ന ചോദ്യം ബാക്കി നിൽപ്പുണ്ട്.



**ജോർജ് ജോസഫ്**
ചീഫ് എഡിറ്റർ



**സുനിൽ ട്രൈസ്റ്റാർ**
മാനേജിംഗ് എഡിറ്റർ

# ഇന്ത്യൻ അമേരിക്കൻ ഇമ്പാക്ട് 35 സ്ഥാനാർഥികളെ എൻഡോഴ്സ് ചെയ്തു

യുഎസ് രാഷ്ട്രീയത്തിൽ ഇന്ത്യൻ അമേരിക്കൻ-ദക്ഷിണേഷ്യൻ അമേരിക്കൻ സാന്നിധ്യം വർധിപ്പിക്കാൻ പിന്തുണ നൽകുന്ന പ്രമുഖ അഡ്വക്കസി ഗ്രൂപ്പായ ഇന്ത്യൻ അമേരിക്കൻ ഇമ്പാക്ട് 2024 തിരഞ്ഞെടുപ്പിൽ മത്സരിക്കുന്ന 35 സ്ഥാനാർഥികളെ എൻഡോഴ്സ് ചെയ്തു.

യുഎസ് കോൺഗ്രസിൽ ആദ്യമായി എത്തിയ ദക്ഷിണേഷ്യൻ വനിത പ്രമീള ജയപാൽ (വാഷിംഗ്ടൺ ണഅ07), ന്യൂ ജേഴ്സിയിലെ ഹോബോകെൻ മേയർ രവി ഭള്ള എന്നിവർ അതിൽ ഉൾപ്പെടുന്നു. ഡെമോക്രാറ്റിക് പ്രൈമറി കടന്നു നവംബറിൽ വിജയവും കണ്ടാൽ ഭള്ള സംസ്ഥാനത്തു നിന്നു യുഎസ് കോൺഗ്രസിൽ എത്തുന്ന ആദ്യത്തെ ദക്ഷിണേഷ്യൻ ആവും.

ജയപാൽ അഞ്ചാമത്തെ മത്സരത്തിലാണ്. കോൺഗ്രെഷണൽ പ്രോഗ്രെസീവ് കോക്കസിന്റെ അധ്യക്ഷ എന്ന നിലയിൽ സുപ്രധാന നിയമനിര്മാണത്തിൽ അവർ സജീവ പങ്കു വഹിച്ചു.

ഭള്ള മത്സരിക്കുന്ന ന്യൂ ജേഴ്സി ഡിസ്ട്രിക്ട് 8ൽ 50,000 ദക്ഷിണേഷ്യൻ വംശജരുടെ സാന്നിധ്യമുണ്ട്. സിഖ് വംശജനായ അദ്ദേഹം കഠിനാധ്വാനവും നീതിബോധവും കൊണ്ട് ശ്രദ്ധേയനായ അഭിഭാഷകനാണ്.

"ദക്ഷിണേഷ്യൻ അമേരിക്കൻ പൗരന്മാർ പൊതുജീവിതത്തിൽ നേതൃസ്ഥാനത്തേക്ക് കൂടുതലായി വന്നു കൊണ്ടിരിക്കുന്നു," ഇന്ത്യൻ അമേരിക്കൻ ഇമ്പാക്ട് നാഷനൽ പൊളിറ്റിക്കൽ ഡയറക്ടർ താഹിർ ഹസനാലി പറഞ്ഞു. "ആറു സംസ്ഥാനങ്ങളിൽ ഭരണകൂടങ്ങളുടെ നേതൃത്വത്തിലേക്കു മത്സരിക്കുന്ന 11 ഇന്ത്യൻ-ദക്ഷിണേഷ്യൻ അമേരിക്കൻ സ്ഥാനാർഥികളെ എൻഡോഴ്സ് ചെയ്യാൻ ഇന്നു ഞങ്ങൾക്കു അഭിമാനമുണ്ട്."

ഏറ്റവും ഒടുവിൽ എൻഡോഴ്സ് ചെയ്ത 11 പേർ:

അരിസോണയിൽ: വീണ്ടും മല്സരിക്കുന്ന ടസ്കൻ യൂണിഫൈഡ് സ്കൂൾ ഡിസ്ട്രിക്ട് ഗവേണിംഗ് ബോർഡ് അംഗം ഡോക്ടർ രവി ഷാ.

ജോർജിയയിൽ: സ്റേറ് സെനറ്ററിലേക്കു ഡിസ്ട്രിക്ട് 48ൽ അശ്വിൻ രാമസ്വാമി.

ന്യൂ യോർക്ക്: സ്റ്റേറ്റ് അസംബ്ലി ഡിസ്ട്രിക്ട് 36ൽ വീണ്ടും വിജയം തേടുന്ന സോഹ്രാൻ മംദാനി.

സ്റ്റേറ്റ് സെനറ്റ് ഡിസ്ട്രിക്ട് 56ൽ വീണ്ടും മത്സരിക്കുന്ന ജെറെമി കൂണി.

ഒഹായോ: പർവീൺ പാരിഖ് -- ഹാമിൽട്ടൺ കൗണ്ടി ക്ലാർക് ഓഫ് കോർട്സിൽ നിലവിലെ അംഗം, വീണ്ടും മത്സരത്തിൽ.

പെൻസിൽവേനിയ: സ്റേറ് സെനറ്റ് ഡിസ്ട്രിക്ട് 1 അംഗമായ നിഖിൽ സാവൾ വീണ്ടും മത്സരിക്കുന്നു.

ടെക്സസ്: കോളിൻ സെൻട്രൽ അപ്രൈസൽ ഡിസ്ട്രിക്ട് ബോർഡ് ഓഫ് ഡയറക്റ്റേഴ്സ് അംഗം സമ്പൽ സെബ്.

ഫോർട്ട് ബെൻഡ് കൗണ്ടി പ്രെസിൻക്ട് 3 കമ്മിഷണർ സ്ഥാനം തേടുന്ന തരാൾ പട്ടേൽ.

ഫോർട്ട് ബെൻഡ് കൗണ്ടി പ്രെസിൻക്ട് 3 കോൺസ്റ്റബിൾ നബീൽ ഷിക്കേ വീണ്ടും മത്സരിക്കുന്നു.

ആഷിക ഗാംഗുലി -- ഓസ്റ്റിൻ സിറ്റി കൗൺസിലിലേക്കു ഡിസ്ട്രിക്ട് 10ൽ സ്ഥാനാർഥി.

സ്റേറ് ഹൗസ് ഡിസ്ട്രിക്ട് 76 ലെ അംഗം സുലൈമാൻ ലാലാനി ഒരിക്കൽ കൂടി വിജയം തേടുന്നു.




പുതിയ കാഴ്ചപ്പാട്,
തെളിയിക്കപ്പെട്ട
മികച്ച നേതൃപാടവം
ഫോമയെ പുതിയ
തലത്തിലേക്കുയർത്തുവാൻ
വ്യക്തമായ കർമ്മപരിപാടികൾ
തോമസ് ടി ഉമ്മൻ
ഫോമാ പ്രസിഡന്റ്
സ്ഥാനത്തേക്ക് (2024 – 26)
സാദരം നിങ്ങളുടെ
പിന്തുണ അഭ്യർത്ഥിക്കുന്നു

# ഐ പി സി എൻ എ ഹൂസ്റ്റൻ ചാപ്റ്റർ പ്രവർത്തനോൽഘാടനം പ്രൗഢഗംഭീരം

ഹൂസ്റ്റൻ: ഇൻഡ്യാ പ്രസ്ക്ലബ് ഓഫ് നോർത്ത് അമേരിക്ക ഹൂസ്റ്റൻ ചാപ്റ്റർ പ്രവർത്തോൽഘാടനം പ്രൗഢഗംഭീരമായി നടത്തപ്പെട്ടു. സ്റ്റാഫോർഡിലെ "നേർക്കാഴ്ച" ഓഡിറ്റോറിയത്തിൽ സംഘടിപ്പിച്ച യോഗത്തിൽ ചാപ്റ്റർ പ്രസിഡൻറ് സൈമൺ വാളച്ചേരിൽ അദ്ധ്യക്ഷനായിരുന്നു . ഏഷ്യാനെറ്റ് ന്യൂസ് വൈസ് പ്രസിഡൻറ് അനിൽ അടൂർ മുഖ്യാതിത്ഥി ആയിരുന്നു. സ്റ്റാഫോർഡ് സിറ്റി മേയർ കെൻ മാത്യു, മിസോറി സിറ്റി മേയർ റോബിൻ ഇലക്കാട്ട്, ഐ പി സിഎൻ എ നാഷണൽ പ്രസിഡൻറ് സുനിൽ ട്രൈസ്റ്റാർ, നാഷണൽ സെക്രട്ടറി ഷിജോ പൗലോസ്, മലയാളി അസോസി യേഷൻ പ്രസിഡൻറ് മാത്യു മുണ്ടക്കൽ, സൗത്ത് ഇൻഡ്യൻ ചേംബർ ഓഫ് കോമേഴ്സ് പ്രസിഡൻറ് സണ്ണി കാരിക്കൽ നേർക്കാഴ്ച പേട്രൺ മെമ്പർ ജോസഫ് മില്ലിൽ എന്നിവർ പ്രത്യേക അതിഥികളായിരുന്നു.

ഇന്ന് വാർത്തകൾ വിശ്വസിക്കാൻ കഴിയാത്ത നിലയിലേക്ക് മാധ്യമരംഗം അധപതിച്ചിരിക്കുന്നു എന്നും അതിനെതിരെ മാധ്യമ പ്രവർത്തകർ ജാഗ്രത കാണിക്കണമെന്നും അനിൽ അടൂർ അദ്ദേഹത്തിൻറെ ഉൽഘാടന പ്രസംഗത്തിൽ ഓർമ്മിപ്പിച്ചു. കൂടാതെ മാധ്യമ പ്രവർത്തകരായി ഇന്നത്തെ യുവാക്കളാരും കടന്നുവരാത്തതും ചിന്തനീയ മായ വിഷയമാണ് എന്നും അനിൽ ഓർമ്മപ്പെടുത്തി. അദ്ദേഹത്തോടൊപ്പം മേയർ കെൻ മാത്യു, മേയർ റോബിൻ ഇലക്കാട്ട്, പ്രസ്ക്ലബ് ദേശീയ പ്രസിഡൻറ് സുനിൽ ട്രൈസ്റ്റാർ, സെക്രട്ടറി ഷിജോ പൗലോസ് സൈമൺ വാളച്ചേരിൽ എന്നിവർ ഭദ്രദീപം കൊളുത്തി.

ചാപ്റ്റർ പ്രഡിഡന്റ് സൈമൺ വാളച്ചേരിൽ സ്വാഗതം ആശംസിച്ചു. ആൾബലം കൊണ്ടും പ്രവർത്തനങ്ങൾ കൊണ്ടും അമേരിക്കയിലെ ഏറ്റവും മുൻപന്തിയിൽ നിൽക്കുന്ന ചാപ്റ്ററാണ് ഹൂസ്റ്റൻ എന്നത് അഭിമാനകരമെന്ന് സുനിൽ ട്രൈസ്റ്റാർ പറഞ്ഞു. ഈ പരിപാടിയിൽ പങ്കെടുക്കാനായത് അഭിമാനാർഹമെന്ന് ഷിജോ പൗലോസും പ്രതികരിച്ചു. മുഖ്യാതിഥി അനിൽ അടൂരിനെ നാഷണൽ വൈസ് പ്രസിഡൻറ് അനിൽ ആറന്മുള സദസിനു പരിചയപ്പെടുത്തി.

ജോയി തുമ്പമണ്ണിൻറെ പ്രാർത്ഥനയോടെ ആരംഭിച്ച യോഗം ചാപ്റ്റർ സെക്രട്ടറി മോട്ടിമാത്യുവിന്റെ നന്ദി പ്രകടനത്തോടെ അവസാനിച്ചു.

ചാപ്റ്റർ ട്രഷറർ അജു വാരിക്കാട് മറ്റു ഭാരവാഹികളായ ജീമോൻ റാന്നി, ജോർജ് തെക്കേമല, ജിജു കുളങ്ങര, ഫിന്നി രാജു, ജോൺ വർഗീസ്, ജോർജ് പോൾ, സുബിൻ ബാലകൃഷ്ണൻ എന്നിവർ പങ്കെടുത്തു. സജി പുല്ലാട് എഴുതി സംഗീതം നൽകി മീഡിയാ ഗാനം ആലപിച്ചു. റെയ്ന സുനിൽ എംസി ആയിരുന്നു.

അനിൽ ആറന്മുള









# ഐ പി സി എൻ എ ഹൂസ്റ്റൻ ചാപ്റ്റർ പ്രവർത്തനോൽഘാടനം













Blue Ocean Wealth Solutions
2200 Northern Blvd. Suite 200
East Hills, NY 11548
Ph: 516-326-7033
Cell: 516-902-4300
Fax: 516-326-7055
Slukose@financialguide.com
www.sabulukose.com

NAIFA

Member MDRT®

Blue Ocean Wealth Solutions

A member of the MassMutual Financial Group

**SABU LUKOSE, MBA**

Financial Services Representative
Financial Advisor
Registered Representa5ve
Platinum Conference
Member Million Dollar Round Table (MDRT)

Retirement Planning
Investment Strategies
Life Insurance
Education Funding
Business Solutions
Estate Conservation Strategies

☎ : 516-902-4300

MassMutual Financial Group is a marketing name for Massachusetts Mutual Life Insurance Company (MassMutual) and its affiliated companies and sales representatives. Sabu Lukose is a registered representative of and offers securities and investment advisory services through MSI Financial Services, Inc. Member SIPC. Some health insurance products offered by unaffiliated insurers. L0916477867[exp0717][AZ,IL,IN,KS,MA,MD,MI,NJ,NY,PA,TX] .

# ഫൊക്കാന ഇലക്ഷൻ പത്രിക സമർപ്പിക്കേണ്ട അവസാന തീയതി ജൂൺ 3; രണ്ട് നിരീക്ഷകരെ നിയമിച്ചു

**ഫിലിപ്പോസ് ഫിലിപ്പ്**




ന്യൂ യോർക്ക്: ഫൊക്കാനയുടെ 2024 –2026 ലേക്കുള്ള ജനറൽ ഇലക്ഷനും ജനറൽ ബോഡി മീറ്റിങ്ങും ജൂലൈ 19 ന് വെള്ളിയാഴിച്ച രാവിലെ 8 മണി മുതൽ നോർത്ത് ബെഥസ്ഡ മോണ്ട്ഗോമറി കൗണ്ടി കൺവെൻഷൻ സെന്റർ അറ്റ് മാരിയറ്റിൽ ഫൊക്കാനാ നാഷണൽ കൺവൻഷനിൽ വെച്ച് നടത്തുന്നതാണെന്ന് തിരഞ്ഞെടുപ്പു കമ്മറ്റി അറിയിച്ചു.

2022 ൽ അംഗത്വം പുതുക്കിട്ടുള്ള എല്ലാ അംഗ സംഘടനകൾകും തിരഞ്ഞെടുപ്പ് വിജ്ഞാപനവും അംഗത്വ അപേക്ഷകളും നോമിനഷൻ ഫോറങ്ങളും മെയ് 1 ന് മുൻപായി അയച്ചു കൊടുക്കുന്നതാണെന്ന് ഇലക്ഷൻ കമ്മിറ്റി ചെയർമാൻ ഫിലിപ്പോസ് ഫിലിപ്പ് പത്രകുറുപ്പിൽ അറിയിച്ചു. ഫ്ലോറിഡയിൽ നിന്നുള്ള ഫൊക്കാന മുൻ പ്രസിഡന്റ് ജോർജി വർഗീസ്, ട്രസ്റ്റീ ബോർഡ് മെംബർ ജോജി തോമസ് എന്നിവർ ഇലക്ഷൻ കമ്മറ്റി അംഗങ്ങൾ ആണ്. ഫൊക്കാനയുടെ ഭരണഘടന പ്രകാരം തിരഞ്ഞെടുപ്പ് പ്രക്രിയ സൂക്ഷ്മവും സുതാര്യവും കുറ്റമറ്റതും ആയിരിക്കുമെന്ന് മൂന്നംഗ തിരഞ്ഞെടുപ്പു കമ്മറ്റി അറിയിച്ചു.

ഫൊക്കാന എക്സിക്യൂട്ടീവ് കമ്മിറ്റിയിലേക്കും, നാഷണൽ കമ്മിറ്റിയിലേക്കും ബോർഡ് ഓഫ് ട്രസ്റ്റീയിലേക്കും മത്സരിക്കുവാൻ ആഗ്രഹിക്കുന്നവരും, അംഗത്വം പുതുക്കുന്നതിന് അംഗ സംഘടനകൾക്കും അപേക്ഷകളും നോമിനഷൻ ഫോറങ്ങളും ളീസമിമീഹശില.ീൃഴ ൽ നിന്നും ലഭ്യമാക്കുന്നതാണ്

ഫൊക്കാനയിൽ അംഗങ്ങൾ ആയിരുന്ന എല്ലാ സംഘടനകൾക്കും അംഗത്വം പുതുക്കുന്നതിനും ജനറൽ കൌൺസിലേക്ക് അംഗങ്ങളെ അയക്കുന്നതിനും ഇലക്ഷനിൽ പങ്കെടുക്കുന്നതിനും അവസരം ഉണ്ടായിരിക്കും. രണ്ടു വർഷമായി അംഗത്വം മുടങ്ങിയ സംഘടനകൾക്ക് ഫൈൻ അടച്ചു അംഗത്വം പുതുക്കാവുന്നതാണ്.

അംഗത്വം പുതുക്കുന്നതിനുള്ള അപേക്ഷകളകളും ഡെലിഗേറ്റ് ലിസ്റ്റും മെയ് 18 ന് മുൻപായി കിട്ടിയിരിക്കണം. തെരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിനുള്ള നോമിനേഷനുകൾ ജൂൺ 3 ന് മുൻപായി ഇലക്ഷൻ കമ്മിറ്റി ചെയർമാൻ ഫിലിപ്പോസ് ഫിലിപ്പിന് FOKANA, PO. BOX 261 , Valley Cottage , NY 10989 എന്ന വിലാസത്തിൽ ലഭ്യമാകേണ്ടാതാണ്. നോമിനേഷൻ പിൻവലിക്കാനുള്ള അവസാന തീയതി 2024 ജൂൺ 20. സ്ഥാനാർഥികളുടെ ആദ്യ ലിസ്റ്റ് ജൂൺ 27 നും ഫൈനൽ ലിസ്റ്റ് 4 ജൂലൈ 2 നും പ്രസിദ്ധികരിക്കുന്നതാണ്.

ഇലക്ഷൻ ഫൊക്കാനയുടെ ബൈലോ അനുസരിച്ചു മാത്രം ആണ് നടത്തുന്നത് . ഡെലിഗേറ്റ് / സ്ഥാനാർഥികൾ ഏത് സ്ഥാനത്തേക്ക് നോമിനേറ്റ് ചെയ്താലും അത് അവരുടെ ലോക്കൽ അസോസിയേഷനിൽ നിന്ന് മാത്രമേ അനുവദിക്കുകയുള്ളു. എത്ര ഡെലിഗേറ്റിനെ അയക്കാം എന്നത് അവരുടെ മെമ്പർഷിപ്പ് ലിസ്റ്റ് അനുസരിച്ചു ആയിരിക്കും.

മുൻ പ്രസിഡന്റ് കമാണ്ടർ ജോർജ് കോരതിനെയും, ന്യൂ യോർക്കിൽ നിന്നുള്ള ഫൊക്കാനയുടെ സീനിയർ നേതാവ് വർഗീസ് പോത്താനിക്കാടിനെയും ഇലക്ഷൻ ഡേ നിരീക്ഷകരായി ഇലക്ഷൻ കമ്മിറ്റി നിയമിച്ചിട്ടുണ്ട്.

ഫൊക്കാന ബൈ ലോ അനുസരിച്ചു നിഷ്പക്ഷവും സുതാര്യവുമായ ഇലക്ഷൻ നടത്തുക എന്നതാണ് ഇലക്ഷൻ കമ്മീഷന്റെ ലക്ഷ്യമെന്നും, അതിന് വിട്ട് വീഴ്ചക്കും തയാർ അല്ലെന്നും ഇലക്ഷൻ കമ്മീഷണർ അറിയിച്ചു.





FEDERATION OF KERALA ASSOCIATION IN NORTH AMERICA
ESTD 1983
FOKANA's 21st
National Convention
2024
July 18 to 20
Venue: Montgomery County Conference Center,
5701 Marinelli Rd, North Bethesda, MD 20852
We invite you to be a part of this historic event by taking advantage of our early bird registration fees:
- Family (2 adults and kids): $999
- 2 Adults: $699
- Individual: $599
Please note that the early bird registration deadline is January 31, 2024. After Jan 31st, registration fees:
- Family (2 adults and kids): $1499
- 2 Adults: $1099
- Individual: $899
ONE FOKANA Forever
DR. BABU STEPHEN
President
DR. KALA SHAHI, MD.PHD
General Secretary
MR. BIJU JOHN
Treasurer
JOHNSON THANKACHAN
Convention Chair
Kala Shahi
Secretary
2023598427
Biju John
Treasurer
(516) 445-1873
Johnson Thankachan
Convention Chair
8049311265

# തീവണ്ടിയിലെ സുരക്ഷ ...
## അതിഥി തൊഴിലാളികളുടെ കൈയ്യാൽ
# രണ്ട് മരണങ്ങൾ



**ജോളി അടിമത്ര**

**ഉയരുന്ന ശബ്ദം – 109**

നടുക്കത്തോടെയാണ് കേരളം ആ വാർത്തകൾ കേട്ടത്.എറണാകുളത്തെ രണ്ടു വിനോദ്മാരാണ് വത്യസ്ഥസംഭവങ്ങളിൽ അന്യസംസ്ഥാനത്തൊഴിലാളികളുടെ ആക്രമണത്തിൽ കഴിഞ്ഞ ദിവസം കൊല്ലപ്പെട്ടത്.പട്ടി കുരച്ചതിനെ ചൊല്ലിയുള്ള തർക്കമാണ് ആദ്യത്തേത്.അടുത്തത് ടിക്കറ്റ് ചോദിച്ചതിന് ടിക്കറ്റ് എക്സാമിനറെ ഓടുന്ന തീവണ്ടിയിൽനിന്ന് തള്ളിയിട്ട് കൊല്ലുക..എത്ര ലാഘവത്തോടെയാണ് ആ കൊലപാതകങ്ങൾ.എട്ടുവർഷത്തോളം സ്ഥിരം തീവണ്ടിയാത്രക്കാരിയായിരുന്ന എനിക്ക് വല്ലാത്തൊരു ഞെട്ടലാണ് ആ വാർത്ത നൽകിയത്. കേരളത്തിലെ ട്രെയിൻ യാത്രയ്ക്ക് എന്തു സുരക്ഷയാണ് റെയിൽവേ നൽകുന്നത് ? .കൂടുതൽ വരുമാനം റെയിൽവേയ്ക്ക് നൽകുന്ന സംസ്ഥാനങ്ങളിൽ മുന്നിലാണ് കേരളം. കാരണം ടിക്കറ്റെടുക്കാതെ യാത്ര ചെയ്യുന്നവർ കേരളത്തിൽ വിരളമാണ്.ആയിരങ്ങൾ ദിവസവും ഉപയോഗിക്കുന്ന ജനശതാബ്ധിയിൽ ടിക്കറ്റ് കിട്ടാനില്ല.ടിക്കറ്റ് ചാർജ്ജ് വളരെ കൂടുതലുള്ള വന്ദേഭാരതിൽ ആഴ്ചകൾക്കു മുമ്പേ ടിക്കറ്റ് തീരുന്ന അവസ്ഥ.അതാണ് കേരളം.പിന്നെ സ്റ്റേഷനിൽ വരുമ്പോഴേക്കും ട്രെയിൻ വന്നാൽ ടിക്കറ്റ് എടുക്കാനാവാതെ രണ്ടും കൽപ്പിച്ച് ഓടിച്ചെന്ന് കേറുന്ന സാഹസികർ മാത്രമാണ് റെയിൽവേയ്ക്ക് കടക്കാരനാകുന്നത്.അത്ര പക്കായാണ് കേരളത്തിലെ പൗരൻമാരും അവരുടെ നിയമബോധവും എന്നു സാരം.എട്ടുവർഷം ആഴ്ചയിൽ ഒരിക്കൽ കോട്ടയത്തിനും തിരിച്ച് കോഴിക്കോടിനും രാത്രി യാത്രക്കാരിയായിരുന്നു ഞാൻ .16347,16348 എന്നീ ട്രെയിൻ നമ്പറുകൾ ജീവിതത്തിന്റെ ഭാഗമായ വർഷങ്ങൾ.ശനിയാഴ്ച വൈകീട്ട് ആറരയ്ക്ക് കോഴിക്കോട്ടുനിന്ന് തിരിച്ചാൽ അർധരാത്രി കോട്ടയത്തെത്തും.പിറ്റേന്ന് ഞായറാഴ്ച അർധരാത്രി കോട്ടയത്തുനിന്ന് അതേ ട്രെയിനിൽ കയറും.രാവിലെ കോഴിക്കോട്ടെത്തും. റിസർവേഷൻ ചെയ്ത ദിവസങ്ങളിലൊക്കെ അത് ക്യാൻസൽ ചെയ്ത് ഞായറാഴ്ചയും ഓഫീസിൽ ഇരിക്കേണ്ട അവസ്ഥ വന്നു .പണനഷ്ടവും മനപ്രയാസവും പതിവായപ്പോൾ പിന്നെ ലേഡീസ് കംമ്പാർട്ടുമെന്റിന്റെ ഇത്തിരി വട്ടമായി ആശ്രയം.അതൊരു വിചിത്ര ലോകമാണ്.രസകരമായ അനുഭവങ്ങൾ ഒരായിരമുണ്ട്.

തീവണ്ടിയുടെ വാലറ്റത്താണ് മിക്കപ്പോഴും ലേഡീസ് കമ്പാർട്ടുമെന്റ്.പിന്നിലെ കമ്പാർട്ടുമെന്റിലെ ഗാർഡാണ് സ്ത്രീകളുടെ സുരക്ഷാകേന്ദ്രം.ഓരോ സ്റ്റേഷനിലും ട്രെയിൻ നിർത്തുമ്പോൾ അദ്ദേഹം ഇറങ്ങിവന്ന് വാതിലടയ്ക്കൂ,വാതിൽക്കൽ ഇരുന്ന് യാത്ര ചെയ്യരുത് തുടങ്ങിയ ഉപദേശങ്ങൾ തന്ന് " ഞാനിവിടുണ്ടേ,ഒന്നുകൊണ്ടും പേടിക്കേണ്ട " എന്ന് പറയാതെ പറയുകയാണ്.നടുവിലെ ലേഡീസ് കമ്പാർട്ടുമെന്റിൽ യാത്ര ചെയ്ത സ്ത്രീകളെപ്പോലും ഉപദ്രവിച്ച വാർത്തകൾ വന്നതോടെ വാതിലടച്ച് ഞങ്ങൾ ഉറങ്ങാതെ ഉറങ്ങി നേരം വെളുപ്പിച്ചു.അതിനിടയിൽ സീറ്റുതർക്കം,ഉറങ്ങിതോളിലേക്കു വീഴുന്നു,തുടങ്ങിയ ബഹളങ്ങൾ,വഴക്കുകൾ.മലബാറിൽ ജോലിചെയ്ത് മടങ്ങുന്ന " തിരുവന്തോരം " കാരായ ഹോം നഴ്സുമാരുടെ പരസ്പരമുള്ള അനുഭവകഥകൾ പങ്കുവയ്ക്കലുകൾ..ആർസിസിയിലേക്കു ചികിത്സയ്ക്കു പോകുന്ന രോഗികളുടെ ആകുലതകൾ....

ഒരിക്കൽ വല്ലാതെ പേടിപ്പിച്ചുകളഞ്ഞ സംഭവമുണ്ടായി.തീവണ്ടി തിരൂർ സ്റ്റേഷൻ വിട്ടതും സ്പീഡെടുക്കും മുമ്പ് ഒരാൾ ഓടിവന്ന് ലേഡീസ്കമ്പാർട്ടുമെന്റിൽ കയറി.ചാടിക്കയറ്റം കണ്ടപ്പോഴേ മനസ്സിലായി അയാൾ ഓടുംവണ്ടിയിൽ ചാടിക്കയറാൻ എക്സ്പർട്ട് ആണെന്ന്.കണ്ടാൽതന്നെ ആ മുഖത്തെ ക്രൂരത മനസ്സിലാകും.ടോയ്‌ലറ്റിന്റെ അരികുചേർന്ന് നിൽപ്പായി ആദ്യം.സ്ത്രീകൾക്ക് ടോയ്‌ലറ്റിൽ പോകാനും വാഷ്ബേസിൻ ഉപയോഗിക്കാനും പേടിയായി..കമ്പാർട്ട്മെന്റ് നന്നേ ഇടുങ്ങിയതാണ്.ആളുകൾ ഞെങ്ങിഞെരുങ്ങിയാണ് ഇരിക്കുന്നത്.ഒരു സ്ത്രീ അയാളെ നോക്കിയിട്ടു പറഞ്ഞു " ചേട്ടാ,അടുത്ത സ്റ്റേഷനിൽ ഇറങ്ങി മാറിക്കയറണേ.ഇത് ലേഡീസാണ് കേട്ടോ ". അയാൾ കമ്പാർട്ടുമെന്റിന്റെ നടുവിലേക്കുവന്ന് ഒറ്റ അലർച്ച. " ഇറങ്ങിയില്ലെങ്കിൽ നീയെന്നെ വിഴുങ്ങുവോടീ..ഞാനാരാന്ന് നിനക്കൊന്നുമറിയില്ല ".അലർച്ച കേട്ടതോടെ എല്ലാവരും പേടിച്ചു.അയാൾ അടുത്തടുത്ത് വന്നുകൊണ്ടിരുന്നു.അറ്റത്തെ ക്യാബിനിലിരുന്ന ഞാൻ പെട്ടെന്ന് എണീറ്റ് സുരക്ഷാചെയിൻ പിടിച്ച് ആഞ്ഞ് ഒരു വലി.ഇപ്പം ട്രെയിൻ നിൽക്കും,മിടുക്കി എന്ന ശുഭപ്രതീക്ഷയിൽ സഹയാത്രികർ എന്നെ സന്തോഷത്തോടെ നോക്കി. ചെയിൻ അനങ്ങിപോലുമില്ല.ഞാൻ വീണ്ടും സർവ്വശക്തിയുമെടുത്ത് ആഞ്ഞാഞ്ഞു വലിച്ചുകൊണ്ടിരുന്നു.ഒരനക്കവുമില്ല."" വലിയെടീ വലി.നീ എന്നാ കാണിക്കാനാ.അവടെ ഒരു വലി "",അയാൾ എനിക്കുനേരെ ആക്രോശിക്കാൻ തുടങ്ങി.ഏതാണ്ട് 20 മിനുട്ട് കഴിഞ്ഞാലേ അടുത്ത സ്റ്റേഷനായ കുറ്റിപ്പുറത്തെത്തുകയുള്ളൂ.








""ജയിലിൽ നിന്ന് ഇറങ്ങിയതേയുള്ളെടീ ഞാൻ.അങ്ങോട്ടു തിരിച്ചുപോകാൻ എനിക്ക് പേടിയൊന്നുമില്ല.അരയിൽ കത്തിയുണ്ട്,കാണണോടീ..""",

അയാൾ വീരസാഹിത്യങ്ങൾ അടിച്ചുവിട്ട് ഞങ്ങളെ ഭീതിയിലാഴ്ത്തിക്കൊണ്ടിരുന്നു..ഒന്നും പ്രതികരിക്കരുതെന്ന് ഞാൻ സഹയാത്രികരെ കണ്ണടച്ചുകാണിച്ചു.എങ്ങനെയും അടുത്ത സ്റ്റേഷനെത്തിയാൽ മതിയെന്ന് പ്രാർത്ഥിക്കുകയാണ് എല്ലാവരും.സത്യത്തിൽ ആരോഗ്യമുള്ള പത്തുനാൽപ്പതു പെണ്ണുങ്ങൾ അതിനുള്ളിലുണ്ട്.എല്ലാവരുംകൂടെ ഒത്തുപിടിച്ചാൽ അയാളെ ചവിട്ടിക്കൂട്ടാനുള്ളതേയുള്ളു.പക്ഷേ ഒരു സാങ്കൽപ്പിക കത്തി അയാളുടെ അരയിൽക്കിടന്ന് പല്ലിളിക്കുന്നുണ്ട്.കഞ്ചാവുപോലുള്ള ലഹരി അകത്തുള്ള മട്ടാണ്.വല്ലതും കാണിച്ചാൽ ..ജീവൻ വച്ചുള്ള കളിയല്ലേ.

"" വീട്ടിൽ കെട്ടിയവൻമാരുടെ തല ചാടിപ്പറിക്കുന്ന പെണ്ണുങ്ങളുടെ ധൈര്യമൊക്കെ ശൂ"" ,ഒരു വൃദ്ധ ശബ്ദം താഴ്ത്തി പറഞ്ഞു.ആശങ്കയ്ക്കിടയിലും പെണ്ണുങ്ങൾ പരസ്പരം നോക്കി ചിരിച്ചുപോയി.

അങ്ങനെ കുററിപ്പുറം സ്റ്റേഷൻ അടുക്കുന്നു.ട്രെയിൻ സ്പീഡ് കുറച്ചു.വാതിലിൽ നിന്ന് ഒറ്റനിമിഷംകൊണ്ട് അയാൾ ഇരുട്ടിലേക്ക് കൂപ്പുകുത്തി.കുറ്റിപ്പുറത്ത് നിർത്തിയതും ഗാർഡ് എത്തി. എല്ലാവരുംകൂടെ സംഭവം വിവരിച്ചു.ആ പാവം എന്തുചെയ്യാൻ..ഒരുകാര്യം അദ്ദേഹം ഉറപ്പിച്ചു പറഞ്ഞു.

"സ്ഥിരം തട്ടിപ്പുകാരനായിരിക്കണം ,സൂക്ഷിക്കണം.ആളുകൾ കയറിക്കഴിഞ്ഞാൽ വാതിൽ അടച്ച് ലോക്കിടുക".

അതെ അതേ ചെയ്യാനുള്ളൂ.

കേരളത്തിലെ സ്ത്രീകളുടെ ഏറ്റവും വലിയ ആനന്ദം യാത്രകളിൽ അവരുടെ ആഭരണം പ്രദർശിപ്പിക്കലാണ്.തുടലുപോലുള്ള മാലയും വലിയ ജിമുക്കിയുമിട്ട് പത്രാസ് കാട്ടിയുള്ള ആ ഇരുപ്പ് !.കവർച്ചക്കാരെ മാടിവിളിക്കുകയാണെന്ന് എന്താണിവർ ഇനിയും മനസ്സിലാക്കാത്തത്. ഞാൻ യാത്രചെയ്ത വർഷങ്ങളിൽ വിരലിലെണ്ണാവുന്ന തവണമാത്രമെ ലേഡീസ് കമ്പാർട്ടുമെന്റിൽ ടിക്കറ്റ് പരിശോധകൻ വന്നിട്ടുള്ളൂ എന്നത് മറ്റൊരു രഹസ്യം.സ്ത്രീകൾ സത്യസന്ധരാണെന്ന തോന്നലാവണം കാരണം ! .കരുണയില്ലാത്ത ടിടിഇമാരെയും മനസ്സലിവുള്ള ടിടിഇമാരെയും യാത്രകളിൽ ധാരാളം കണ്ടിട്ടുണ്ട്.

കെ.വിനോദ് എന്ന കൊല്ലപ്പെട്ട ടി ടി ഇ അദ്ദേഹത്തിന്റെ ഡ്യൂട്ടിമാത്രമാണ് ചെയ്തത്. റിസർവേഷൻ കോച്ചിൽ ടിക്കറ്റ് ഇല്ലാതെ യാത്രചെയ്തയാളിന് പിഴയിടുക റെയിൽവേയുടെ നിയമമാണ്.ഒഡീഷ സ്വദേശിയായ രജനീകാന്ത് മദ്യപിച്ച് നിലതെറ്റിയ അവസ്ഥയിലായിരുന്നു.ചോദ്യംചെയ്യുന്നതിനിടെ അപായപ്പെടും എന്ന ഉറപ്പോടെതന്നെ ടിടിഇ-യെ രജനീകാന്ത് രണ്ടുക്കൈകൊണ്ടും ശക്തമായി വാതിലിനുപുറത്തേക്ക് തള്ളിയിടുകയായിരുന്നു.അന്യസംസ്ഥാനത്തൊഴിലാളിയെ അങ്ങനെയൊന്നും വിളിക്കാൻ പാടില്ലെന്ന നിയമം ഇവിടുണ്ട്.അവർ അതിഥികളാണത്രേ.അതിഥികൾ വീട്ടുകാരെ നിർദ്ദയം കൊല്ലുന്ന കാഴ്ചകൾ പെരുകുകയാണ്.കഴിഞ്ഞദിവസം എറണാകുളത്ത് അതിദാരുണമായ മറ്റൊരു സംഭവം നടന്നിരുന്നു.അയൽപക്കത്തെ വളർത്തുനായ കുരച്ചതിന് തൊട്ടടുത്ത് താമസിക്കുന്ന അന്യസംസ്ഥാനക്കാർ രോഷാകുലരായി .നായയെ അവർ ചെരിപ്പുകൊണ്ട് എറിഞ്ഞു.അതിനെ ചോദ്യംചെയ്ത ഗൃഹനാഥനെ കൂട്ടംചേർന്ന് ആക്രമിച്ച് കൊന്നു..ഹൈക്കോടതി ഡ്രൈവറായ ടി.ബി.വിനോദിനെയാണ് തപാൽജീവനക്കാരായ നാല് അന്യസംസ്ഥാനത്തൊഴിലാളികൾചേർന്ന് സ്വന്തം വീട്ടുമുറ്റത്തിട്ട് മർദ്ദിച്ചത്.ഏഴുദിവസം വെന്റിലേറ്ററിൽ ,അതിനു പിറ്റേന്ന് ,കഴിഞ്ഞ തിങ്കളാഴ്ചയാണ് അദ്ദേഹം മരിച്ചത്.കഴുത്ത് ഞെരിച്ച് ശ്വാസം മുട്ടിച്ചതാണ് മരണകാരണം എന്ന് പൊലിസ് പറഞ്ഞു. അദ്ദേഹത്തിന്റെ ശവസംസ്കാരം കഴിയുംമുമ്പാണ് ടിടിഇ കെ.വിനോദിന്റെ മരണം.അടുത്ത ദിവസം മറ്റൊരു ടിടിഇ -ക്കുനേരെ ആക്രമണം ഉണ്ടായി. തിരുവനന്തപുരം - കണ്ണൂർ ജനശതാബ്ദിയിൽ വാതിൽപ്പടിയിലിരുന്ന് യാത്രചെയ്ത യാചകനെ അതു പറ്റില്ലെന്നു പറഞ്ഞതിനാണ് യാചകൻ മുഖമാകെ മാന്തിക്കീറിയത്. യാത്രക്കാർക്കുമാത്രമല്ല ടിടിഇമാർക്കുപോലും സുരക്ഷ ഇല്ലാത്ത തീവണ്ടിയാത്ര. ടിടിഇമാരിൽ നല്ലൊരു പങ്കും വനിതകളാണ് .അന്യസംസ്ഥാനത്തൊഴിലാളികൾ മിക്കപ്പോഴും കൂട്ടത്തോടെയാണ് നാട്ടിലേക്കും തിരിച്ചും യാത്രചെയ്യുന്നത്. ടിടിഇ അവരോട് ടിക്കറ്റ് ചോദിച്ചെത്തുമ്പോൾ അക്രമോത്സുകരാവുന്നു. കാരണം അവരിൽ നല്ലൊരു പങ്കിനും മിക്കപ്പോഴും ടിക്കറ്റുണ്ടാവുകയില്ല.പുരുഷ ടിടിഇ മാരോട് ഇത്തരം ക്രൂരതയാണെങ്കിൽ വനിതാ ടിടിഇമാരുടെ സ്ഥിതിയെന്താവും.ഭയന്നുപോകുന്ന അവർ ടിക്കറ്റ് ചോദിക്കാനേ വരില്ലെന്ന സ്ഥിതി.ഫലം റെയിൽവേയ്ക്ക് വലിയ സാമ്പത്തിക നഷ്ടം നേരിടുന്നു.ഒരു മലയാളി യാത്രക്കാരൻ ജനറൽ ടിക്കറ്റെടുത്ത് അബദ്ധവശാൽ റിസർവേഷൻ കമ്പാർട്ടുമെന്റിൽ കയറിപ്പോയാൽ പല ടിടിഇമാരും അവരെ വിറപ്പിക്കുന്നതും തോന്നിയപോലെ ഫൈൻ ഈടാക്കുന്നതും കണ്ടിട്ടുണ്ട്.കുഞ്ഞുമക്കളുമായി കറിയ സ്ത്രീകളോടും വയോധികരോടുംപോലും നിഷ്ക്കരുണം മര്യാദകേട് കാണിക്കുന്ന ടിടിഇമാരുണ്ട്.പക്ഷേ ഈ വീരശൂരപരാക്രമികളാരുംതന്നെ അന്യസംസ്ഥാനത്തൊഴിലാളികളോട് ഇപ്പോൾ മൊടയെടുക്കാറില്ല.അത്രയ്ക്ക് പേടിച്ചുകഴിഞ്ഞിരിക്കുന്നു.

അന്യസംസ്ഥാനത്തൊഴിലാളികൾ കൂട്ടത്തോടെ അവരുടെ നാട്ടിലേക്ക് സഞ്ചരിക്കുന്ന ചില തീവണ്ടികളുണ്ട്.അതിൽ കഷ്ടകാലത്തിന് നമ്മൾ നാട്ടുകാർ കയറിപ്പോയാലത്തെ ഗതികേട് പറഞ്ഞറിയിക്കാനാവില്ല.റിസർവ്വേഷൻ കോച്ചാണല്ലോ എന്നൊന്നും ചിന്തിക്കേണ്ട. ടോയ്ലറ്റിനുള്ളിൽപ്പോലും കുപ്പികൾ കുത്തിത്തിരുകിയ കാഴ്ചകൾ.മുട്ടത്തോടും ലെയ്സ് കവറുകളും നിറഞ്ഞ കംമ്പാർട്ടുമെന്റുകൾ.പാൻപരാഗിന്റെ നാറ്റം.യഥേഷ്ടം സിഗരറ്റ് വലി. ജോലിചെയ്ത് അരോഗദൃഗാത്രരായ അവരോട് കേറി തർക്കിനൊന്നും മലയാളിക്ക് ധൈര്യമില്ലെന്ന സ്ഥിതി.ആരാണിതിന് കൂച്ചുവിലങ്ങിടേണ്ടത്.റെയിൽവേ തന്നെയാണ്.എത്ര പൊലീസുകാരെ നിയമിച്ചാലാണ് തീവണ്ടികളിലെ ആക്രമണം ഒഴിവാക്കാൻ സാധിക്കുക.ടിക്കറ്റ് എക്സാമിൻമാര്കക്കൊപ്പം സദാ പൊലിസിന്റെ കാവൽ നൽകുകയെന്നത് പ്രാക്ടിക്കലല്ല.ഇനി ടിടിഇ മാർക്കും ഔദ്യോഗികമായി തോക്കുകൊടുക്കേണ്ട ഗതികേടിലാണ് ഭാരതം.

കേരളത്തിൽ എത്ര ലക്ഷം അന്യസംസ്ഥാനത്തൊഴിലാളികളുണ്ടെന്നോ അവരൊക്കെ എവിടെനിന്നാണ് ഒഴുകിയെത്തുന്നതെന്നോ ഇവിടെ ഒരു കണക്കുമില്ല.ആർക്കും വരാം,ആർക്കും പോകാം..ഒരു പേടിയുമില്ലാതെ അവർ വിലസുന്ന കാഴ്ച.കൂട്ടംചേർന്ന് ആക്രമിക്കാനെത്തിയാൽ കേരളം തോറ്റുപോകയേയുള്ളൂ.ഇവരിൽ ഭൂരിഭാഗവും ലഹരിയുടെ പിടിയിലാണ്.പട്ടിയെ എറിഞ്ഞതെന്തിനെന്നു ചോദിച്ചതിന്റെ പേരിൽ കഴുത്ത് ഞെരിച്ച് കൊല്ലുന്ന ക്രൂരത.ഇവിടെ മാറിമാറി തിരഞ്ഞെടുപ്പുകൾ നടത്തുന്നുണ്ട്.എവിടെയാണ് സുരക്ഷിതത്വം.ആരാണ് സാധാരണ ജനങ്ങൾക്ക് നിർഭയം വസിക്കാനുള്ള അന്തരീക്ഷം ഒരുക്കേണ്ടത്..അത് ഭരണഘടനയിലൊക്കെ എഴുതിവച്ചിട്ടുണ്ട്. പക്ഷേ പൗരന്റെ അവകാശവും സുരക്ഷയും ഏട്ടിലെ പശുമാത്രമാണ്.. ഉത്തരമില്ലാത്ത ചോദ്യങ്ങൾ..

# ഫൊക്കാനയെ നയിക്കാൻ യുവത്വവും മികവും കൈമുതലായി ഡ്രീം ടീം;

## സജിമോൻ ആന്റണിയുടെ ഉജ്വല നേതൃത്വം



ന്യൂ യോർക്ക്: യുവത്വവും മികവും ഫൊക്കാനയെ നയിക്കാൻ മുന്നോട്ടു വരുന്ന അപൂർവ കാഴ്ചയാണ് സജിമോൻ ആന്റണിയുടെ നേതൃത്വത്തിലുള്ള ഡ്രീം ടീം സംഘടിപ്പിച്ച മീറ്റ് ആൻഡ് ഗ്രീറ്റ് സംഗമത്തിൽ വ്യക്തമായത്. ക്വീൻസിൽ ഫൊക്കാനക്കു തുടക്കമിട്ട കേരള കൾച്ചറൽ അസോസിയേഷൻ ഓഫ് നോർത്ത് അമേരിക്കയുടെ ഹാളിൽ ചേർന്ന സമ്മേളനത്തിൽ വിദ്യാഭ്യാസരംഗത്തും ജോലിയിലും വ്യത്യസ്തമായ വലിയ സ്ഥാനങ്ങൾ വഹിക്കുന്ന ഊർജസ്വലരായ ഒരു പറ്റം പേരാണ് സംഘടനയെ നയിക്കാൻ അണിനിരന്നത്. സംഘടനകളുടെ ചരിത്രത്തിൽ തന്നെ ഇത് അപൂർവമായി

പ്രസിഡന്റ് സ്ഥാനത്തേക്ക് മത്സരിക്കുന്ന സജിമോൻ ആന്റണി തന്നോടൊപ്പം മത്സരിക്കുന്ന ഓരോരുത്തരെയും അവതരിപ്പിക്കുകയും അവരുടെ യോഗ്യതകൾ എടുത്തുകാട്ടുകയും ചെയ്തു. ഇരുത്തം വന്ന ഒരു നേതാവ് എപ്രകാരമായിരിക്കുമോ അതായിരുന്നു സജിമോന്റെ പ്രകടനമെന്ന് പങ്കെടുത്തവർ ചൂണ്ടിക്കാട്ടുകയും ചെയ്തു.

ചീഫ് ഗസ്റ്റ് ആയി പങ്കെടുത്ത ഡോ . ആനി പോൾ ഡ്രീം ടീമിന് വിജയാശംസകൾ നേരുകയും ഇത്രയും നല്ല ഒരു ടീം ഉണ്ടക്കിയതിന് അഭിന്ദിക്കുകയും ചെയ്തു.

ന്യൂ യോർക്കിലെ ക്യൂൻസ് ഏരിയക്ക് വേണ്ടി സംഘടിപ്പ മീറ്റിങ്ങിൽ 100 ൽ അധികം ഡെലിഗേറ്റ്സ് പങ്കെടുത്തതും അമേരിക്കയുടെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള സ്ഥാനാർത്ഥികൾ എത്തിയതും ശ്രദ്ധേമായി.

ട്രസ്റ്റി ബോർഡിനും അവർ നിയമിച്ച ഇലക്ഷൻ കമ്മീഷനും എതിരെ ഒളിയമ്പുമായി ചിലർ വന്നിട്ടുണ്ടെന്നും അത് വിശ്വസിക്കരുതെന്നും സജിമോൻ പറഞ്ഞു. ബോർഡിന് അവരുടേതായ ചുമതലകളുണ്ട്. ബോർഡിന് എക്സിക്യൂട്ടീവ് കമ്മറ്റിയുടെ പരമാധികാരത്തെ ചോദ്യം ചെയ്യാനുള്ള അവകാശമില്ല. നിത്യേനയുള്ള പ്രവർത്തനവും പ്രോജക്ടുകളും കൺവ്ൻഷനുമൊക്കെ എക്സിക്യുട്ടിവിന്റെ ഉത്തരവാദിത്വമാണ്. ഇലക്ഷൻ പോലെയുള്ള കാര്യങ്ങൾ നടത്തുക എന്നത് ബോഡിന്റെ പരമാധികാരമാണ് , ഇതും രണ്ടും രണ്ടു വഴിയാണ്. അങ്ങനെയുള്ളള്ള പ്രാഥമിക കാര്യങ്ങൾ പോലും അറിയാത്ത സ്ഥാനാർത്ഥികളെ നിങ്ങൾ കണ്ടേക്കാം. അവരുടെ വലയിൽ പെട്ടേക്കരുത് എന്ന് മാത്രം . മുൻകാല പ്രവർത്തനങ്ങളും ഭാവിയിലേക്കുള്ള ചില പ്രവർത്തന രൂപരേഖയും സജിമോൻ അവതരിപ്പിക്കുകയും ചെയ്തു.

മാധവൻ നായർ പ്രസിഡന്ടായിരുന്നപ്പോൾ താനടക്കമുള്ള കമ്മിറ്റി കേരള സർക്കാരുമായി ചേർന്ന് 25 വീടുകൾ നൽകി . ജോർജി വർഗീസ് പ്രസിഡണ്ടും താൻ സെക്രട്ടറിയുമായപ്പോൾ 25 വീടുകൾ കൂടി നൽകി , സജി മോൻ ആന്റണി ആയിരുന്നു ഇതിന്റെ കോർഡിനേറ്റർ , ആദ്യത്തെ പേഴ്സണൽ ചെക്ക് ചെക്ക് . സജിമോൻ നൽകി എന്നാൽ ആദ്യത്തെ ചെക്ക് സംഘടയുടെ ചെക്ക് കെ.സി.എ.എൻ.എയെ പ്രതിനിധീകരിച്ച് അജിത് കൊച്ചൂസും ശബരിയും ആയിരുന്നു തന്നത്.

രണ്ടാമത്തേ പദ്ധതി അഭിമാനത്തോടെ പറയാൻ പറ്റുന്നത് ഫൊക്കാന മെഡിക്കൽ കാർഡാണ്. ഒരു പൈസ പോലും പിരിയ്ക്കാതെ തന്നെ 2000 -ത്തിലധികം അമേരിക്കൻ- കനേഡിയൻ മലയാളികൾക്ക് മെഡിക്കൽ കാർഡ് ലഭിച്ചു. അതുള്ളവർക്ക് കൊച്ചി രാജഗിരി ഹോസ്പിറ്റലിൽ ചാർജിൽ ഇളവും ചികിത്സക്ക് പ്രത്യേക സൗകര്യങ്ങളും ലഭിച്ചു. നാട്ടിലുള്ള ബന്ധുക്കൾക്കും അത് ഉപകാരപ്രദമായി. ഇനി അത് എല്ലാ നഗരങ്ങളിലുമുള്ള പ്രധാന ഹോസ്പിറ്റലുകളുമായി ചേർന്ന് വികസിപ്പിക്കണം.

മറ്റൊരു നേട്ടമായിരുന്നു ടി .എസ്.എ. സർട്ടിഫിക്കേഷൻ. നാട്ടിലേക്ക് ഇവിടുന്ന് സാധനങ്ങൾ കയറ്റി അയക്കുമ്പോൾ കൃത്യമായ ഐഡന്റിഫിക്കേഷൻ വേണം. അത് നമ്മൾ എടുത്തു. ഡോ.ആനി പോളിന്റെ സഹായത്തോടെ കോവിഡ് കാലത്ത് വെന്റിലേറ്ററുകൾ അടക്കം രണ്ട് കോടിയിലേറെ രൂപയുടെ വസ്തുക്കൾ നാട്ടിലേക്ക് കയറ്റി അയച്ചു. ആരുടെയും ഒരു പൈസ പോലും അതിനു ചെലവായില്ല.

ജനറൽ സെക്രട്ടറി സ്ഥാനാർഥി ശ്രീകുമാർ ഉണ്ണിത്താൻ അദ്ദേഹത്തിന്റെ അന്തരിച്ച ഭാര്യയുടെ ഓർമ്മക്കായി ചിറ്റാറിൽ 50 സെന്റ് സ്ഥലം സംഭാവന ചെയ്തതും സജിമോൻ വെളിപ്പെടുത്തി. അടുത്ത പ്രോജക്ടായി അവിടെ ഫൊക്കാന വില്ലേജ് സഫലമാക്കണം.

മുമ്പൊക്കെ കമ്മിറ്റിയിലേക്ക് യുവാക്കളെ നിർബന്ധിച്ചു കൊണ്ട് വരികയായിരുന്നു. യൂത്ത് കമ്മറ്റിയിലേക്ക് അഞ്ചുപേരെ മതി. പക്ഷേ എട്ടിലധികം പേർ ഇപ്പോൾ രംഗത്തുണ്ട് . അതാണ് മാറ്റം.

അടുത്തത് കമ്മ്യൂണിക്കേഷൻ സ്കിൽ ആണ്. ഇപ്പോഴത്തെ ജനറഷേഷൻ പലരും ഇൻട്രോവേർട്ടാണ്. അവർക്ക് രണ്ട് വാക്ക് സംസാരിക്കാൻ മടിയാണ്. പലരും സംസാരിക്കാൻ എന്നെ വിളിക്കല്ലേ വിളിക്കല്ലേ എന്നു പറയും. ഞാൻ ഇവിടെ വരുന്നതിന് മുമ്പ് എനിക്ക് കമ്യൂണിക്കേഷനിൽ ട്രെയിനിംഗ് കിട്ടിട്ടുണ്ട്. അതുകൊണ്ട് ഞാൻ അതിന്റെ പ്രാധാന്യം മനസിലാക്കുന്നു. കമ്യുണിക്കേഷൻ മെച്ചപ്പെടുത്താനുള്ള പ്രോജക്ടാണ് മറ്റൊന്ന്.

അടുത്തത് ഫൊക്കാനയുടെ വുമൺസ് ഫോറമാണ്. ഞാൻ ജനറൽ സെക്രട്ടറി ആയ സമയത്ത് വനിതാ പ്രതിനിധികളെ കിട്ടാൻ ബുദ്ധിമുട്ടുണ്ടായിരുന്നു. അത് മാറി. വിമൻസ് ഫോറം ചെയർ സ്ഥാനാർഥി ബോസ്റ്റണിൽ നിന്നുള്ള രേവതിപിള്ള കരിയർ രംഗത്തു വലിയ നേട്ടങ്ങൾ കൈവരിച്ച വനിതയാണ്.

എല്ലാവരുടെയും അഭിപ്രായങ്ങൾ കേൾക്കുകയും നിർദേശങ്ങൾ സംയോജിപ്പിച്ച് മുന്നോട്ടു പോകുകയും ചെയ്യും. ഡ്രീം ടീം എന്നു പറയുന്നത് ഡൈവേർസിറ്റി, കേപബിലിറ്റി, എക്സ്പേർട്ടൈസ് എന്നിവ കൊണ്ടാണ്. ടീമിൽ ന്യൂജേഴ്സി, ഫ്ളോറിഡ, ന്യൂ യോർക്ക് , ബോസ്റ്റൺ , ചിക്കാഗോ , പെൻസിൽ വേനിയ, വാഷിങ്ടൺ ഡി .സി , കാനഡ, ടെക്സസ് എന്നിവിടങ്ങളിൽ നിന്ന് മാത്രമല്ല ആളുകൾ. അതാണ് ഡൈവേഴ്സിറ്റി. സ്ഥാനാർത്ഥികളുടെ യോഗ്യതകളും അർഹതയും സുവ്യക്തമാണ്. സജിമോനും ടീമും നല്ല ആളുകളെയെല്ലാം പെറുക്കിയെടുത്തു എന്ന എതിരാളികൾ പറയുന്നത് ഒരു ബഹുമതിയായി കരുതുന്നു.

സ്ഥാനാർഥികളായ ശ്രീകുമാർ ഉണ്ണിത്താൻ (ജനറൽ സെക്രട്ടറി), ജോയി ചാക്കപ്പൻ (ട്രഷറർ), പ്രവീൺ തോമസ് (എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റ്), വിപിൻ രാജ് (വൈസ് പ്രസിഡന്റ്) , രേവതി പിള്ളൈ (വിമെൻസ് ഫോറം ചെയർ ), മനോജ് ഇടമന (അസ്സോസിയേറ്റ് സെക്രട്ടറി), ജോൺ കല്ലോലിക്കൽ (അസ്സോസിയേറ്റ് ട്രഷർ), മില്ലി ഫിലിപ്പ് (അഡിഷണൽ അസ്സോസിയേറ്റ് ട്രഷർ) എന്നിവർക്ക് പുറമെ നാഷണൽ കമ്മിറ്റി, ആർ.വി.പി, യൂത്ത് പ്രതിനിധി സ്ഥാനങ്ങളിലേക്ക് മത്സരിക്കുന്നവർ പങ്കെടുക്കുകയും എന്തുകൊണ്ട് തങ്ങൾ മത്സരിക്കുന്നുവെന്നും സജിമോൻ ആന്റണിക്കൊപ്പം നിൽക്കുന്നുവെന്നും വിശദീകരിക്കുകയും ചെയ്തു . സെക്രട്ടറി ആയി മത്സരിക്കുന്ന ശ്രീകുമാർ ഉണ്ണിത്താൻ ഡ്രീം ടീം വളരെ അധികം പ്ലാനുകളുമായാണ് മത്സരംഗത്തേക്കു വന്നത്. ഞങ്ങളുടെ വിഷനും മിഷനും എല്ലാം നടപ്പാക്കാൻ ശ്രമിക്കുമെന്നും പറഞ്ഞു

ട്രഷർ ആയി മത്സരിക്കുന്ന ജോയി ചക്കപ്പൻ ഫൊക്കാനയിൽ എന്നും യുവാക്കളെ പ്രൊമോട്ട് ചെയ്യും എന്ന് പറയുന്നതല്ലാതെ അത് നടക്കാറില്ല , എന്നാൽ ഡ്രീം ടീം അധികാരത്തിൽ വന്നാൽ ഫൊക്കാനയിൽ യുവാക്കളെ മുന്നിൽ നിർത്തിയുള്ള പ്രവർത്തനം ആയിരിക്കുമെന്നു വ്യക്തമാക്കി .

എന്നോടൊപ്പം ഈ വിപിനും ജോണും പ്രവീണുമൊക്കെയുള്ളപ്പോൾ ഞങ്ങളെ ഗ്യാങ് എന്ന് ഒന്നും വിളിച്ചേക്കരുത്. ഞങ്ങൾ ഒരു സൗഹൃദ കൂട്ടായ്മയാണ്-സജിമോൻ പറഞ്ഞു.

ട്രസ്റ്റി ബോർഡിൽ രണ്ടു വേക്കൻസിയാണുള്ളത്. ഇപ്പോഴത്തെ ട്രഷറർ ബിജു ജോണാണ് ഒരു സ്ഥാനാർഥി. സതീശൻ നായർ മറ്റെയാൾ.

നാഷ്ണൽ കമ്മിറ്റിയിലേക്ക് മത്സരിക്കുന്ന സിജു ജോൺ, സുദീപ് , മേരിക്കുട്ടി മൈക്കിൾ , മേരി ഫിലിപ്പ് , അലൻ കൊച്ചൂസ് തുടങ്ങിയവരൊക്കെ നാഷണൽ ഇന്റർനാഷ്ണൽ ലീഡേർസാണ്, ലോക്കലി പ്രൊഡ്യൂസ്ഡ് ആണെന്നേയുള്ളൂ.

എല്ലാ അസോസിയേഷനും മാതൃകയായി വൈവിദ്ധ്യമാർന്ന പരിപാടികൾ ചെയ്ത് അസോസിയേഷനും നാട്ടുകാർക്കും ഒത്തിരി ഉപകാരം ചെയ്ത നേതാവാണ് സുദീപ്. അദ്ദേഹം ഒരു ഐടി എക്സ്പേർട്ടാണ്.

അടുത്തത് മത്തായി ചാക്കോ. ലയൺസ് ക്ലബ്ബിലും ഹഡ്സൻ വാലി അസോസിയേഷനിലും ദീർഘകാലം പ്രവർത്തിച്ച മഹത് വ്യക്തി. എന്തു പ്രശ്നം വന്നാലും പരിഹാരം കണ്ടെത്തിതരുന്നയാളാണ് എന്റെ സുഹൃത്ത് മനോജ് മാത്യു.

കാൽ നൂറ്റാണ്ടായി പ്രവർത്തിക്കുന്ന കിലാഡി ക്ലബ് എന്ന സ്പോർട്സ് ക്ലബിന്റെ ഇപ്പോഴത്തെ സാരഥിയായ ഷിബു സാമുവൽ ആണ് നാഷണൽ കമ്മറ്റിയിൽ മത്സരിക്കുന്ന മറ്റൊരാൾ. ഡ്രീം ടീമിന്റെ ഗോൾഡൻ പ്രൊജക്റ്റ് ആയ സ്പോർട്സ് അക്കാഡമി ഇവരിലൂടെ നടപ്പിലാക്കും എന്നത് ഡ്രീം ടീമിന്റെ വിഷൻ ആണ് .

വാഷിംഗ്ടണിൽ നിന്നു ബെൻ പോളിന്റെ മരുമോൻ സ്റ്റാൻലിയാണ് നാഷ്ണൽ കമ്മറ്റിയിലേക്കുള്ള അടുത്തയാൾ. റീജണൽ വൈസ് പ്രസിഡന്റ് ആയി മത്സരിക്കുന്ന ബെൻ പോൾ എന്നും ഫൊക്കാനയുടെ മുഖമാണ് .

ഡോ. ഷൈനി രാജു. മാത്തമാറ്റിക്സിൽ പി. എച്ച്.ഡി.യുള്ള ചുരുക്കം ആളുകളേ ഉള്ളൂ. അതിലൊരാളാണ്.

റീജിണൽ വൈസ് പ്രസിഡന്റായിട്ട് എനിക്ക് എന്റെ സ്വന്തം ഏരിയായിൽ നിന്നുള്ള ന്യൂജേഴ്സിയിൽ നിന്നുള്ള ആളാണ് കോശി കുരുവിള. അദ്ദേഹം കെ.സി.എഫിന്റെ ഫോർമർ പ്രസിഡന്റായിരുന്നു. .

ആശംസകൾ അർപ്പിച്ചു സംസാരിച്ച ഫൊക്കാന സീനിയർ ലീഡേഴ്സ് ആയ ജോയി ഇട്ടൻ, അജിത് കൊച്ചൂസ് , ഗജചഅ പ്രസിഡന്റ് ഫിലിപ്പ് മഠത്തിൽ , നൈമ പ്രസിഡന്റ് ബിപിൻ മാത്യു, കേരളാ സെന്റർ സെക്രട്ടറി രാജു തോമസ് , ആൻഡ്രൂ കുന്നത്തുപറബ് , എബ്രഹാം പുതുശേരി , ജോർജ് കുട്ടി എന്നിവർ ഡ്രീം ടീമിന് വിജയാശംസകൾ നേർന്നു.

ഈ പ്രോഗ്രാം കോർഡിനേറ്റ് ചെയ്ത ബിജു ജോൺ അഡിഷണൽ അസ്സോസിയേറ്റ് സെക്രട്ടറി അപ്പുക്കുട്ടൻ പിള്ളൈ, ആർ.വി.പി. സ്ഥാനാർഥികൾ ആയ ലാജി തോമസ് , ആന്റോ വർക്കി എന്നിവർ പ്രേത്യേകം അഭിനന്ദനം ഏറ്റുവാങ്ങി .

ഫൊക്കാന വാഷിങ്ങ്ടൺ ഡി സി കൺവെൻഷനിലേക്കു ഏവരും രജിസ്റ്റർ ചെയ്തു കൺവെൻഷൻ വൻപിച്ച വിജയമാക്കണമെന്നും , പ്രസിഡന്റ് ഡോ . ബാബു സ്റ്റീഫന്റെ നേതൃത്വത്തിൽ ഉള്ള വാഷിംഗ്ടൺ കൺവൻഷനെ ചരിത്രത്തിലെ തങ്ക ലിബികളിൽ എഴുതിച്ചേർക്കുന്ന നല്ലൊരു കൺവൻഷനാക്കാൻ നമ്മളോരോരുത്തരം ശ്രമിക്കണം എന്നും ഡ്രീം ടീം അഭിപ്രായപ്പെട്ടു.

ഫൊക്കാനയെ നയിക്കാൻ യുവത്വവും മികവും കൈമുതലായി ഡ്രീം ടീം; സജിമോൻ ആന്റണിയുടെ ഉജ്വല നേത്രുത്വം

ന്യൂ യോർക്ക്: യുവത്വവും മികവും ഫൊക്കാനയെ നയിക്കാൻ മുന്നോട്ടു വരുന്ന അപൂർവ കാഴ്ചയാണ് സജിമോൻ ആന്റണിയുടെ നേതൃത്വത്തിലുള്ള ഡ്രീം ടീം സംഘടിപ്പിച്ച മീറ്റ് ആൻഡ് ഗ്രീറ്റ് സംഗമത്തിൽ വ്യക്തമായത്.





ക്വീൻസിൽ ഫൊക്കാനക്കു തുടക്കമിട്ട കേരള കൾച്ചറൽ അസോസിയേഷൻ ഓഫ് നോർത്ത് അമേരിക്കയുടെ ഹാളിൽ ചേർന്ന സമ്മേളനത്തിൽ വിദ്യാഭ്യാസരംഗത്തും ജോലിയിലും വ്യത്യസ്തമായ വലിയ സ്ഥാനങ്ങൾ വഹിക്കുന്ന ഊർജസ്വലരായ ഒരു പറ്റം പേരാണ് സംഘടനയെ നയിക്കാൻ അണിനിരന്നത്. സംഘടനകളുടെ ചരിത്രത്തിൽ തന്നെ ഇത് അപൂർവമായി

പ്രസിഡന്റ് സ്ഥാനത്തേക്ക് മത്സരിക്കുന്ന സജിമോൻ ആന്റണി തന്നോടൊപ്പം മത്സരിക്കുന്ന ഓരോരുത്തരെയും അവതരിപ്പിക്കുകയും അവരുടെ യോഗ്യതകൾ എടുത്തുകാട്ടുകയും ചെയ്തു. ഇരുത്തം വന്ന ഒരു നേതാവ് എപ്രകാരമായിരിക്കുമോ അതായിരുന്നു സജിമോന്റെ പ്രകടനമെന്ന് പങ്കെടുത്തവർ ചൂണ്ടിക്കാട്ടുകയും ചെയ്തു.

ചീഫ് ഗസ്റ്റ് ആയി പങ്കെടുത്ത ഡോ . ആനി പോൾ ഡ്രീം ടീമിന് വിജയാശംസകൾ നേരുകയും ഇത്രയും നല്ല ഒരു ടീം ഉണ്ടക്കിയതിന് അഭിനന്ദിക്കുകയും ചെയ്തു.

ന്യൂ യോർക്കിലെ ക്യൂൻസ് ഏരിയക്ക് വേണ്ടി സംഘടിപ്പ മീറ്റിങ്ങിൽ 100 ൽ അധികം ഡെലിഗേറ്റ്സ് പങ്കെടുത്തതും അമേരിക്കയുടെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള സ്ഥാനാർത്ഥികൾ എത്തിയതും ശ്രദ്ധേമായി.





ട്രസ്റ്റി ബോർഡിനും അവർ നിയമിച്ച ഇലക്ഷൻ കമ്മീഷനും എതിരെ ഒളിയമ്പുമായി ചിലർ വന്നിട്ടുണ്ടെന്നും അത് വിശ്വസിക്കരുതെന്നും സജിമോൻ പറഞ്ഞു. ബോർഡിന് അവരുടേതായ ചുമതലകളുണ്ട്. ബോർഡിന് എക്സിക്യൂട്ടീവ് കമ്മറ്റിയുടെ പരമാധികാരത്തെ ചോദ്യം ചെയ്യാനുള്ള അവകാശമില്ല. നിത്യേനയുള്ള പ്രവർത്തനവും പ്രോജക്ടുകളും കൺവ്ൻഷനുമൊക്കെ എക്സിക്യുട്ടിവിന്റെ ഉത്തരവാദിത്വമാണ്. ഇലക്ഷൻ പോലെയുള്ള കാര്യങ്ങൾ നടത്തുക എന്നത് ബോഡിന്റെ പരമാധികാരമാണ് , ഇതും രണ്ടും രണ്ടു വഴിയാണ്. അങ്ങനെയുള്ളള്ള പ്രാഥമിക കാര്യങ്ങൾ പോലും അറിയാത്ത സ്ഥാനാർത്ഥികളെ നിങ്ങൾ കണ്ടേക്കാം. അവരുടെ വലയിൽ പെട്ടേക്കരുത് എന്ന് മാത്രം .

മുൻകാല പ്രവർത്തനങ്ങളും ഭാവിയിലേക്കുള്ള ചില പ്രവർത്തന രൂപരേഖയും സജിമോൻ അവതരിപ്പിക്കുകയും ചെയ്തു.

മാധവൻ നായർ പ്രസിഡന്റായിരുന്നപ്പോൾ താനടക്കമുള്ള കമ്മിറ്റി കേരള സർക്കാരുമായി ചേർന്ന് 25 വീടുകൾ നൽകി . ജോർജി വർഗീസ് പ്രസിഡണ്ടും താൻ സെക്രട്ടറിയുമായപ്പോൾ 25 വീടുകൾ കൂടി നൽകി , സജി മോൻ ആന്റണി ആയിരുന്നു ഇതിന്റെ കോർഡിനേറ്റർ , ആദ്യത്തെ പേഴ്സണൽ ചെക്ക് ചെക്ക് . സജിമോൻ നൽകി എന്നാൽ ആദ്യത്തെ ചെക്ക് സംഘടയുടെ ചെക്ക് കെ.സി.എ.എൻ.എയെ



പ്രതിനിധീകരിച്ച് അജിത് കൊച്ചൂസും ശബരിയും ആയിരുന്നു തന്നത്.

രണ്ടാമത്തേ പദ്ധതി അഭിമാനത്തോടെ പറയാൻ പറ്റുന്നത് ഫൊക്കാന മെഡിക്കൽ കാർഡാണ്. ഒരു പൈസ പോലും പിരിയ്ക്കാതെ തന്നെ 2000 -ത്തിലധികം അമേരിക്കൻ- കനേഡിയൻ മലയാളികൾക്ക് മെഡിക്കൽ കാർഡ് ലഭിച്ചു. അതുള്ളവർക്ക് കൊച്ചി രാജഗിരി ഹോസ്പിറ്റലിൽ ചാർജിൽ ഇളവും ചികിത്സക്ക് പ്രത്യേക സൗകര്യങ്ങളും ലഭിച്ചു. നാട്ടിലുള്ള ബന്ധുക്കൾക്കും അത് ഉപകാരപ്രദമായി. ഇനി അത് എല്ലാ നഗരങ്ങളിലുമുള്ള പ്രധാന ഹോസ്പിറ്റലുകളുമായി ചേർന്ന് വികസിപ്പിക്കണം.

മറ്റൊരു നേട്ടമായിരുന്നു ടി .എസ്.എ. സർട്ടിഫിക്കേഷൻ. നാട്ടിലേക്ക് ഇവിടുന്ന് സാധനങ്ങൾ കയറ്റി അയക്കുമ്പോൾ കൃത്യമായ ഐഡന്റിഫിക്കേഷൻ വേണം. അത് നമ്മൾ എടുത്തു. ഡോ.ആനി പോളിന്റെ സഹായത്തോടെ കോവിഡ് കാലത്ത് വെന്റിലേറ്ററുകൾ അടക്കം രണ്ട് കോടിയിലേറെ രൂപയുടെ വസ്തുക്കൾ നാട്ടിലേക്ക് കയറ്റി അയച്ചു. ആരുടെയും


മികവിന്റെ പാതയിൽ മുന്നേറുന്ന
ഫൊക്കാനക്ക് പുതിയ ദിശാബോധം
പകർന്നു നൽകാൻ കുരുത്തുറ്റ നേതാവ്
സജിമോൻ ആന്റണി
ഫൊക്കാനയുടെ 2024 -26 കാലത്തെ
പ്രസിഡന്റായി വിജയിപ്പിക്കുക
Elect
പ്രവർത്തി പരിചയം, വ്യക്തമായ
കാഴ്ചപ്പാടുകൾ, ധീരമായ നിലപാടുകൾ

ഒരു പൈസ പോലും അതിനു ചെലവായില്ല.

ജനറൽ സെക്രട്ടറി സ്ഥാനാർഥി ശ്രീകുമാർ ഉണ്ണിത്താൻ അദ്ദേഹത്തിന്റെ അന്തരിച്ച ഭാര്യയുടെ ഓർമ്മക്കായി ചിറ്റാറിൽ 50 സെന്റ് സ്ഥലം സംഭാവന ചെയ്തതും സജിമോൻ വെളിപ്പെടുത്തി. അടുത്ത പ്രോജക്ടായി അവിടെ ഫൊക്കാന വില്ലേജ് സഫലമാക്കണം.

മുമ്പൊക്കെ കമ്മിറ്റിയിലേക്ക് യുവാക്കളെ നിർബന്ധിച്ചു കൊണ്ട് വരികയായിരുന്നു. യൂത്ത് കമ്മറ്റിയിലേക്ക് അഞ്ചുപേരെ മതി. പക്ഷേ എട്ടിലധികം പേർ ഇപ്പോൾ രംഗത്തുണ്ട് . അതാണ് മാറ്റം.

അടുത്തത് കമ്മ്യൂണിക്കേഷ്ൻ സ്കിൽ ആണ്. ഇപ്പോഴത്തെ ജനറഷേഷൻ പലരും ഇൻട്രോവേർട്ടാണ്. അവർക്ക് രണ്ട് വാക്ക് സംസാരിക്കാൻ മടിയാണ്. പലരും സംസാരിക്കാൻ എന്നെ വിളിക്കല്ലേ വിളിക്കല്ലേ എന്നു പറയും. ഞാൻ ഇവിടെ വരുന്നതിന് മുമ്പ് എനിക്ക് കമ്യൂണിക്കേഷനിൽ ട്രെയിനിംഗ് കിട്ടിട്ടുണ്ട്. അതുകൊണ്ട് ഞാൻ അതിന്റെ പ്രാധാന്യം മനസിലാക്കുന്നു. കമ്യൂണിക്കേഷൻ മെച്ചപ്പെടുത്താനുള്ള പ്രോജക്ടാണ് മറ്റൊന്ന്.

അടുത്തത് ഫൊക്കാനയുടെ വുമൺസ് ഫോറമാണ്. ഞാൻ ജനറൽ സെക്രട്ടറി ആയ സമയത്ത് വനിതാ പ്രതിനിധികളെ കിട്ടാൻ ബുദ്ധിമുട്ടുണ്ടായിരുന്നു. അത് മാറി. വിമൻസ് ഫോറം ചെയർ സ്ഥാനാർഥി ബോസ്റ്റണിൽ നിന്നുള്ള രേവതിപിള്ള കരിയർ രംഗത്തു വലിയ നേട്ടങ്ങൾ കൈവരിച്ച വനിതയാണ്.

എല്ലാവരുടെയും അഭിപ്രായങ്ങൾ കേൾക്കുകയും നിർദേശങ്ങൾ സംയോജിപ്പിച്ച് മുന്നോട്ടു പോകുകയും ചെയ്യും. ഡ്രീം ടീം എന്നു പറയുന്നത് ഡൈവേർസിറ്റി, കേപബിലിറ്റി, എക്സ്പേർട്ടൈസ് എന്നിവ കൊണ്ടാണ്. ടീമിൽ ന്യൂജേഴ്സി, ഫ്ളോറിഡ, ന്യൂ യോർക്ക് , ബോസ്റ്റൺ , ചിക്കാഗോ , പെൻസിൽ വേനിയ , വാഷിങ്ടൺ ഡി .സി , കാനഡ, ടെക്സസ് എന്നിവിടങ്ങളിൽ നിന്ന് മാത്രമല്ല ആളുകൾ. അതാണ് ഡൈവേഴ്സിറ്റി. സ്ഥാനാർത്ഥികളുടെ യോഗ്യതകളും അർഹതയും സുവ്യക്തമാണ്. സജിമോനും ടീമും നല്ല ആളുകളെയെല്ലാം പെറുക്കിയെടുത്തു എന്ന എതിരാളികൾ പറയുന്നത് ഒരു ബഹുമതിയായി കരുതുന്നു.

സ്ഥാനാർഥികളായ ശ്രീകുമാർ ഉണ്ണിത്താൻ (ജനറൽ സെക്രട്ടറി), ജോയി ചാക്കപ്പൻ (ട്രഷറർ), പ്രവീൺ തോമസ് (എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റ്), വിപിൻ രാജ് (വൈസ് പ്രസിഡന്റ്) , രേവതി പിള്ളൈ (വിമെൻസ് ഫോറം ചെയർ ), മനോജ് ഇടമന (അസ്സോസിയേറ്റ് സെക്രട്ടറി), ജോൺ കല്ലോലിക്കൽ (അസ്സോസിയേറ്റ് ട്രഷർ), മില്ലി ഫിലിപ്പ് (അഡിഷണൽ അസ്സോസിയേറ്റ് ട്രഷർ) എന്നിവർക്ക് പുറമെ നാഷണൽ കമ്മിറ്റി, ആർ.വി.പി, യൂത്ത് പ്രതിനിധി സ്ഥാനങ്ങളിലേക്ക് മത്സരിക്കുന്നവർ പങ്കെടുക്കുകയും എന്തുകൊണ്ട് തങ്ങൾ മത്സരിക്കുന്നുവെന്നും സജിമോൻ ആന്റണിക്കൊപ്പം നിൽക്കുന്നുവെന്നും വിശദീകരിക്കുകയും ചെയ്തു .

സെക്രട്ടറി ആയി മത്സരിക്കുന്ന ശ്രീകുമാർ ഉണ്ണിത്താൻ ഡ്രീം ടീം വളരെ അധികം പ്ലാനുകളുമായാണ് മത്സരംഗത്തേക്കു വന്നത്. ഞങ്ങളുടെ വിഷനും മിഷനും എല്ലാം നടപ്പാക്കാൻ ശ്രമിക്കുമെന്നും പറഞ്ഞു

ട്രഷർ ആയി മത്സരിക്കുന്ന ജോയി ചക്കപ്പൻ ഫൊക്കാനയിൽ എന്നും യുവാക്കളെ പ്രൊമോട്ട് ചെയ്യും എന്ന് പറയുന്നതല്ലാതെ അത് നടക്കാറില്ല , എന്നാൽ ഡ്രീം ടീം അധികാരത്തിൽ വന്നാൽ ഫൊക്കാനയിൽ യുവാക്കളെ മുന്നിൽ നിർത്തിയുള്ള പ്രവർത്തനം ആയിരിക്കുമെന്നു വ്യക്തമാക്കി .

എന്നോടൊപ്പം ഈ വിപിനും ജോണും പ്രവീണുമൊക്കെയുള്ളപ്പോൾ ഞങ്ങളെ ഗ്യാങ് എന്ന് ഒന്നും വിളിച്ചേക്കരുത്. ഞങ്ങൾ ഒരു സൗഹൃദ കൂട്ടായ്മയാണ്-സജിമോൻ പറഞ്ഞു.

ട്രസ്റ്റി ബോർഡിൽ രണ്ടു വേക്കൻസിയാണുള്ളത്. ഇപ്പോഴത്തെ ട്രഷറർ ബിജു ജോണാണ് ഒരു സ്ഥാനാർഥി. സതീശൻ നായർ മറ്റെയാൾ.

നാഷ്ണൽ കമ്മിറ്റിയിലേക്ക് മത്സരിക്കുന്ന സിജു ജോൺ, സുദീപ് , മേരിക്കുട്ടി മൈക്കിൾ , മേരി ഫിലിപ്പ് , അലൻ കൊച്ചുസ് തുടങ്ങിയവരൊക്കെ നാഷണൽ ഇന്റർനാഷ്ണൽ ലീഡേർസാണ്, ലോക്കലി പ്രൊഡ്യൂസ്ഡ് ആണെന്നേയുള്ളൂ.

എല്ലാ അസോസിയേഷനും മാതൃകയായി വൈവിദ്ധ്യമാർന്ന പരിപാടികൾ ചെയ്ത് അസോസിയേഷനും നാട്ടുകാർക്കും ഒത്തിരി ഉപകാരം ചെയ്ത നേതാവാണ് സുദീപ്. അദ്ദേഹം ഒരു ഐടി എക്സ്പേർട്ടാണ്.

അടുത്തത് മത്തായി ചാക്കോ. ലയൺസ് ക്ലബ്ബിലും ഹഡ്സൻ വാലി അസോസിയേഷനിലും ദീർഘകാലം പ്രവർത്തിച്ച മഹത് വ്യക്തി. എന്തു പ്രശ്നം വന്നാലും പരിഹാരം കണ്ടെത്തി തരുന്നയാളാണ് എന്റെ സുഹൃത്ത് മനോജ് മാത്യു.

കാൽ നൂറ്റാണ്ടായി പ്രവർത്തിക്കുന്ന കിലാഡി ക്ലബ് എന്ന സ്പോർട്സ് ക്ലബിന്റെ ഇപ്പോഴത്തെ സാരഥിയായ ഷിബു സാമുവൽ ആണ് നാഷണൽ കമ്മറ്റിയിൽ മത്സരിക്കുന്ന മറ്റൊരാൾ. ഡ്രീം ടീമിന്റെ ഗോൾഡൻ പ്രൊജക്റ്റ് ആയ സ്പോർട്സ് അക്കാഡമി ഇവരിലൂടെ നടപ്പിലാക്കും എന്നത് ഡ്രീം ടീമിന്റെ വിഷൻ ആണ് .

വാഷിംഗ്ടണിൽ നിന്നു ബെൻ പോളിന്റെ മരുമോൻ സ്റ്റാൻലിയാണ് നാഷ്ണൽ കമ്മറ്റിയിലേക്കുള്ള അടുത്തയാൾ. റീജണൽ വൈസ് പ്രസിഡന്റ് ആയി മത്സരിക്കുന്ന ബെൻ പോൾ എന്നും ഫൊക്കാനയുടെ മുഖമാണ് .

ഡോ. ഷൈനി രാജു. മാത്തമാറ്റിക്സിൽ പി.എച്ച്.ഡി.യുള്ള ചുരുക്കം ആളുകളേ ഉള്ളൂ. അതിലൊരാളാണ്.

റീജിണൽ വൈസ് പ്രസിഡന്റായിട്ട് എനിക്ക് എന്റെ സ്വന്തം ഏരിയായിൽ നിന്നുള്ള ന്യൂജേഴ്സിയിൽ നിന്നുള്ള ആളാണ് കോശി കുരുവിള. അദ്ദേഹം കെ.സി.എഫിന്റെ ഫോർമർ പ്രസിഡന്റായിരുന്നു. .

ആശംസകൾ അർപ്പിച്ചു സംസാരിച്ച ഫൊക്കാന സീനിയർ ലീഡേഴ്സ് ആയ ജോയി ഇട്ടൻ , അജിത് കൊച്ചൂസ് , ഗഇചഅ പ്രസിഡന്റ് ഫിലിപ്പ് മഠത്തിൽ , നൈമ പ്രസിഡന്റ് ബിപിൻ മാത്യു , കേരളാ സെന്റ്ര് സെക്രട്ടറി രാജു തോമസ് , ആൻഡ്രു കുന്നത്തുപറബ് , എബ്രഹാം പുതുശേരി , ജോർജ് കുട്ടി എന്നിവർ ഡ്രീം ടീമിന് വിജയാശംസകൾ നേർന്നു.

ഈ പ്രോഗ്രാം കോർഡിനേറ്റ് ചെയ്ത ബിജു ജോൺ അഡിഷണൽ അസ്സോസിയേറ്റ് സെക്രട്ടറി അപ്പുകുട്ടൻ പിള്ളൈ, ആർ.വി.പി. സ്ഥാനാർഥികൾ ആയ ലാജി തോമസ് , ആന്റോ വർക്കി എന്നിവർ പ്രേത്യേകം അഭിനന്ദനം ഏറ്റുവാങ്ങി .

ഫൊക്കാന വാഷിങ്ടൺ ഡി സി കൺവെൻഷനിലേക്കു ഏവരും രജിസ്റ്റർ ചെയ്തു കൺവെൻഷൻ വൻപിച്ച വിജയമാക്കണമെന്നും , പ്രസിഡന്റ് ഡോ . ബാബു സ്റ്റീഫന്റെ നേതൃത്വത്തിൽ ഉള്ള വാഷിംഗ്ടൺ കൺവൻഷനെ ചരിത്രത്തിലെ തങ്ക ലിഭികളിൽ എഴുതിച്ചേർക്കുന്ന നല്ലൊരു കൺവൻഷനാക്കാൻ നമ്മളോരോരുത്തരം ശ്രമിക്കണം എന്നും ഡ്രീം ടീം അഭിപ്രായപ്പെട്ടു.

ജനറൽ സെക്രട്ടറി സ്ഥാനാർഥി ശ്രീകുമാർ ഉണ്ണിത്താൻ അദ്ദേഹത്തിന്റെ അന്തരിച്ച ഭാര്യയുടെ ഓർമ്മക്കായി ചിറ്റാറിൽ 50 സെന്റ് സ്ഥലം സംഭാവന ചെയ്തതും സജിമോൻ



# ഇ–മലയാളി വാരികയ്ക്ക്
# ആശംസകൾ



## ഡോ. കല അശോക്

ഫൊക്കാനക്ക് പുതിയ മേൽവിലാസം
നൽകിയ ജനറൽ സെക്രട്ടറി.
പ്രശസ്ത നർത്തകിയും കലാ–
സംസ്കാരിക പ്രവർത്തകയും.
ഫൊക്കാനയുടെ നാല് പതിറ്റാണ്ടിലെ
ആദ്യ വനിതാ ജനറൽ സെക്രട്ടറി.
2024–26 ലെ പ്രസിഡന്റ് സ്ഥാനാർഥി








വെളിപ്പെടുത്തി. അടുത്ത പ്രോജക്ടായി അവിടെ ഫൊക്കാന വില്ലേജ് സഫലമാക്കണം.

മുമ്പൊക്കെ കമ്മിറ്റിയിലേക്ക് യുവാക്കളെ നിർബന്ധിച്ചു കൊണ്ട് വരികയായിരുന്നു. യൂത്ത് കമ്മറ്റിയിലേക്ക് അഞ്ചുപേരെ മതി. പക്ഷേ എട്ടിലധികം പേർ ഇപ്പോൾ രംഗത്തുണ്ട് . അതാണ് മാറ്റം.

അടുത്തത് കമ്മ്യൂണിക്കേഷൻ സ്കിൽ ആണ്. ഇപ്പോഴത്തെ ജനറഷേഷൻ പലരും ഇൻട്രോവേർട്ടാണ്. അവർക്ക് രണ്ട് വാക്ക് സംസാരിക്കാൻ മടിയാണ്. പലരും സംസാരിക്കാൻ എന്നെ വിളിക്കല്ലേ വിളിക്കല്ലേ എന്നു പറയും. ഞാൻ ഇവിടെ വരുന്നതിന് മുമ്പ് എനിക്ക് കമ്യൂണിക്കേഷനിൽ ട്രെയിനിംഗ് കിട്ടിട്ടുണ്ട്. അതുകൊണ്ട് ഞാൻ അതിന്റെ പ്രാധാന്യം മനസിലാക്കുന്നു. കമ്യൂണിക്കേഷൻ മെച്ചപ്പെടുത്താനുള്ള പ്രോജക്ടാണ് മറ്റൊന്ന്.

അടുത്തത് ഫൊക്കാനയുടെ വുമൺസ് ഫോറമാണ്. ഞാൻ ജനറൽ സെക്രട്ടറി ആയ സമയത്ത് വനിതാ പ്രതിനിധികളെ കിട്ടാൻ ബുദ്ധിമുട്ടുണ്ടായിരുന്നു. അത് മാറി. വിമൻസ് ഫോറം ചെയർ സ്ഥാനാർഥി ബോസ്റ്റണിൽ നിന്നുള്ള രേവതിപിള്ള കരിയർ രംഗത്തു വലിയ നേട്ടങ്ങൾ കൈവരിച്ച വനിതയാണ്.

എല്ലാവരുടെയും അഭിപ്രായങ്ങൾ കേൾക്കുകയും നിർദേശങ്ങൾ സംയോജിപ്പിച്ച് മുന്നോട്ടു പോകുകയും ചെയ്യും. ഡ്രീം ടീം എന്നു പറയുന്നത് ഡൈവേർസിറ്റി, കേപബിലിറ്റി, എക്സ്പേർട്ടൈസ് എന്നിവ കൊണ്ടാണ്. ടീമിൽ ന്യൂജേഴ്‌സി, ഫ്ളോറിഡ, ന്യൂ യോർക്ക് , ബോസ്റ്റൺ , ചിക്കാഗോ , പെൻസിൽ വേനിയ , വാഷിങ്ടൺ ഡി .സി , കാനഡ, ടെക്സസ് എന്നിവിടങ്ങളിൽ നിന്ന് മാത്രമല്ല ആളുകൾ. അതാണ് ഡൈവേഴ്സിറ്റി. സ്ഥാനാർത്ഥികളുടെ യോഗ്യതകളും അർഹതയും സുവ്യക്തമാണ്. സജിമോനും ടീമും നല്ല ആളുകളെയെല്ലാം പെറുക്കിയെടുത്തു എന്ന എതിരാളികൾ പറയുന്നത് ഒരു ബഹുമതിയായി കരുതുന്നു.

സ്ഥാനാർഥികളായ ശ്രീകുമാർ ഉണ്ണിത്താൻ (ജനറൽ സെക്രട്ടറി), ജോയി ചാക്കപ്പൻ (ട്രഷറർ), പ്രവീൺ തോമസ് (എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റ്), വിപിൻ രാജ് (വൈസ് പ്രസിഡന്റ്) , രേവതി പിള്ളൈ (വിമെൻസ് ഫോറം ചെയർ ), മനോജ് ഇടമന (അസ്സോസിയേറ്റ് സെക്രട്ടറി), ജോൺ കല്ലോലിക്കൽ (അസ്സോസിയേറ്റ് ട്രഷർ), മില്ലി ഫിലിപ്പ് (അഡിഷണൽ അസ്സോസിയേറ്റ് ട്രഷർ) എന്നിവർക്ക് പുറമെ നാഷണൽ കമ്മിറ്റി, ആർ.വി.പി, യൂത്ത് പ്രതിനിധി സ്ഥാനങ്ങളിലേക്ക് മത്സരിക്കുന്നവർ പങ്കെടുക്കുകയും എന്തുകൊണ്ട് തങ്ങൾ മത്സരിക്കുന്നുവെന്നും സജിമോൻ ആന്റണിക്കൊപ്പം നിൽക്കുന്നുവെന്നും വിശദീകരിക്കുകയും ചെയ്തു .

സെക്രട്ടറി ആയി മത്സരിക്കുന്ന ശ്രീകുമാർ ഉണ്ണിത്താൻ ഡ്രീം ടീം വളരെ അധികം പ്ലാനുകളുമായാണ് മത്സരംഗത്തേക്കു വന്നത്. ഞങ്ങളുടെ വിഷനും മിഷനും എല്ലാം നടപ്പാക്കാൻ ശ്രമിക്കുമെന്നും പറഞ്ഞു

ട്രഷർ ആയി മത്സരിക്കുന്ന ജോയി ചക്കപ്പൻ ഫൊക്കാനയിൽ എന്നും യുവാക്കളെ പ്രൊമോട്ട് ചെയ്യും എന്ന് പറയുന്നതല്ലാതെ അത് നടക്കാറില്ല , എന്നാൽ ഡ്രീം ടീം അധികാരത്തിൽ വന്നാൽ ഫൊക്കാനയിൽ യുവാക്കളെ മുന്നിൽ നിർത്തിയുള്ള പ്രവർത്തനം ആയിരിക്കുമെന്നു വ്യക്തമാക്കി .

എന്നോടൊപ്പം ഈ വിപിനും ജോണും പ്രവീണുമൊക്കെയുള്ളപ്പോൾ ഞങ്ങളെ ഗ്യാങ് എന്ന് ഒന്നും വിളിച്ചേക്കരുത്. ഞങ്ങൾ ഒരു സൗഹൃദ കൂട്ടായ്മയാണ്-സജിമോൻ പറഞ്ഞു.

ട്രസ്റ്റി ബോർഡിൽ രണ്ടു വേക്കൻസിയാണുള്ളത്. ഇപ്പോഴത്തെ ട്രഷറർ ബിജു ജോണാണ് ഒരു സ്ഥാനാർഥി. സതീശൻ നായർ മറ്റെയാൾ.

നാഷ്ണൽ കമ്മിറ്റിയിലേക്ക് മത്സരിക്കുന്ന സിജു ജോൺ, സുദീപ് , മേരിക്കുട്ടി മൈക്കിൾ , മേരി ഫിലിപ്പ് , അലൻ കൊച്ചൂസ് തുടങ്ങിയവരൊക്കെ നാഷണൽ ഇന്റർനാഷ്ണൽ ലീഡേർസാണ്, ലോക്കലി പ്രൊഡ്യൂസ്ഡ് ആണെന്നേയുള്ളു.

എല്ലാ അസോസിയേഷനും മാതൃകയായി വൈവിദ്ധ്യമാർന്ന പരിപാടികൾ ചെയ്ത് അസോസിയേഷനും നാട്ടുകാർക്കും ഒത്തിരി ഉപകാരം ചെയ്ത നേതാവാണ് സുദീപ്. അദ്ദേഹം ഒരു ഐടി എക്സ്പേർട്ടാണ്.

അടുത്തത് മത്തായി ചാക്കോ. ലയൺസ് ക്ലബ്ബിലും ഹഡ്സൻ വാലി അസോസിയേഷനിലും ദീർഘകാലം പ്രവർത്തിച്ച മഹത് വ്യക്തി. എന്തു പ്രശ്നം വന്നാലും പരിഹാരം കണ്ടെത്തി തരുന്നയാളാണ് എന്റെ സുഹൃത്ത് മനോജ് മാത്യു.

കാൽ നൂറ്റാണ്ടായി പ്രവർത്തിക്കുന്ന കിലാഡി ക്ലബ് എന്ന സ്പോർട്സ് ക്ലബിന്റെ ഇപ്പോഴത്തെ സാരഥിയായ ഷിബു സാമുവൽ ആണ് നാഷണൽ കമ്മറ്റിയിൽ മത്സരിക്കുന്ന മറ്റൊരാൾ. ഡ്രീം ടീമിന്റെ ഗോൾഡൻ പ്രൊജക്റ്റ് ആയ സ്പോർട്സ് അക്കാഡമി ഇവരിലൂടെ നടപ്പിലാക്കും എന്നത് ഡ്രീം ടീമിന്റെ വിഷൻ ആണ് .

വാഷിംഗ്ടണിൽ നിന്നു ബെൻ പോളിന്റെ മരുമോൻ സ്റ്റാൻലിയാണ് നാഷ്ണൽ കമ്മറ്റിയിലേക്കുള്ള അടുത്തയാൾ. റീജണൽ വൈസ് പ്രസിഡന്റ് ആയി മത്സരിക്കുന്ന ബെൻ പോൾ എന്നും ഫൊക്കാനയുടെ മുഖമാണ് .

ഡോ. ഷൈനി രാജു. മാത്തമാറ്റിക്സിൽ പി. എച്ച്.ഡി.യുള്ള ചുരുക്കം ആളുകളേ ഉള്ളൂ. അതിലൊരാളാണ്.

റീജിണൽ വൈസ് പ്രസിഡന്റായിട്ട് എനിക്ക് എന്റെ സ്വന്തം ഏരിയായിൽ നിന്നുള്ള ന്യൂജേഴ്സിയിൽ നിന്നുള്ള ആളാണ് കോശി കുരുവിള. അദ്ദേഹം കെ.സി.എഫിന്റെ ഫോർമർ പ്രസിഡന്റായിരുന്നു. .

ആശംസകൾ അർപ്പിച്ചു സംസാരിച്ച ഫൊക്കാന സീനിയർ ലീഡേഴ്സ് ആയ ജോയി ഇട്ടൻ , അജിത് കൊച്ചൂസ് , ഗഇചഅ പ്രസിഡന്റ് ഫിലിപ്പ് മഠത്തിൽ , നൈമ പ്രസിഡന്റ് ബിപിൻ മാത്യു , കേരളാ സെന്റർ സെക്രട്ടറി രാജു തോമസ് , ആൻഡ്രൂ കുന്നത്തുപറമ്പ് , എബ്രഹാം പുതുശേരി , ജോർജ് കുട്ടി എന്നിവർ ഡ്രീം ടീമിന് വിജയാശംസകൾ നേർന്നു.

ഈ പ്രോഗ്രാം കോർഡിനേറ്റ് ചെയ്ത ബിജു ജോൺ അഡിഷണൽ അസ്സോസിയേറ്റ് സെക്രട്ടറി അപ്പുകുട്ടൻ പിള്ളൈ, ആർ.വി.പി. സ്ഥാനാർഥികൾ ആയ ലാജി തോമസ് , ആന്റോ വർക്കി എന്നിവർ പ്രേത്യേകം അഭിനന്ദനം ഏറ്റു വാങ്ങി .

ഫൊക്കാന വാഷിങ്ടൺ ഡി സി കൺവെൻഷനിലേക്കു ഏവരും രജിസ്റ്റർ ചെയ്തു കൺവെൻഷൻ വൻപിച്ച വിജയമാക്കണമെന്നും , പ്രസിഡന്റ് ഡോ . ബാബു സ്റ്റീഫന്റെ നേതൃത്വത്തിൽ ഉള്ള വാഷിംഗ്ടൺ കൺവൻഷനെ ചരിത്രത്തിലെ തങ്ക ലിപികളിൽ എഴുതിച്ചേർക്കുന്ന നല്ലൊരു കൺവൻഷനാക്കാൻ നമ്മളോരോരുത്തരം ശ്രമിക്കണം എന്നും ഡ്രീം ടീം അഭിപ്രായപ്പെട്ടു.




FOMAA 2024-2026
UNITY OUR STRENGTH
BABY MANAKUNNEL
for President
BAIJU VARGHESE
for General Secretary
CIGIL GEORGE PALACKALODY
for Treasurer
SHALU MATHEW PUNNOOSE
for Vice Preasident
PAUL P JOSE
for Joint Secretary
ANUPAMA KRISHNAN
for Joint Treasurer
A TEAM WITH EXPERIENCE / INTEGRITY / COMMITMENT
DEDICATION / INNOVATION & DIVERSITY

# റേസിസം എവിടെയുമുണ്ട്, അമേരിക്കയിൽ എത്താൻ കഴിഞ്ഞ നാം അനുഗൃഹീതർ: ജഡ്ജ് കെ.പി. ജോർജ്

ന്യൂ യോർക്ക്: കേരള സമാജം ഓഫ് ഗ്രേയ്റ്റർ ന്യൂ യോർക്കിന്റെ പ്രവർത്തന ഉദ്ഘാടനവും വിഷു-ഈസ്റ്റർ ആഘോഷങ്ങളും നിർവഹിച്ചു ടെക്സാസിലെ ഫോർട്ട് ബെൻഡ് കൗണ്ടി ജഡ്ജി കെ.പി. ജോർജ് നടത്തിയ പ്രസംഗം മലയാളി സമൂഹത്തെ ഇരുത്തി ചിന്തിപ്പിക്കുന്നതായി.

പ്രസിഡന്റ് സിബി ഡേവിഡിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ റോക്ക് ലാൻഡ് കൗണ്ടി ലെജിസ്‌ളേറ്റർ ഡോ. ആനി പോൾ, ഫോമാ പ്രസിഡന്റ് ഡോ. ജേക്കബ് തോമസ്, ഫൊക്കാന ജനറൽ സെക്രട്ടറി ഡോ. കല ഷഹി, തുടങ്ങിയവർ സംസാരിച്ചു. സമാജത്തിന്റെ ആദ്യ പ്രസിഡന്റ് പ്രൊഫ. ജോസഫ് ചെറുവേലി, ഇപ്പോഴത്തെ സെക്രട്ടറി സജി എബ്രഹാം മറ്റു ഭാരവാഹികളായ ജോൺ പണിക്കർ, വിനോദ് കെയാർകെ തുടങ്ങിയവർ നേതൃത്വം നൽകി.

പള്ളികളിലും ക്ഷേത്രങ്ങളിലും കുടുങ്ങി കിടക്കുന്ന മലയാളി സമൂഹത്തെ പൊതുസമൂഹത്തിലേക്കു കൊണ്ടുവരേണ്ടതുണ്ടെന്ന് പ്രസിഡന്റ് സിബി ഡേവിഡ് ചൂണ്ടിക്കാട്ടി. പള്ളികളും ക്ഷേത്രങ്ങളും മാത്രമല്ല പൊതുസമൂഹവും നമുക്ക് സുപ്രധാനമാണ്. മലയാളി എന്ന അസ്തിത്വം നാം നിലനിർത്തേണ്ടതുണ്ട്.

ജഡ്ജ് കെ.പി. ജോർജിനെ കോരസൻ വർഗീസ് പരിചയപ്പെടുത്തി.

കെ.പി ജോർജ് നടത്തിയ പ്രസംഗത്തിൽ കോരസനെപ്പോലെ മലയാളഭാഷയെ ഉള്ളം കയ്യിലിട്ട് അമ്മാനമാടുവാൻ തനിക്കു കഴിയില്ല. തന്നെപ്പറ്റി അദ്ദേഹം പറഞ്ഞത്രയുമൊന്നും ഞാനില്ല. എന്നോടുള്ള സ്നേഹം കൊണ്ടു പറഞ്ഞതാണ്.

ഞാൻ ശ്രദ്ധിച്ചകാര്യം നമ്മുടെ ആളുകൾ ചിലകാര്യങ്ങളിൽ പിശുക്ക് കാണിക്കുന്നു. കൈയ്യടിക്കുന്നതിൽ പിശുക്ക് കാണിക്കേണ്ട ആവശ്യമില്ല.

എന്റെ ബാക്ക്ഗ്രൗണ്ട് എന്നു പറയുന്നത് കൊക്കാതോട് എന്നു പറയുന്ന ഒരു മലയിൽ നിന്നാണ്. അത് എത്രപേർക്കറിയാം. മലയാളികൾ പോലും പലരും കേട്ടിട്ടുണ്ടാവില്ല. 2007ലാണ് അവിടെ ഇലക്ട്രിസിറ്റി വന്നത്. അവിടുന്ന് മൂന്ന് മൈലോളം ചെരുപ്പൊന്നുമിടാതെ നടന്ന് സ്ക്കൂളിൽ പോയി പഠിച്ചതാണ് താൻ. അവിടുത്തെ വഴികളെല്ലാം അറിയാമല്ലേ, മലയും കല്ലും മറ്റും നിറഞ്ഞ വഴി. അഞ്ചാം ക്ലാസിൽ എബിസിഡി പഠിച്ചു.









Save $ 894.*
Combine
Home & Auto.
Michael Tharian
Agent
1855 Victory Blvd
Staten Island, NY 10314
Toll Free: 888-644-7222
Save money and time when you combine your home and auto insurance. Just another way I'm her to help life go right. CALL ME TODAY
We Serve These States
NY, NJ, PA, & CT.
We Provide Auto, Home
& Life Insurance
StateFarm®
*Average household savings based on 2016 national survey of new policyholders who reported savings by switching to State Farm
State Farm Mutual Automobile Insurance Company State Farm Indemnity Company,
State Farm Fire and Casualty Company State Farm General Insurance Company
1601489 Bloomington, IL



പിന്നീട് പത്തനംതിട്ട കോളേജിൽ പഠിച്ചു. അവിടെനിന്നാൽ രക്ഷപ്പെടില്ല എന്നു തോന്നിയതിനാലാവാം ഇങ്ങോട്ടു പോന്നത്. ക്യൂൻസിൽ ഞാൻ താമസിച്ചിട്ടുണ്ട്. ഞാൻ കല്യാണം കഴിച്ചത് ഗാർഡൻസിറ്റി ചർച്ചിൽ വെച്ചാണ്. ന്യൂയോർക്ക് എന്നു പറയുന്നത് ഒരു ഹോമാണ്. അതുപോലെ മലയാളി കമ്മ്യൂണിറ്റിയെ കാണാനും, നിങ്ങളുടെയൊക്കെ അടുത്ത് ഈ കാര്യങ്ങൾ സംസാരിക്കാൻ സാധിച്ചതിൽ വളരെ സന്തോഷമുണ്ട്.

എന്നോട് പറഞ്ഞത് വിഷുവിനെ കുറിച്ചും ഈസ്റ്ററിനെ കുറിച്ചും സന്ദേശം പറയണമെന്ന്. നിങ്ങളോടൊക്കെ ഞാൻ വിഷുവിനെ കുറിച്ച് എന്തുപറയാൻ, അതുപോലെ തന്നെ ഈസ്റ്ററിനെ കുറിച്ച് എന്തു പറയാൻ. പക്ഷേ നാട്ടിൽ നിന്നും വന്ന എല്ലാവർക്കും അറിയാം വിഷു എന്താണെന്ന്.



ടെക്സസിലെ ഫാസ്റ്റസ്റ്റ് ഗ്രോയിംഗ് കൗണ്ടിയാണ് ഫോർട്ട് ബെൻഡ്. അവിടെ ഞങ്ങളുടെ ഐഡന്റിറ്റി എന്നു പറയുന്നത് 29% വെളുത്തവരും 24 ശതമാനം ഹിസ്പാനിക്സ്, 22 ശതമാനം ഏഷ്യൻസ്, 22 ശതമാനം കറുത്തവരും. 57,000 ആളുകൾ മാത്രമുണ്ടായിരുന്ന കൗണ്ടിയാണ് 50 വർഷം മുമ്പേ. ഇന്ന് മില്ല്യണിലധികം ആളുകളുണ്ട്.

ഇന്ന് കെ.പി .ജോർജ് ഇവിടെയെത്തി എന്നുണ്ടെങ്കിൽ നൂറു ശതമാനവും അത് ദൈവാനുഗ്രഹവും കൃപയും കൊണ്ടാണ് . ഞങ്ങളുടെ കൗണ്ടിയിൽ ഈസ്റ്ററു റമദാനും വിഷുവുമെല്ലാം ആഘോഷിക്കുന്നു. നമുക്കെല്ലാവർക്കുമറിയാം വിഷുവെന്താണെന്ന്. നാട്ടിലുള്ള കാലത്ത് വിഷുക്കണി കാണാൻ അടുത്ത വീടുകളിൽ പോയിരുന്നു . ഒന്നാം തീയതി പുതു കോടിയൊക്കെ ഇട്ട്, കൈനീട്ടമൊക്കെ വാങ്ങി പടക്കമൊക്കെ പൊട്ടിച്ച് നന്നായി ആഘോഷിച്ചിരുന്നു.




ഈ ഉത്സവങ്ങളിലും നമ്മുടെ ആചാരങ്ങളിലുമൊക്കെ ഉൾക്കൊള്ളേണ്ട കുറേ കാര്യങ്ങൾ ഉണ്ട്. അത് ഉൾക്കൊള്ളണം എന്നാണ് എനിക്ക് നിങ്ങളോട് പറയാനുള്ളത്. അതുപോലെ തന്നെ ഈസ്റ്ററും കേരളത്തിൽ നിന്നു വരുന്നവർ ദു:ഖവെള്ളിയാഴ്ചയെന്നു പറയും, ഇവിടെ ഗുഡ് ഫ്രൈഡേ. അതിന്റെ അന്തസത്ത ഉൾക്കൊള്ളാൻ കഴിയണം. ക്രിസ്തു ശിഷ്യൻമാ




Vote For FOKANA
Dream Team 2024 - 2026
Executive Committee
SAJIMON ANTONY
NEW JERSEY
President
SREEKUMAR UNNITHAN
NEW YORK
General Secretary
JOY CHACKAPPAN
NEW JERSEY
Treasurer
PRAVEEN THOMAS
CHICAGO
Exe. Vice President
VIPIN RAJ
WASHINGTON DC
Vice President
REVATHI PILLAI
BOSTON
Women's Forum Chair
MANOJ EDAMANA
CANADA
Asso.Secretary
JOHN KALLOLICKAL
FLORIDA
Asso.Treasurer
APPUKUTTAN PILLAI
NEW YORK
Addi. Asso.Secretary
MILLY PHILIP
PHILADELPHIA
Addi.Asso.Treasurer
"Together We Are Stronger"

രുടെ കാൽ കഴുകിയിട്ട് ഞാൻ നിങ്ങളോട് ചെയ്തത് മറ്റുള്ളവരോടും ചെയ്യണമെന്ന് പറഞ്ഞു. പലപ്പോഴും നമ്മുടെ സഭകളിലും നമ്മുടെ സമൂഹങ്ങളിലും എത്ര തിരുമേനിമാർ അച്ചൻമാർ സഭയിലുള്ളവരുടെ കാൽ കഴുകുന്നുണ്ടെന്ന് എനിക്ക് സംശയമുണ്ട് .

ഞാൻ വിശ്വാസിയാണ്. ഇതു പറയുമ്പോൾ ഞാൻ ഇതിനെല്ലാം എതിരാണെന്ന് വിചാരിക്കരുത്. ആ തുല്യത ആ അന്തസത്ത ഉൾക്കൊള്ളാനുള്ള കഴിവ് നമുക്കുണ്ടാകട്ടെ എന്നാണ് എന്റെ പ്രാർത്ഥന. നമ്മളൊക്കെ വളരെ അനുഗ്രഹീതർ ആയിട്ടുള്ളവരാണ്. നമ്മൾ തിരിച്ച് നമ്മുടെ നാട്ടിൽ പോകുമ്പോൾ നമുക്ക് ചിലരെ കാണാൻ സാധിക്കും. നമ്മളെക്കാൾ മിടുക്കരായിരുന്ന, നമ്മെളെക്കാൾ കഴിവുണ്ടായിരുന്ന ആൾക്കാർ. ഇവിടെ വരണമെന്ന് ആഗ്രഹിച്ചിട്ട് സാധിക്കാത്തവർ. ആലോചിച്ചു നോക്കൂ നമ്മൾ എത്ര ഭാഗ്യവാൻമാരാണെന്ന്. നമ്മൾ എത്ര അനുഗ്രഹീതരാണ്.

കോരസൺ പറഞ്ഞു ഞാൻ 2012ൽ ഇലക്ഷനിൽ നിന്ന് തോറ്റകാര്യം. അതിനു മുന്നെ 2010 ൽ ഇലക്ഷനു നിന്നു. അന്നു തോറ്റു. ഇതിൽ നിന്നൊക്കെ ഞാൻ പഠിച്ച കാര്യമുണ്ട്. യൂ നെവർ ഗിവപ്. 2020ലെ കോവിഡിന്റെ സമയത്ത് ഞാൻ എമർജൻസി മാനേജ്മെന്റിന്റെ ഡിറക്ടറായിരുന്നു. ദിവസത്തിൽ 16 മണിക്കൂറൊക്കെ ജോലി ചെയ്തു. കഴിയാവുന്നത്ര ആളുകളെ വാക്സിനെടുപ്പിച്ചു. ഞാൻ അഭിമാനത്തോടെ പറയും കോവിഡിന്റെ സമയത്ത് എന്റെ കൗണ്ടി കൂടുതൽ ആളുകൾ വാക്സിനെടുത്ത കൗണ്ടിയായിരുന്നു.

കോവിഡ് വന്നപ്പോൾ ആളുകൾ വീടുകളിൽ കഴിയണമെന്ന ഉത്തരവിൽ ൽ ഞാൻ ഒപ്പുവെച്ചു. അങ്ങനെ കൗണ്ടി അടച്ചു. കോവിഡിന്റെ കാലത്ത് 75000 ആളുകൾ ഞങ്ങളുടെ കൗണ്ടിയിലേക്ക് വന്നു. എന്റെ സുഹൃത്തുക്കൾ പറയും റേയ്സിസം അനുഭവിച്ചിട്ടില്ലെന്ന്. പക്ഷെ ഞാൻ പറയും റേയ്സിസം എല്ലായിടത്തും ഉണ്ടെന്ന്. അതു നമ്മുടെ കേരളത്തിലുമുണ്ട്. നിങ്ങൾ ബോംബെയിൽ പോയാൽ പറയും മദ്രാസി ആണെന്ന്.

കൗണ്ടിയിൽ പല നല്ല കാര്യങ്ങളും ചെയ്യാൻ എനിക്ക് കഴിഞ്ഞു. - കൊക്കാതോട് മലയിൽ നിന്ന് ദൈവം തമ്പുരാൻ എന്നെ കൊണ്ടുവന്നു ഇത്രയും ഒക്കെ നടത്തി ന്യൂയോർക്കിലൊക്കെ വന്നു താമസിച്ചു. അതുകഴിഞ്ഞ് ഹൂസ്റ്റണിൽ പോയി. ഈ വഴിയിൽ എത്തി അതിനൊക്കെ ഒരു യഥാർത്ഥ ഉദ്ദേശ്യം ഉണ്ടെന്ന് വിശ്വസിക്കുന്ന ആളാണ് ഞാൻ. ഇന്ന് നിങ്ങളോട് സംസാരിക്കുന്നതിലും ഒരു ഉദ്ദേശ്യം ഉണ്ടെന്ന് ഞാൻ വിശ്വസിക്കുന്നു.

ഞാൻ പുലർച്ചെ 4.45 എഴുന്നേൽക്കും. ജിമ്മിൽ പോകും. എന്റെ ആരോഗ്യം ശ്രദ്ധിക്കും..900,000 ആളുകളെ എനിക്ക് സംരക്ഷിക്കേണ്ടതുണ്ട്. അതുകൊണ്ട് ഞാൻ സന്തോഷത്തോടെ ആരോഗ്യത്തോടെ ഇരിക്കാൻ ശ്രദ്ധിക്കും. ആളുകൾ ചോദിക്കും എങ്ങനെ ഇതിനെല്ലാം സമയം കണ്ടെത്തുന്നെന്ന്. നിങ്ങളിൽ പലരും മെഡിക്കൽ ഫീൽഡിലും നഴ്സായും മറ്റും ജോലി ചെയ്ത് വീട്ടിൽ വെറുതെയിരുക്കുകയായിരിക്കും. നിങ്ങൾക്ക് വോളന്ററി വർക്ക് ചെയ്യാൻ സാധിക്കും. യഥാർത്ഥ സന്തോഷം എന്നാൽ ഒന്നു പ്രതീക്ഷിക്കാതെ മറ്റുള്ളവർക്ക് സഹായം ചെയ്യുന്നതിലാണെന്ന് ഞാൻ വിശ്വസിക്കുന്നു- അദ്ദേഹം ചൂണ്ടിക്കാട്ടി











SPLENDORS OF
AUSTRALIA &
NEW ZEALAND
NOVEMBER 29- DECEMBER 16, 2024
FAITH HOLIDAYS
America's Finest Tour Operator
"At Faith Holidays, we understand the importance of shared experiences."
$ 200 OFF
Discount Code 'TRAVELNOW'
LIMITED TIME OFFER
CALL NOW! 1.800.91.FAITH
or visit www.faithholidays.com

# 'വാരണാസിയിലെ മഴ' വായനക്കാർ ഹൃദയത്തിലേറ്റി; ജൂലി പുരസ്കാര നിറവിൽ




**സനിൽ പി.തോമസ്**

മറ്റൊരു രാജ്യത്ത് ജീവിക്കുന്ന മലയാളി എഴുത്തുകാരിയുടെ കൃതി ജന്മനാട്ടിൽ ഹൃദയപൂർവം സ്വീകരിക്കപ്പെടുമ്പോൾ അതു സമ്മാനിക്കുന്ന സന്തോഷം വേറെ .ഇരട്ടി മധുരമാകും ഈ അംഗീകാരം. ലണ്ടനിൽ ഉള്ള ജൂലി ഗണപതി ഇത്തരമൊരു അംഗീകാരത്തിന്റെ നിറവിൽ ആണ്.ജൂലി എഴുതിയ "വാരണാസിയിലെ മഴ" എന്ന കവിതാ സമാഹാരം, പോയ വർഷം കൊല്ലത്ത്  ലൈബ്രറി കൗൺസിൽ ഒരുക്കിയ പുസ്തകോത്സവത്തിൽ, അഞ്ചു നാളുകളിൽ ഏറ്റവും വിറ്റ പുസ്തമായി. അതിന്റെ അംഗീകാരമായി ഇപ്പോൾ ഇന്ത്യ ബുക്ക് ഓഫ് റെക്കോർഡ്സ് ബഹു മതി ലഭിച്ചിരിക്കുന്നു.

കോവിഡ് മഹാമാരിക്കു ശേഷം പുസ്തക വില്പന വൻ പ്രതിസന്ധി നേരിടുകയാണ്. അതിൽ തന്നെ, കവിതയും കഥയും വില്പനയിൽ പിന്നിലാണെന്ന് പ്രസാധകർ പറയുന്നു .അപ്പോൾ ഒരു കവിതാ സമാഹാരം ബെസ്റ്റ് സെല്ലർ ആയെങ്കിൽ അത് രേഖപ്പെടുത്തപ്പെടണം.

ജൂലിക്കിത് ജന്മ നാടിന്റെ അംഗീകാരം കൂടിയാണ്. കൊല്ലം അഞ്ചാലുംമൂട്  വെട്ടു വിള തെക്കേമൂലയിൽ കെ. ചെല്ലപ്പന്റെയും എം.കെ.പൊന്നമ്മയുടെയും പുത്രിയാണ് ജൂലി ഗണപതി. ചെറുകഥയിലും സഞ്ചാര സാഹിത്യത്തിലും തിളങ്ങിയ യമുന ദൈവത്താളിന്റെ അനുജത്തി. യമുനയ്ക്ക് 2015ൽ ഡോ.ബി.ആർ. അംബേദ്കർ പുരസ്കാരം കിട്ടിയെങ്കിൽ ഈ ബഹുമതി 2023ൽ ജൂലിയെയും തേടിയെത്തി.

ഇന്ത്യക്കകത്തും പുറത്തും വ്യാപകമായി സഞ്ചരിച്ച് നാടും ചരിത്രവും  സംസ്കാരവും തൊട്ടറിഞ്ഞവരാണ് ഈ സഹോദരിമാർ. യമുനയ്ക്ക് വിക്രം സാരാഭായ് സ്പേസ് സെന്റർ അവാർഡും മഹാത്മഗാന്ധി ഫൗണ്ടേഷൻ സാഹിത്യ പുരസ്കാരവും ലഭിച്ചിട്ടുണ്ട്. യമുന ഇപ്പോൾ ചെന്നൈയിൽ താമസിക്കുന്നു.

ഒരു വ്യാഴവട്ടത്തിലേറെ ദുബായ് യിൽ ബിസിനസ് മാസികയിൽ പ്രവർത്തിച്ച, ചിത്രകല, വയലിൻ അധ്യാപാകയായും ജോലി നോക്കിയ ജൂലി ഒരു വർഷമായി ലണ്ടനിൽ റേഡിയോ ലൈമിൽ ജോക്കിയാണ്. 2020ൽ  രാജീവ് ഗാന്ധി ഫൗണ്ടേഷന്റെ ഷാർജ കവിതാ പുരസ്കാരവും 2023 ൽ മുംബൈ ജ്വാല സാഹിത്യ പുരസ്കാരവും ജൂലിക്ക് ലഭിച്ചിട്ടുണ്ട്. ലിവർപൂൾ ആസ്ഥാനമായുള്ള റേഡിയോ ലൈമിന്റെ ലണ്ടൻ ഓഫിസിലാണ് ജൂലി.മലയാളത്തിലും തമിഴിലും റേഡിയോ ലൈം പരിപാടി അവതരിപ്പിക്കുന്നു. ശ്രോതാക്കൾ ഏറെയുണ്ടെന്ന് ജൂലി പറഞ്ഞു. ബനാറസ് ചിത്രകലാ അക്കാദമിയിൽ ചിത്രകല പഠിച്ച ജൂലിയുടെ പെൻസിൽ ഡ്രോയിങ്ങുകൾ ഏറെ ശ്രദ്ധിക്കപ്പെട്ടിട്ടുണ്ട്.

" അഷ്ടമുടിക്കായലിന്റെ കരയിൽ സാഹിത്യ തപസ് ചെയ്യുന്ന രണ്ടു യുവതികൾ " എന്നാണ് കൈതപ്രം ദാമോദരൻ നമ്പൂതിരി യമുനയെയും ജൂലിയെയും വിശേഷിപ്പിച്ചത്. " കാൽതട്ടി ഉടഞ്ഞ സ്വപ്നം പോലെ തെറിച്ചു വീണ വാക്കുകൾ " എന്ന് കൈതപ്രം കവിതാ സമാഹാരത്തിന്റെ അവതാരികയിൽ പറയുന്നു.താൻ വരച്ച ചിത്രങ്ങളിലൂടെ പറയാൻ കഴിയാത്തതാണ് കവിതയാകുന്നതെന്നാണ് ജൂലിയുടെ ഭാഷ്യം.





അവാർഡുകൾക്ക് ഉപരി പുസ്തകത്തിന് വായനക്കാർ നൽകിയ സ്വീകാര്യത ജുലിക്ക് പുതിയ രചനകൾക്ക് പ്രചോദനം ആകട്ടെ. വിദേശത്തു ജീവിക്കുമ്പോഴും ജന്മനാടിന്റെ ഹൃദയത്തുടിപ്പ് മറക്കാത്ത എഴുത്തുകാരിയെന്നു ജൂലിയെ വിശേഷിപ്പിക്കാം. കൂടുതൽ അംഗീകാരങ്ങൾ തേടി വരട്ടെ.


Helping Families Build
A BETTER FINANCIAL FUTURE!
ABRAHAM
&ASSOCIATES
Jacob Abraham
516.244.5941
Sherin Abraham
516.312.5849
Jayden Abraham
516.996.8077
Independent Financial Service Representatives Affiliated with More Than 70 Leading Companies Serving all 50 States
SERVICES INCLUDE
RETIREMENT PLANNING | TAX FREE RETIREMENT | GROW YOUR MONEY WITH DOWNWARD PROTECTION | ASSET PROTECTION STRATEGIES | 401K, 403B, IRA ROLLOVERS
DEBT MANAGEMENT | LONG TERM CARE DISABILITY INSURANCE | FIXED INDEXED ANNUITIES
COLLEGE PLANNING OTHER THAN 529 | LIFE INSURANCE WITH LIVING BENEFITS
OUR PRODUCT | PROVIDER LINE INCLUDES
A great opportunity to partner with us to start your business! We provide free financial education and analysis.
Contact us For The Best Tax free retirement strategy or for any other financial needs. eMail: sherinjake@gmail.com



# വിഷുപ്പക്ഷികൾ പാടുന്ന ഈണങ്ങളിൽ

**(എന്റെ വിഷു: സുധീർ പണിക്കവീട്ടിൽ)**

മീനച്ചൂടിൽ പ്രകൃതി ഉരുകുകയാണ്. ഒരു ഇല പോലും അനങ്ങുന്നില്ല. വിഷുവിനു ഇനി ഏതാനും ദിവസങ്ങൾ മാത്രം. തൊടികളിൽ കിളികളുടെ കോലാഹലം ഉണ്ടാകേണ്ടതാണ്. വിഷുപ്പക്ഷികളുടെ പാട്ട് കേൾക്കാൻ രാവിലെയും വൈകീട്ടും പറമ്പിലൊക്കെ നടക്കുമ്പോൾ സ്വതവേ നാണം കുണുങ്ങികളായ ഈ പക്ഷികൾ പതുക്കെ പാടുന്നത് കേൾക്കാം. ‘‘കള്ളൻ ചക്കേട്ടു കണ്ടാൽ മിണ്ടണ്ട, കൊണ്ടേ തിന്നോട്ടെ.’’ ഇവിടെ ചക്കയിടാൻ ബംഗാളികൾ വല്ലവരും വന്നാലായി. അവർക്കും ചക്കയിലൊന്നും താൽപ്പര്യമില്ല ചക്കപ്പഴം തിന്നാൻ അമേരിക്കയിൽ നിന്നും വായിൽ വെള്ളവുമൊലിപ്പിച്ചു വന്നത് വെറുതെയാകുമോ എന്ന സങ്കടം. ചക്കപ്പഴത്തേക്കാൾ കിളികളുടെ സംഗീതമാണ് കൂടുതൽ മധുരം നൽകുക.



കൊന്നപ്പൂക്കളും പൂക്കാൻ മടിച്ച് നിൽക്കയാണ്. ധാരാളം മരങ്ങൾ ഉണ്ടായിട്ടും കിളികൾ യഥേഷ്ടം പാറി പറക്കുന്നില്ല. വിഷുപ്പക്ഷി എന്ന് നമ്മൾ പറയുന്ന പക്ഷിക്ക് പല സ്ഥലങ്ങളിലും ഉത്തരായണക്കിളി, കതിരുകാണാക്കിളി എന്നൊക്കെ പേരുണ്ടത്രേ. നമ്മോടൊപ്പം വിഷു ആഘോഷിക്കാൻ ഈ കിളികൾ എത്തുന്നു. അതുകൊണ്ട് ഇവരെ വിഷുപക്ഷികൾ എന്ന് വിളിക്കുന്നു. നമ്മുടെ അതിഥികളായി എത്തി നമ്മെ രസിപ്പിക്കുന്ന കാര്യങ്ങളാണ് അവ പാട്ടുകളാക്കി പാടുന്നത്. അടുക്കളയിൽ തിരക്കുപിടിച്ച് പാചകത്തിൽ ഏർപ്പെടുന്ന വീട്ടമ്മമാരോട് ചക്കക്കുപ്പുണ്ടോ എന്ന് ചോദിച്ച് അൽപ്പം പരിഹാസം ചൊരിയുന്നവർ. രാവേറെ ചെല്ലുമ്പോൾ ജാലകവാതിൽക്കൽ ഒരു കിളികൂജനം കേൾക്കാം. കടന്നുപോയ യൗവ്വനകാലഘട്ടത്തിൽ അതൊരു സുന്ദരിയുടെ വളകിലുക്കമായിരുന്നു എന്ന തിരിച്ചറിവുണ്ടാകുമ്പോൾ നിലാവ് മങ്ങുന്നു. വികാരതീവ്രമായ ആ കാലഘട്ടത്തിൽ ഉത്തരായണക്കിളികൾ പാടുമായിരുന്നു ഉന്മാദിനിമാരെപോലെ. ഇപ്പോൾ ഈ ഏകാന്തതയിൽ ഓ എൻ വി യെ ഓർമ്മവരുന്നു. അരികിൽ നീ ഉണ്ടായിരുന്നെങ്കിൽ... കാതരയായൊരു പക്ഷിയെൻ ജാലകവാതിലിൻ ചാരെ ചിലച്ചു പോകുന്നു. ആ ഒരു നിമിഷം ആരെയൊക്കെയോ ഓർക്കുന്നു. അകന്നുപോയവർ ഒരു പക്ഷെ ഇനി ഒരിക്കലും ഓർക്കാൻപാടില്ലാത്തവിധം ആരുടെയോ ആയവർ. എന്നാലും ഒരു മാത്ര വെറുതെ മോഹിച്ചു പോകുന്നു. പാവം മാനവഹൃദയം.

വിഷുക്കണി ഒരുക്കാനും കാണാനുമുള്ള തയ്യാറെടുപ്പിലാണ് സഹോദരിയും കുട്ടികളും. വീട്ടിൽ ഒരുത്സവാന്തരീക്ഷം ഒരുങ്ങുന്നുണ്ട്. നേരം പുലരുമ്പോൾ ഒരാൾ വന്നു മോട്ടോർ ഓൺ ചെയ്തു പറമ്പാകെ നനയ്ക്കും. അന്തരീക്ഷം ചൂടുപിടിക്കുന്നതിനുമുമ്പ് ജലസേചനം കഴിഞ്ഞ പറമ്പിനു ഒരു പ്രത്യേകഭംഗിയാണ്. ഇറ്റിറ്റുവീഴുന്ന നീർതുള്ളികളിലൂടെ സൂര്യരസ്മികൾ ചിന്നിച്ചിതറുമ്പോൾ ഏഴു വർണ്ണങ്ങൾ തൂവ്വി വിരിയുന്ന മഴവില്ലു. വെള്ളത്തിൽ നനഞ്ഞുപോയ ഒരു എട്ടുകാലിവലയിലും മഴവിൽ വെറുതെ കുലച്ചു നിൽപ്പുണ്ട്. എട്ടുകാലിക്ക് അതിൽ അമർഷം ഉണ്ട്. പ്രകൃതി നമുക്കായൊരുക്കുന്ന കാഴ്ചകൾ നമ്മൾ മുഴുവനായി കാണുന്നില്ല.

ചെടികളൊക്കെ ഇലത്തുമ്പുകളിൽ വെള്ളത്തുള്ളികൾ വീഴ്ത്തി കുളിരു പകരുമ്പോൾ ഒരു ഫൗണ്ടന് താഴെ കുറെ കിളികൾ കുളിച്ചൊരുങ്ങുന്നുണ്ട്. മാവിൻ കൊമ്പത്തിരുന്നു ഒരു കുയിൽ പാടുന്നത് കേൾക്കാം. പ്രണയാഭ്യർത്ഥനയാണ്, വാഗ്ദാനമാണ്. ‘നിന്നെയണിയിക്കാൻ

താമരനൂലിനാൽ ഞാനൊരു പൂത്താലി തീർത്തു വയ്ക്കും.' തൃശ്ശൂർകാരുടെ നന്മയും നർമ്മവും വച്ച് ചിന്തിക്കുമ്പോൾ കുയിലിനോട് പറയാൻ തോന്നും. 'നീ ഈ താമരനൂലിൽ ഒക്കെ പൂത്താലി ഉണ്ടാക്കിവച്ചാൽ അവൾ വരില്ല. തന്നെയുമല്ല ഈ താമരനൂലു എന്ന് പറയുന്ന സാധനം വാടി പോകില്ലേ. നീ നല്ല സ്വർണ്ണത്തിൽ ഒരു വെടിക്കെട്ട് സാധനം തീർക്കടാ..അതിനു ഇമ്മടെ ആലൂക്കാസിലോ ചെമ്മണ്ണൂരിലോ പോയാൽ മതി. ഏതു തരം വേണേലും കിട്ടും. അങ്ങനെ മിന്നൊക്കെ കെട്ടി മനുഷ്യന്മാരെപോലെ ഇല്ലാത്ത പൊല്ലാപ്പ് തലയിൽ വച്ച് നട്ടം തിരിയെടാ മണക്കൂസ് കാമുകാ....' കുയിലിനു കോപം വരുന്നു. താമരനൂലിനാൽ തീർക്കുന്ന പൂത്താലി അവൾ വരുവോളം വാടാതിരിക്കാൻ ഞാൻ അത് ഹൃത്തിൽ എടുത്തു വയ്ക്കും. അവൻ ഗദ്ഗദ കണ്ഠനാകുന്നു സ്വർണ്ണം പോലും പുറത്തുവച്ചാൽ നിറം മങ്ങും. ഇത് ഞാൻ ഹൃത്തിലാണ് സൂക്ഷിച്ച് വയ്ക്കുന്നത്. കുയിലുകൾക്കും ദിവ്യ പ്രേമം. നടക്കട്ടെ എന്നുപറഞ്ഞു കുയിലിനെ വിട്ടു നടക്കുമ്പോൾ രണ്ടു മയിലുകൾ പറന്നു വന്നു. സഹോദരിയും കുട്ടികളും ആഹ്ളാദചിത്തരായി. ഒരു മയിൽ വീട്ടിൽ വരുന്നത് ശുഭലക്ഷണമാണ് പ്രത്യേകിച്ച് വിഷു അടുക്കാറായപ്പോൾ. കാർത്തികേയന്റെ വാഹനമാണ്. ശ്രീകൃഷ്ണൻ മുടിയിൽ ചൂടിയിരിക്കുന്നത് മയിൽപ്പീലിയാണ്. മഴയെത്തും മുമ്പേ ഇവർ നൃത്തം വയ്ക്കും. മയിലുകളുടെ നടത്തം കണ്ടാൽ വർഷങ്ങൾക്ക് മുമ്പ് കോളേജിലെ സുന്ദരിക്കോതയായിരുന്നവൾ നടക്കുന്ന പോലെയുണ്ട്. മയിലിന്റെ നടത്തം കണ്ടു ഒരു ഹിന്ദി കവി എഴുതിപോലും.. ജി കർത്താ ഹേ മോർ കി പാവോ മി പായലിയാം പഹനാഥും (മയിലിന്റെ കാലുകളിൽ പാദസരങ്ങൾ അണിയിക്കാൻ മനസ്സ് മോഹിക്കുന്നു എന്നർത്ഥം). ദൈവമേ ഒരു മഴ പെയ്തു ഈ ചൂടൊന്നു കുറഞ്ഞെങ്കിൽ എല്ലാവരും ഒരു നെടുവീർപ്പോടെ പറഞ്ഞു. പക്ഷെ മയിലാടിയില്ല, കുയിൽ പാടിയില്ല. മയിലുകളും ചൂട് കൊണ്ട് പരവശരാണ്. ചണ്ഡാലഭിക്ഷുകിയിൽ കുമാരനാശാൻ വിവരിക്കുന്ന ചൂട് പോലെ- ''ഘോരതപം ഭയപ്പെട്ടേറെപ്പക്ഷികൾ, സ്വൈരം ശരണമണഞ്ഞിരിപ്പൂ. ചൂടാർന്നു തൊണ്ട വരണ്ടിട്ടിവയൊന്നും.

പാടാനൊരുങ്ങുന്നില്ലെന്നല്ലഹോ;''

കൈനീട്ടം ഇത്തവണ അമേരിക്കൻ ഡോളറിലാണെന്ന സന്തോഷത്തിലാണ് മരുമക്കൾ. അതിനു വിഷുവിന്റെ തലേന്നാൾ ആ കാർമേഘവർണ്ണനെ അണിയിച്ചൊരുക്കി ഉരുളിയിൽ ഐശ്വര്യവസ്തുക്കൾ നിറച്ച് പൂജാ മുറിയിൽ ഒളിച്ചുവയ്ക്കണം. മേടപ്പുലരിയിൽ കണി കണ്ടുണരാൻ. ഓരോരുത്തരെ കണ്ണുകെട്ടി മുറിയിലേക്കാനയിക്കണം. . സഹോദരിയുടെ പൂജാ മുറിയിൽ നാലടി ഉയരത്തിൽ ഒരു വേണുഗോപാലൻ നിൽപ്പുണ്ട്. ചുണ്ടത്ത് വച്ചിരിക്കുന്ന വേണുവിലൂടെ അവൻ പാടുന്ന പാട്ടുകൾ കേട്ട് യമുനാതീരത്ത് ആയിരം പാദസരങ്ങൾ കിലുങ്ങുന്നുണ്ട്. പക്ഷെ കൊന്നപ്പൂക്കൾ വളരെ കുറവാണ്. പഴയ മലയാളപ്പാട്ടുകൾ എന്ന പരിപാടിയിൽ ജയചന്ദ്രൻ മാത്രം കർണ്ണികാരം പൂത്തു തളിർത്തു കൽപ്പനകൾ താലമെടുത്തുവെന്നു പാടുന്നുണ്ട്.

ഈ വിഷുക്കാലം വളരെ ആനന്ദം പകരുന്നു. സ്നേഹത്തിന്റെ മത്താപ്പൂവും, കമ്പിത്തിരിയും, പൂ പോലെ ചിന്നി ചിതറുമ്പോൾ ഉത്സാഹത്തിന്റെ പടക്കങ്ങൾ പൊട്ടിച്ച് കുട്ടികൾ ചുറ്റിലും തിമിർക്കുന്നു.കുസൃതിക്കാരിയായ ഇളയ മരുമകൾ സഹോദരിയോട് പറഞ്ഞു എനിക്ക് അമ്മാവനെ കണി കണ്ടാൽ മതിയെന്ന്. മറ്റു കുട്ടികളൊക്കെ ചിരിച്ചപ്പോൾ അവരുടെ അച്ഛൻ കുട്ടികൾക്കറിയാത്ത ആ രഹസ്യം പറഞ്ഞു. നിങ്ങളുടെ അമ്മാവൻ ഒരു കുഞ്ഞികൃഷ്ണനാണ്. അയാൾ അത് അർഥം വച്ച് പറഞ്ഞതെങ്കിലും കുട്ടികൾ അത് നേരായി വിശ്വസിച്ചു .അപ്പോൾ പിന്നെ അമ്മാവനെ കണി കണ്ടാൽ എന്താ കുഴപ്പം എന്ന ആശയകുഴപ്പം കുട്ടികളിലുണ്ടായി. പക്ഷെ അമ്മാവന് വെണ്ണ നിറമാണല്ലോ നീലയല്ല എന്ന ശങ്ക അതുവഴി മുടന്തി വന്നു. അപ്പോഴും മുതിർന്നവർക്ക് ഉത്തരമുണ്ടായി. അത് പിന്നെ കണ്ണന് വെണ്ണ വലിയ ഇഷ്ടമല്ലേ.? അപ്പോൾ വെണ്ണ നിറവും ഉണ്ടാകും.

അങ്ങനെ രസകരമായ രംഗങ്ങൾ അരങ്ങേറിക്കൊണ്ട് കുടുംബ ശ്രീകോവിൽ അണിഞ്ഞൊരുങ്ങി. കൊന്നമരം പൂവണിഞ്ഞു. കണികാണാൻ വയ്ക്കാനുള്ള ചക്ക കാഴ്ചവച്ച് പ്ലാവ് തയ്യാറായി നിന്ന്. കാർമേഘവർണ്ണന്റെ മാറിലണിയാനുള്ള മാലക്ക് പൂക്കളുമായി ചെടികൾ പുഷ്പിച്ചു നിന്നു. ഇനിയും പുലർന്നുവരട്ടെ വിഷു. എല്ലാവർക്കും ഐശ്വര്യസമൃദ്ധമായ കണിയും കൈനിറയെ കൈനീട്ടവുമായി ഈ വർഷം വിഷു നിങ്ങൾക്ക് അനുഗ്രഹപ്രദമാകട്ടെ.

''മനസിലുണ്ടാകട്ടെ ഗ്രാമത്തിൻ വിശുദ്ധിയും

മണവും മമതയും ഇത്തിരി കൊന്നപ്പൂവും.. വൈലോപ്പിള്ളി'''

ശുഭം





# ജോബ്സൺ ഈശോ കൺസർവ്വേറ്റീവ് സ്ഥാനാർത്ഥിത്തത്തിനായി മത്സരിക്കുന്നു

കൺസർവ്വേറ്റീവ് സ്ഥാനാർത്ഥിത്തത്തിനായി മത്സരിക്കുമെന്ന് ജോബ്സൺ ഈശോ. ഇതോടെ പാർട്ടി സ്ഥാനാർഥിത്വത്തിനായി മൽസരിക്കുന്ന മലയാളികളുടെ എണ്ണം നാലായി. ബെലന്റ് മാത്യു, ടോമി കോക്കാടൻ, പ്രവീൺ വർക്കി എന്നിവരാണ് കൺസർവേറ്റീവ് പാർട്ടി സ്ഥാനാർഥിത്വത്തിനായി മൽസരിക്കുന്ന മറ്റ് മലയാളികൾ.

കഴിഞ്ഞ ഇരുപത്തിയഞ്ച് വർഷത്തിലധികമായി കാനഡയിലെ മലാളികൾക്കായി അക്ഷീണം പ്രവർത്തിക്കുന്ന പൊതുപ്രവർത്തകൻ ആണ് ജോബ്സൺ ഈശോ. മാർക്കം-സ്റ്റോവിൽ റൈഡിങ്ങിൽ നിന്നാണ് അദ്ദേഹം മത്സരിക്കുന്നത്.2015 ലെ ഫെഡറൽ ഇലക്ഷനിൽ മാർക്കം തോൺഹില്ലിലെ കൺസർവേറ്റീവ് സ്ഥാനാർത്ഥിയായിരുന്നു ജോബ്സൺ.

മാർക്കം റേസ് റിലേഷൻസ് കമ്മിറ്റിയുടെ ചെയർ, ബോക്സ് ഗ്രോവ് ഫൺ ഫെസ്റ്റിന്റെ ചെയർ, മർക്കം ഇവന്റിന്റെ വിവിധ വിഭാഗങ്ങളുടെ കോ-ചെയർ, മാർക്കം സൗത്ത് ഏഷ്യൻ ഫെസ്റ്റിവലിന്റെ സ്ഥാപകൻ എന്നീ നിലകളിൽ അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്. അതോടൊപ്പം സൗത്ത് ഏഷ്യൻ ആർട്സ് ആൻഡ് കൾച്ചറൽ ഓർഗനൈസേഷന്റെ ഡയറക്ടർ എന്ന നിലയിൽ, സാംസ്കാരിക വൈവിധ്യം പ്രോത്സാഹിപ്പിക്കുന്നതിന് പരിപാടികൾ സംഘടിപ്പിക്കുന്നു.

കമ്മ്യൂണിറ്റി സേവനത്തോടുള്ള അദ്ദേഹത്തിന്റെ സമർപ്പണവും പ്രതിബദ്ധതയും 2012 ലെ എച്ച്എം ക്വീൻ എലിസബത്ത് കക ഡയമണ്ട് ജൂബിലി മെഡലും 2010 ൽ മാർഖാം സിറ്റിയിൽ നിന്നുള്ള അംഗീകാരവും പോലെയുള്ള അഭിമാനകരമായ ബഹുമതികളിലൂടെ അംഗീകരിക്കപ്പെട്ടു.

കാനഡയിലും അന്തർദേശീയമായും രാഷ്ട്രീയ പാർട്ടി നേതാക്കൾ, ബിസിനസ്സ് നേതാക്കൾ, ചാരിറ്റി സംഘടനകൾ എന്നിവരുമായി ശക്തമായ ഒരു ശൃംഖല അദ്ദേഹം കെട്ടിപ്പടുത്തിട്ടുണ്ട്. 2016-ൽ ഇൻഡോ കാനഡ ചേംബർ ഓഫ് കൊമേഴ്സിനൊപ്പം ഇന്ത്യയിലെ കേരളത്തിലേക്കുള്ള ഒരു ട്രേഡ് മിഷനിൽ പ്രൊവിൻഷ്യൽ പാർലമെന്റ് നേതാക്കളെ അദ്ദേഹം നയിച്ചത് ശ്രദ്ധേയമാണ്. നിലവിൽ അദ്ദേഹം റോട്ടറി ക്ലബ് ഓഫ് വില്ലോഡെയ്ൽ പ്രസിഡന്റും, മാർത്തോമ്മാ ചർച്ച് ടൊറന്റോ,സ്റ്റൗഫ്വിൽ വൈസ് പ്രസിഡന്റും, കേരള ക്രിസ്ത്യൻ എക്യൂമെനിക്കൽ ചർച്ചസ് ടൊറന്റോയുടെ ഇവന്റ് കോർഡിനേറ്ററും ആണ്.

2018 ലെ വെള്ളപ്പൊക്കത്തിൽ ദുരിതത്തിലായ കേരളത്തിലെ സ്കൂളുകളിൽ കമ്പ്യൂട്ടർ ലാബുകൾ പുനർനിർമ്മിക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിച്ച സുപ്രധാന പദ്ധതിക്ക് ജോബ്സൺ നേതൃത്വം നൽകി വരുന്നു. ട്രൈബൽ സ്കൂളുകളിലെ വിദ്യാഭ്യാസ വെല്ലുവിളികൾ നേരിടാൻ ലക്ഷ്യമിട്ടുള്ള ഒരു സംരംഭം 2024-ൽ ആരംഭിച്ചു. ഈ ദൗത്യം നിറവേറ്റുന്നതിനായി റോട്ടറി ക്ലബ്ബുകളുമായി സഹകരിച്ച് അദ്ദേഹം പ്രവർത്തിക്കുന്നു.

എയ്ജാക്സ് മണ്ഡലത്തിൽ സ്ഥാനാർത്ഥിത്വത്തിനായി ശ്രമിക്കുന്ന ബെലന്റ് മാത്യു ആദ്യം സ്ഥാനാർത്ഥിത്വം പ്രഖ്യാപിച്ചത്. തുടർന്ന് മിസിസ്സാഗ കുക്സ്വില്ലിൽ നിന്നും പാർട്ടി സ്ഥാനാർത്ഥിത്വത്തിനായി മത്സരിക്കുമെന്ന് ടോമി കോക്കാടൻ പ്രഖ്യാപിച്ചു, ലണ്ടൻ വെസ്റ്റ് മണ്ഡലത്തിൽ പാർട്ടി സ്ഥാനാർത്ഥിത്വത്തിനായി മത്സരിക്കുമെന്ന് പ്രവീൺ വർക്കി അറിയിച്ചതോടെ മത്സരിക്കുന്നവരുടെ എണ്ണം നാലായി.


"Are you ready to make memories
that will last a lifetime?"
HIGHLIGHTS OF
COSTA RICA
JULY 31 – AUGUST 8, 2024
"At Faith Holidays,
we understand the
importance of shared
experiences."
FAITH HOLIDAYS
America's Finest Tour Operator
To Book: 1-888-91-FAITH
www.faithholidays.com

# അസോസിയേഷൻ ഓഫ് റ്റാമ്പാ ഹിന്ദു മലയാളി [ആത്മ ] യൂത്ത് ഫോറം സ്പ്രിങ് പിക്നിക്കും, ഹോളി ആഘോഷവും നടത്തി

ആത്മയുടെ യൂത്ത് ഫോറത്തിന്റെ നേതൃത്വത്തിൽ സ്പ്രിങ് പിക്നിക്കും, ഹോളിയും ആഘോഷിച്ചു. കുട്ടികൾക്കും മുതിർന്നവർക്കുമായി ഒരുക്കിയ മത്സരങ്ങൾ എല്ലാവരും ആവേശത്തോടെ പങ്കെടുത്തു

നിവി നാരായണൻ ,വാസുദേവ് രഞ്ജിത്ത് നേതൃത്വത്തിലാണ് യൂത്ത് ഫോറം ആഘോഷങ്ങൾ നടത്തിയത്.യൂത്ത് ഫോറം എക്സിക്യൂട്ടീവ്സ് : നീൽ കൃഷ്ണൻ, ആദിത്യ നായർ, അഞ്ജലി അരുൺ, വേദിക വിനോദ് , നിവേദ നാരായണൻ, റിയ നായർ, ആദിത്യ അരുൺ, ജിയ ജ്യോതിഷ് , ദേവിക പ്രമോദ്, നിവേദിത ഷിബു, അവന്തിക കൃഷ്ണ. എന്നിവർക്കൊപ്പം അഞ്ജന കൃഷ്ണനും രാജി രവീന്ദ്രനും കുട്ടികൾക്കുള്ള നേതൃത്വ പരിശീലനം കൊടുത്തു.

ടാമ്പാ ഹിൽസ്ബൊറോ റിവർ സ്റ്റേറ്റ് പാർക്കിൽ ആയിരുന്നു പിക്നിക് പിക്നിക്കും ഹോളിയും ആഘോഷിച്ചത്. കൃത്രിമ കളർ ഒഴിവാക്കി പ്രകൃതി സൗഹാർദമായി ആണ് ഹോളി ആഘോഷിച്ചത്. കുട്ടികളും വലിയവരും ഉൾപ്പെടെ നൂറോളം പേർ പരിപാടിയിൽ പങ്കെടുത്തു.

ആത്മ യൂത്ത് ഫോറം കുട്ടികളിൽ നേതൃത പരിശീലനവും സാമൂഹിക പ്രതിബദ്ധതയും വളർത്താനുള്ള പരിപാടികൾ ആണ് നടത്തുന്നത്. ജനുവരിയിൽ നടത്തിയ അയ്യപ്പ ടെംപിൾ ക്ലീനപ്പ് വളരെ ശ്രദ്ധേയമായ പ്രൊജക്റ്റ് ആയിരുന്നു.

യൂത്ത് ഫോറം കുട്ടികൾക്കായുള്ള ഒട്ടനവധി പരിപാടികൾ പ്ലാൻ ചെയ്തിട്ടുണ്ട്

അഷീദ് വാസുദേവൻ - പ്രസിഡന്റ്,




Now Open to
Serve You!
We Specialize Indoor and Outdoor Catering
Newly
Redesigned
Restaurant
Interior
Dilbar
INDIAN RESTAURANT
In An
Elegant
Atmosphere
Authentic
Indian
Cuisine
248-08 UnionTpke, Bellrose, NY
Tel:1-718-347-3900 | Cel: 1-646-500-2057




പ്രവീൺ ഗോപിനാഥ് - വൈസ് പ്രസിഡന്റ്, അരുൺ ഭാസ്കർ - സെക്രട്ടറി, ശ്രീജേഷ് രാജൻ - ജോയിന്റ് സെക്രട്ടറി , രാജി രവീന്ദ്രൻ - ട്രഷറർ , മീനു പദ്മകുമാർ - ജോയിന്റ് ട്രഷറർ.

എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങൾ : അജു മോഹൻ, അഞ്ചു ഡേവ്, ചന്ദന പ്രദീപ്, പൂജ വിജയൻ, രേഷ്മ ധനേഷ്, ഷിബു തെക്കടവൻ ശ്യാമിലി സജീവ്, സൗമ്യ രഞ്ജിത്, ശ്രീരാജ് നായർ. ആത്മ ഏപ്രിൽ 21നു വിപുലമായ വിഷു ആഘോഷങ്ങൾ നടത്തുന്നു.

അസ്സോസിയേഷന്റെ മെംബർഷിപ് ക്യാമ്പയിൻ ഏപ്രിൽ മാസത്തിൽ നടക്കുന്നു . കൂടുതൽ വിവരങ്ങൾക്കും ,മെംബെർഷിപ്പിനും മവേ ാമ.ശിര@ഴാമശഹ ലിൽ ബന്ധപ്പെടുക















HEDGE
BROKERAGE INC.
Life Insurance with Long Term Care
Disability Income
Business Overhead Expense Disability Insurance
10 Pay Life Insurance
Estate Planning
Advantage Index Universal Life S&P 500
Life Income Annuity
HEDGE
BROKERAGE INC.
1-516-433-4310
hedgebrokerage@gmail.com

# കേരള സെന്ററിൽ ഡോ. തോമസ് എബ്രഹാമിന്റെ ജീവിതം ആഘോഷമാക്കിയ ലൈബ്രറി ഉദ്ഘാടനം




ഫോട്ടോ: ബിനു തോമസ്

ന്യു യോർക്ക്: വിവിധ സംഘടനകളുടെ സ്ഥാപകനും കേരള സെന്ററിന്റെ തുടക്കക്കാരിലൊരാളും അരനൂറ്റാണ്ടിലേറെയായി ഇന്ത്യൻ അമേരിക്കൻ സമൂഹത്തിന്റെ കരുത്തുറ്റ വക്താവും ആചാര്യ സ്ഥാനീയനുമായ ഡോ. തോമസ് എബ്രഹാമിന്റെ നാമധേയത്തിൽ കേരള സെന്ററിൽ സ്ഥാപിച്ച ലൈബ്രറി കോൺസൽ ജനറൽ ബിനയ ശ്രീകാന്ത പ്രധാൻ ഉദ്ഘാടനം ചെയ്തു.

പുസ്തകങ്ങൾക്ക് പുറമെ ഇന്ത്യ അമേരിക്കൻ സമൂഹത്തിന്റെ വളർച്ച ചിത്രീകരിക്കുന്ന ചരിത്രപരമായ രേഖകളും മറ്റും അടങ്ങിയതാണ് ലൈബ്രറി.

കേരള സെന്ററിൽ നിറഞ്ഞു കവിഞ്ഞ സദസിനെ അഭിസംബോധന ചെയ്ത കോൺസൽ ജനറൽ പ്രധാൻ ഇത് ഒരു ലൈബ്രറി ഉദ്ഘാടനമായിട്ടല്ല താൻ കാണുന്നതെന്നു പറഞ്ഞു. മറിച്ച് ഡോ. തോമസ് എബ്രഹാമിന്റെ ജീവിതവും സമൂഹത്തിനു അദ്ദേഹം നൽകിയ സംഭാവനകളും ഇവിടെ ആഘോഷിക്കപ്പെടുകയാണ്. അദ്ദേഹം സ്ഥാപിച്ച ഗോപിയോ (ഗ്ലോബൽ ഓർഗനൈസിഷൻ ഓഫ് പീപ്പിൾ ഓഫ് ഇന്ത്യൻ ഒറിജിൻ) പോലുള്ള സംഘടനകൾ തനിക്കു പരിചിതമാണ്. ഇവിടെ സ്ഥാനമേറ്റയുടൻ പരിചയപ്പെട്ടവരിൽ ഒരാൾ അദ്ദേഹമായിരുന്നു. ഇന്ത്യൻ അമേരിക്കൻ സമൂഹത്തെപ്പറ്റിയുള്ള വ്യക്തമായ ഒരു ധാരണ അദ്ദേഹത്തിൽ നിന്ന് കിട്ടി.

ഇന്ത്യൻ സമൂഹത്തിന്റെ ക്രമാനുഗതമായ വളർച്ചയും മാറ്റവും അദ്ദേഹത്തിന്റെ ജീവിതത്തിലൂടെ തന്നെ ബോധ്യമാവും. ആവേശം കൊള്ളിക്കുന്നതാണ് ഈ വളർച്ച. കോൺസുലേറ്റിന്റെ പ്രവർത്തന പരിധിയിൽ പെടുന്ന ഒഹായോയിൽ ചെന്നപ്പോഴും തോമസ് എബ്രഹാമിന്റെ പേര് കേട്ടു. അദ്ദേഹത്തിനെ പ്രവർത്തനം ന്യു യോർക്ക് ട്രൈ സ്റ്റേറ്റ് മേഖലയിൽ ഒതുങ്ങുന്നതല്ല എന്നർത്ഥം. അര നൂറ്റാണ്ടിനപ്പുറം ഇന്ത്യ എന്ന ബ്രാൻഡ് അദ്ദേഹം എങ്ങനെ രൂപപ്പെടുത്തി എന്നത് ആശ്ചര്യമുളവാക്കുന്നതാണ്.

ഇന്ത്യൻ സമൂഹം ഇവിടെ അനുസ്യൂതം വളരുന്നു. അതിനു നാം വലിയ വില കൊടുക്കുന്നുമുണ്ട്. ഇപ്പോൾ ഇന്ത്യയിൽ നിന്ന് ഒരു ലക്ഷം വിദ്യാർത്ഥികളെങ്കിലും ഓരോ വർഷവും ഇവിടെ പഠിക്കാൻ വരുന്നു. അവർ ഒരു ശക്തിയായി മാറുന്നു.

താൻ ടാൻസാനിയയിൽ അംബാസഡറായിരിക്കെ ഇന്ത്യയിലെ ഐ ഐ ടിയുടെ ശാഖ അവിടെ സ്ഥാപിക്കാൻ ശ്രമിച്ചപ്പോൾ അത് അവിടത്തെ സർക്കാർ തന്നെ ഏറ്റെടുക്കുവാൻ മുന്നോട്ടു വന്നു. ഐ ഐ ടി വഴി ഇന്ത്യ കൈവരിച്ച നേട്ടങ്ങൾ മനസിലാക്കി അത് തന്റെ രാജ്യ








the cotillion
Authentic Indian Cuisine & Asian Fusion Rich in Flavor and Taste
Celebrate Your Precious Wedding and Any Gatherings at Cotillion, Where Timeless Elegance Meets Modern Luxury. Book Your Party today with Us!
the cotillion
440 Jericho Turnpike
JERICHO, NY 11753
(516) 938-3300
The Cotillion is Guaranteed to be a Great Dine Experience








ത്തും ഉണ്ടാവണമെന്നുമുള്ള ആഗ്രഹമാണ് അവിടത്തെ പ്രസിഡന്റിനെ അതിനു പ്രേരിപ്പിച്ചത്.

ഇന്ത്യൻ അമേരിക്കൻ  സമൂഹം ഇന്ത്യയിൽ ചെയ്യുന്ന സേവന പ്രവർത്തനങ്ങൾക്കൊപ്പം ഇവിടെയും ശ്രദ്ധ  വയ്ക്കേണ്ട സമയമായി. പ്രത്യേകിച്ച് ഇവിടെ വരുന്ന വിദ്യാർത്ഥികൾക്ക്  സഹായമെത്തിക്കാൻ സമൂഹം മുന്നോട്ടു വരണം. അതാണ് അത്യാവശ്യമായിട്ടുള്ളത്.

കേരള സെന്ററിന്റെ പ്രവർത്തനങ്ങളിൽ അഭിമാനമുണ്ട്. ലൈബ്രറിയിൽ ഡിജിറ്റൽ സംവിധാനവും ഉണ്ടാകണം.

കേരള  സെന്ററിന്റെയത്ര സൗകര്യം  കോൺസുലേറ്റിനില്ലെന്നും  അദ്ദേഹം  പറഞ്ഞു.  കേരള സെന്ററിലുള്ള പോലാത്ത  ടെറസ്  അവിടെയില്ല- കൂട്ടചിരികൾക്കിടയിൽ അദ്ദേഹം പറഞ്ഞു. ഡോ. മധു ഭാസ്കരൻ കോൺസൽ ജനറലിനെ പരിചയപ്പെടുത്തി.

മറ്റൊരു മുഖ്യാതിഥി ആയിരുന്ന  ന്യു യോർക്ക് സ്റ്റേറ്റ് സെനറ്റർ കെവിൻ തോമസ് തന്റെ പ്രവർത്തനമേഖല മാറാൻ പോകുന്നത് ചടങ്ങിൽ വെളിപ്പെടുത്തി. കോൺഗ്രസിലേക്ക് മത്സരിക്കുമെന്ന് അദ്ദേഹം പ്രഖ്യാപിച്ചിരുന്നുവെങ്കിലും അത് പിന്നീട് വേണ്ടെന്നു വച്ചു. ന്യു യോർക്ക് സ്റ്റേറ്റ് സെനറ്റിലേക്കും അദ്ദേഹം ഇനി മത്സരിക്കുന്നില്ല. പ്രധാനപ്പെട്ട മറ്റൊരു നിയമനം അദ്ദേഹത്തിന് ലഭിക്കുമെന്ന് നേരത്തെ  സൂചനയുണ്ടായിരുന്നു. അത് എന്തായിരിക്കുമെന്ന്  അദ്ദേഹം വെളിപ്പെടുത്തിയില്ല.

അദ്ദേഹത്തിന്റെ അഭാവത്തിൽ ന്യു യോർക്ക് സെനറ്റിലും അസംബ്ലിയിലും മലയാളികൾ ഇല്ലാതാവും.  അത് നികത്താൻ യുവജനത രംഗത്തു വരണമെന്നദ്ദേഹം പറഞ്ഞു. കേരള സെൻറ്ററുമായും തോമസ് എബ്രഹാമുമായുള്ള ബന്ധവും അദ്ദേഹം വിവരിച്ചു. തോമസ് എബ്രഹാമിനെ ആദരിക്കുന്ന സെനറ്റിന്റെ പ്രൊക്ലമേഷനും അദ്ദേഹം കൈമാറി.

കേരള സെന്റർ ഒരു ഗവേഷണ കേന്ദ്രമായിരിക്കുമെന്നു പറഞ്ഞു താൻ 1994 ൽ പത്രങ്ങളിൽ എഴുതിയത് കേരള  സെന്റർ എക്സിക്യൂട്ടിവ് ഡയറക്ടർ ഇ.എം.സ്റ്റീഫൻ  അനുസ്മരിച്ചു. കേരളം എന്ന പ്രാദേശികചിന്താഗതിക്കു പകരം ഇന്ത്യ എന്ന വിശാല  കാഴ്ചപ്പാടാണ് തങ്ങൾ പിന്തുടർന്നത്.

1978 മുതൽ തോമസ് എബ്രഹാമുമായി താൻ ബന്ധപ്പെടുന്നു. അദ്ദേഹം സ്ഥാപിച്ച പല സംഘടനകളിലും പ്രവർത്തിക്കുകയും ചെയ്തു. ഒരുവിഭാഗത്തിനു വേണ്ടി മാത്രമല്ല, എല്ലാവരുടെയും നന്മക്കായി തത്വചിന്താപരവും പുരോഗമനപരവുമായി പ്രവർത്തിക്കുന്ന വ്യക്തിയാണദ്ദേഹം.










നമ്മുടെ സമൂഹത്തിൽ മതപരമായും മറ്റും ഭിന്നതകൾ അടുത്തകാലത്തായി വളരുന്നു. അത് നമ്മുടെ സമൂഹത്തെ ശിഥിലപ്പെടുത്തും. ഐക്യത്തിനും മതനിരപേക്ഷതക്കും വേണ്ടി നാം ശക്തമായി രംഗത്തിറങ്ങേണ്ടതുണ്ട്-സ്റ്റീഫൻ പറഞ്ഞു.

സെന്റർ പ്രസിഡന്റ് അലക്സ് എസ്തപ്പാൻ ഡോ. തോമസ് എബ്രഹാം ആണ് മിക്കവാറുമെല്ലാ ഇന്ത്യൻ സംഘടനകളും സ്ഥാപിച്ചതെന്ന് ചൂണ്ടിക്കാട്ടി. എഫ്. ഐ. എ., എൻ.എഫ്, ഐ. എ., ഗോപിയോ എന്നിങ്ങനെ. അവയാണ് ഇന്ത്യൻ സമൂഹത്തെ ശാക്തീകരിച്ചത്.

വെസ്റ്റ്ചെസ്റ്ററിൽ നിന്നു ന്യൂ യോർക്ക് സ്റ്റേറ്റ് അസംബ്ലിയിലേക്കു മത്സരിക്കുന്ന ജോൺ ഐസക് (ഷിബു), രാജു തോമസ്, റോക്ക് ലാൻഡ് ലെജിസ്ളേറ്റർ ഡോ. ആനി പോൾ തുടങ്ങി ഒട്ടേറെ പേർ സംസാരിച്ചു.

ഡെയ്സി സ്റ്റീഫൻ ആയിരുന്നു എം.സി. ഡോ. തോമസ് എബ്രഹാമിന്റെ പുത്രൻ ജെയ് എബ്രഹാം, പുത്രി ഡോ നിത്യ എബ്രഹാം, പൗത്രി ലീല, തുടങ്ങിയവരും മറ്റു കുടുംബാംഗങ്ങളും ചടങ്ങിൽ പങ്കെടുത്തു.

ലൈബ്രറി ഉദ്ഘാടനം പ്രമാണിച്ചു ഏപ്രിൽ 6 ന്യൂ യോർക്ക് സിറ്റിയിൽ ഡോ. തോമസ് എബ്രഹാം ദിനമായി മേയർ എറിക്ക് ആഡംസ് പ്രഖ്യാപിച്ചു. ഇത് സംബന്ധിച്ച പ്രഖ്യാപനവും ചടങ്ങിൽ കൈമാറി.

തന്റെ പ്രവർത്തനങ്ങളെപ്പറ്റി സംസാരിച്ച ഡോ. തോമസ് എബ്രഹാം അത് സമൂഹത്തിൽ എന്തെങ്കിലും മാറ്റങ്ങൾ ഉണ്ടാക്കിയിട്ടുണ്ടെങ്കിൽ അതിൽ താൻ കൃതാർത്ഥതയുള്ളവനാണെന്ന് വക്തമാക്കി. നമ്മുടെ സമൂഹം ഇനിയും വളരുകയും രാഷ്ട്രീയ രംഗത്തും മറ്റും കരുത്താർജിക്കുകയും വേണം.











# ഫാ. ജോസഫ് വർഗീസ് പാക്കിസ്ഥാനിലേക്ക് പുതിയ ദൗത്യവുമായി

(ജോർജ് തുമ്പയിൽ)

മതാന്തര സംവാദങ്ങളിലൂടെയും, സമാധാന യാത്രകളിലൂടെയും ശ്രദ്ധിക്കപ്പെട്ട ഫാ. ജോസഫ് വർഗീസിന്റെ ഏറ്റവും പുതിയ ദൗത്യം സവിശേഷ ശ്രദ്ധ നേടുന്നു. പാക്കിസ്ഥാനിലേക്ക് ഏപ്രിൽ ഏപ്രിൽ പത്താംതീയതി നടത്തുന്ന യാത്രയാണ് ശ്രദ്ധിക്കപ്പെടുന്നത്. ഇതാദ്യമായാണ് സിറിയൻ ഓർത്തഡോക്സ് സഭയുടെ ലിറ്റർജി പാക്കിസ്ഥാനിൽ എത്തുന്നത്.

പാക്കിസ്ഥാനിലെ ഹൈദരാബാദിലും സിന്ധിലും 40 കുടുംബങ്ങളേയും പഞ്ചാബിലിലെ ഫൈസ്ലാബാദിൽ 30 കുടുംബങ്ങളേയും മാമ്മോദീസ മുക്കുവാൻ അച്ചനും സംഘാംഗങ്ങളും പ്ലാൻ ചെയ്യുന്നു. സിറിയയിൽ നിന്നുള്ള ഒ.ഒ ഇഗ്നാത്തിയോസ് അപ്രേം രണ്ടാമൻ പാത്രിയർക്കീസിന്റെ മെത്രാപ്പോലീത്തയായ അഭിവന്ദ്യ ജോസഫ് ബാലി, ഫാ. ഷമൂൺ, ഫാ. ഷസാദ് കോക്കർ, റോമസ് ബട്ടി എന്നിവരും സംഘത്തിലുണ്ട്.

ഏപ്രിൽ 12-ാം തീയതി കറാച്ചിയിലെത്തുന്ന മെത്രാപ്പോലീത്തയേയും അച്ചനേയും കറാച്ചി എയർപോർട്ടിൽ നിന്ന് ഹൈദരാബാദിലേക്ക് ആനയിക്കും. 13-ാം തീയതി ഗോണ്ടൽ ഫാം കോത്രിയിൽ സ്വീകരണം. തുടർന്ന് പ്രാർത്ഥനയും ബാപ്റ്റിസവും. ഏപ്രിൽ 14-ന് ഹൈദരാബാദിൽ നിന്നുള്ള രണ്ട് പേർ ശെമ്മാശന്മാരായി വാഴിക്കപ്പെടും. വൈകുന്നേരം നടക്കുന്ന ഇന്റർ ഫെയ്ത്ത് ഹാർമ്മണിയിൽ കാത്തലിക് ബിഷപ്പുമാരും, മുസ്ലീം നേതാക്കളും, പ്രൊട്ടസ്റ്റന്റ് പാസ്റ്റർമാരുമുൾപ്പടെയുള്ളവരുമായുള്ള എക്യൂമെനിക്കൽ ചർച്ചകൾ, 16-ന് കറാച്ചിയിൽ നിന്ന് ഫൈസ്ലാബാദ്, സഹിവാൻ, ഓക്റ എന്നിവിടങ്ങളിലേക്ക് യാത്ര, 17-ന് സ്വീകരണം, പഞ്ചാബിൽ നിന്നുള്ളവരെ ശെമ്മാശന്മാരാക്കുന്ന ശുശ്രൂഷ, 18-ന് ലാഹോർ എയർപോർട്ടിൽ നിന്ന് ലെബനോനിലേക്ക് മടക്കം.

മതങ്ങൾ തമ്മിലും, വ്യത്യസ്ഥ മത പാരമ്പര്യങ്ങൾക്കിടയിലും വ്യക്തിപരമായും, സ്ഥാപനപരവുമായ തലങ്ങളിൽ ദേശീയ, അന്തർദേശീയ തലത്തിൽ ക്രിയാത്മക ഇടപെടലുകൾക്കും, സഹകരണത്തിനും നേതൃത്വം വഹിക്കുന്ന ഫാ. ജോസഫ് വർഗീസ് അമേരിക്കൻ മലയാളികൾക്കിടയിലെ വ്യത്യസ്ഥ മുഖമാണ്. ഇപ്പോൾ സൗത്ത് ഫ്ളോറിഡയിലെ മയാമിയിൽ സെന്റ് മേരീസ് സിറിയൻ ഓർത്തഡോക്സ് ഇടവക വികാരി. ഭാര്യ ജെസി വർഗീസ്. മക്കൾ: യൂജിൻ



വർഗീസ്, ഈവാ സൂസൻ വർഗീസ്.

ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റിലീജിയസ് ഫ്രീഡം ആൻഡ് ടോളറൻസിൽ (കഞഎഠ) അംഗവും, ഹോളി സോഫിയാ കോപ്റ്റിക് ഓർത്തഡോക്സ് സ്കൂൾ ഓഫ് തിയോളജിയിലെ അഡ്ജക്ട് പ്രൊഫസറുമാണ് അച്ചൻ

TAX PREPARATION SPECIALISTS
JOSEPH & ASHLEY KURIAPPURAM CPA



- FOREIGN INCOME COMPLIANCES
- WE WORK IN ALL FIFTY STATES
- PERSONAL AND BUSINESS RETURNS
- BUSINESS START-UPS
- ITIN PROCESSING
- FREE CONSULTATION & e-FILING
- 24/7 CUSTOMER SERVICE
- OPEN 7 DAYS, 9:00 AM TILL MIDNIGHT

U S TAX SERVICES
111 MAIN STREET, SUITE 2, NANUET, NEW YORK 10954
Phone. (845) 215-5601 Cell. (845) 507-2667 | Email: usincometax@gmail.com


Now baking
4 exciting flavors
Plum Cakes Freshly Made in USA
HOTCAKEUSA
Premium Plum Fruit & Nut Cake
Handmade with Finest Organic & Natural Ingredients
'Available at all leading stores in USA'
Seeking Part-time Sales and Marketing Professionals from all 50 states
NOW ACCEPTING BULK PRE-ORDERS!
Nationwide Retailers Welcome!
www.hotcakeusa.com or Call 1-201-479-2727

# ലിൻഡൻ സെന്റ് മേരിസ് ഇടവകയിൽ ഫാമിലി & യൂത്ത് കോൺഫറൻസ് രജിസ്ട്രേഷന് ആവേശകരമായ തുടക്കം



**ഉമ്മൻ കാപ്പിൽ**

ലിൻഡൻ (ന്യൂജേഴ്സി) : മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസന ഫാമിലി/യൂത്ത് കോൺഫറൻസിന്റെ രജിസ്ട്രേഷൻ കിക്ക് ഓഫ് മാർച്ച് 17 ഞായറാഴ്ച ലിൻഡൻ സെന്റ് മേരീസ് മലങ്കര ഓർത്തഡോക്സ് ഇടവകയിൽ വെച്ച് നടത്തപ്പെട്ടു. നോർത്ത് ഈസ്റ്റ് അമേരിക്കയിലെയും കാനഡയിലെയും ഇടവകകളിൽ നിന്നുള്ള അംഗങ്ങൾ നാല് ദിവസത്തെ കോൺഫറൻസിൽ പങ്കെടുക്കും. ഭദ്രാസനത്തിന്റെ ഏറ്റവും വലിയ സമ്മേളനമാണ് ഫാമിലി/യൂത്ത് കോൺഫറൻസ്.

വിശുദ്ധ കുർബാനയ്ക്കുശേഷം കോൺഫറൻസ് ടീമിന് ഫാ.സണ്ണി ജോസഫ് (വികാരി) സ്വാഗതം ആശംസിച്ചു. ചെറിയാൻ പെരുമാൾ (ഫാമിലി/യൂത്ത് കോൺഫറൻസ് സെക്രട്ടറി), ജോൺ താമരവേലിൽ (ഫൈനാൻസ് കോർഡിനേറ്റർ), മാത്യു വർഗീസ് (റാഫിൾ കോർഡിനേറ്റർ), ഷീല ജോസഫ്, റോണ വർഗീസ്, നിക്കോൾ വർഗീസ്, ലിസ് പോത്തൻ, നോബിൾ വർഗീസ്, റെജി വർഗീസ്, നോയൽ വർഗീസ് (കോൺഫറൻസ് കമ്മിറ്റി അംഗങ്ങൾ) എന്നിവരായിരുന്നു സംഘത്തിൽ ഉണ്ടായിരുന്നത്. ബോബി ടോംസ് (ഇടവക സെക്രട്ടറി), അലക്സ് ജോൺ (ഇടവക ട്രഷറർ), റിംഗിൾ ബിജു (മെഡിക്കൽ കമ്മിറ്റി അംഗം), ജേക്കബ് ജോസഫ് (മുൻ എന്റർടൈൻമെന്റ് കോ-ഓർഡിനേറ്റർ) എന്നിവരും വേദിയിലുണ്ടായിരുന്നു.

ചെറിയാൻ പെരുമാൾ തന്റെ ആമുഖ പ്രസംഗത്തിൽ, 2019, 2023 വർഷങ്ങളിൽ നടന്ന ഫാമിലി & യൂത്ത് കോൺഫറൻസുകളുടെ കോർഡിനേറ്ററായി ഫാ.സണ്ണി ജേക്കബ് നൽകിയ സ്തുത്യർഹമായ നേതൃത്വം അനുസ്മരിച്ചു.



കോൺഫറൻസിന്റെ തീയതികൾ, തീം, പ്രാസംഗികർ , വേദി, വേദിക്ക് സമീപമുള്ള ആകർഷണങ്ങൾ എന്നിവ ഉൾപ്പെടെയുള്ള പൊതുവായ വിവരങ്ങളും ചെറിയാൻ നൽകി. ഷീല ജോസഫ് രജിസ്ട്രേഷൻ നടപടിക്രമങ്ങൾ വിശദീകരിക്കുകയും രജിസ്ട്രേഷൻ സമയപരിധി അടുത്തിരിക്കുന്നതിനാൽ ഉടൻ രജിസ്റ്റർ ചെയ്യാൻ എല്ലാവരേയും പ്രോത്സാഹിപ്പിക്കുകയും ചെയ്തു. കോൺഫറൻസിനെ അനുസ്മരിച്ചുകൊണ്ട് പ്രസിദ്ധീകരിക്കുന്ന സുവനീറിനെക്കുറിച്ചും ലേഖനങ്ങൾ, പരസ്യങ്ങൾ, ആശംസകൾ എന്നിവ സമർപ്പിക്കാനുള്ള അവസരങ്ങളെക്കുറിച്ചും റോണ വർഗീസ് സംസാരിച്ചു.

കോൺഫറൻസിന്റെ ധനസമാഹരണത്തിന്റെ ഭാഗമായി സംഘടിപ്പിച്ചിട്ടുള്ള റാഫിളിനെക്കുറിച്ചുള്ള വിവരങ്ങൾ നിക്കോൾ വർഗീസ് പങ്കുവച്ചു. കോൺഫറൻസിന്റെ ഭാഗമായി ആസൂത്രണം ചെയ്യുന്ന വിനോദ സായാഹ്നത്തെക്കുറിച്ചും നിക്കോൾ ഓർമ്മിപ്പിച്ചു, എല്ലാ ഇടവകകളിൽ നിന്നുമുള്ള ടീമുകൾക്ക് അവരുടെ ക്രിസ്ത്രീയ പരിപാടികൾ അവതരിപ്പിക്കാൻ കഴിയും. സ്പോൺസർഷിപ്പ് അവസരങ്ങളെയും ആനുകൂല്യങ്ങളെയും കുറിച്ചുള്ള വിവരങ്ങൾ ലിസ് പോത്തൻ പങ്കുവെച്ചു.

ലങ്കാസ്റ്ററിലെ സൈറ്റ് & സൗണ്ട് തിയേറ്ററിലെ ഡാനിയൽ എന്ന പ്രശസ്തമായ ഷോ ഉൾപ്പെടുന്ന വേദിക്ക് സമീപമുള്ള ആകർഷണങ്ങൾ ആസ്വദിക്കാനുള്ള അവസരത്തെക്കുറിച്ച് നോബിൾ വർഗീസ് സംസാരിച്ചു.

ഫാമിലി/യൂത്ത് കോൺഫറൻസിൽ പങ്കെടുത്തതിന്റെ മുൻകാല അനുഭവത്തെക്കുറിച്ച് മാത്യു വർഗീസ് സംസാരിക്കുകയും സമ്പന്നമായ ഒരു അനുഭവത്തിനായി പങ്കെടുക്കാൻ എല്ലാവരേയും പ്രോത്സാഹിപ്പിക്കുകയും ചെയ്തു.


ഇഎം-ദി വീക്കിലിക്ക്
ആശംസ!
പരിചയസമ്പന്നമായ നേതൃത്വം
രാഷ്ട്രീയ -സാമൂഹിക മേഖലകളിലെ സമ്പന്നമായ പാരമ്പര്യം
എക്കാലത്തും ഫൊക്കാനയുടെ ശക്തിസ്രോതസ്
ലീല മാരേട്ട്
ഫൊക്കാന 2024-26 പ്രസിഡന്റ് സ്ഥാനാർഥി
സാദരം നിങ്ങളുടെ പിന്തുണ തേടുന്നു



കുടുംബമായി കോൺഫറൻസിൽ പങ്കെടുക്കുന്നത് നമ്മുടെ കുട്ടികൾക്ക് ഭദ്രാസനത്തിലെ മറ്റ് കുട്ടികളുമായി ഇടപഴകാനും സമ്പന്നമായ ബന്ധങ്ങൾ വളർത്തിയെടുക്കാനും അവസരം നൽകുമെന്ന് ഫാ. സണ്ണി ജോസഫ് ഓർമ്മിപ്പിച്ചു. ആത്മീയമായി ഉയർത്തുന്ന ഒരു അനുഭവത്തിനായി കോൺഫറൻസിനെ പിന്തുണയ്ക്കാനും പങ്കെടുക്കാനും അച്ചൻ എല്ലാവരേയും പ്രോത്സാഹിപ്പിച്ചു. മിക്ക അംഗങ്ങളും രജിസ്ട്രേഷൻ, സുവനീർ പരസ്യങ്ങൾ, റാഫിൾ ടിക്കറ്റുകൾ എന്നിവയിലൂടെ പിന്തുണ വാഗ്ദാനം ചെയ്തു.

സമ്മേളനത്തിന് ആത്മാർത്ഥമായ പ്രാർത്ഥനയും പിന്തുണയും നൽകിയ വികാരി, ഭാരവാഹികൾ, ഇടവകാംഗങ്ങൾ എന്നിവർക്ക് ജോൺ താമരവേലിൽ നന്ദി രേഖപ്പെടുത്തി.

2024 ജൂലൈ 10 മുതൽ 13 വരെ പെൻസിൽവേനിയ ലങ്കാസ്റ്ററിലെ വിൻധം റിസോർട്ടിലാണ് സമ്മേളനം നടക്കുന്നത്. സൺഡേ സ്കൂൾ ഡയറക്ടർ ജനറലും പുതുപ്പള്ളി സെന്റ് ജോർജ് ഓർത്തഡോക്സ് പള്ളി വികാരിയുമായ ഫാ. ഡോ. വർഗീസ് വർഗീസ് (മീനടം) മുഖ്യപ്രഭാഷണം നടത്തും. ഗ്രീക്ക് ഓർത്തഡോക്സ് സഭയുടെ ഫാ. സെറാഫിം മജ്മുദാറും, സൗത്ത് വെസ്റ്റ് ഭദ്രാസന വൈദികൻ ഫാ. ജോയൽ മാത്യുവും യുവജന സെഷനുകൾക്ക് നേതൃത്വം നൽകും. "ദൈവിക ആരോഹണത്തിന്റെ ഗോവണി" എന്ന വിഷയത്തെപ്പറ്റി ""ഭൂമിയിലുള്ള കാര്യങ്ങളിലല്ല, മുകളിലുള്ള കാര്യങ്ങളിൽ നിങ്ങളുടെ മനസ്സ് സ്ഥാപിക്കുക"" (കൊലൊ സ്യർ 3:2) എന്ന വചനത്തെ ആസ്പദമാക്കിയാണ് കോൺഫറൻസിന്റെ ചിന്താവിഷയം. ബൈബിൾ, വിശ്വാസം, സമകാലിക വിഷയങ്ങൾ എന്നിവയെ അടിസ്ഥാനമാക്കി കുട്ടികൾക്കും യുവജനങ്ങൾക്കും മുതിർന്നവർക്കും പ്രത്യേകം സംവേദനാത്മക സെഷനുകൾ ഉണ്ടായിരിക്കും.

Registration link: http://tinyurl.com/FYC2024

കൂടുതൽ വിവരങ്ങൾക്ക്, ഫാ. അബു പീറ്റർ, കോൺഫറൻസ് കോർഡിനേറ്റർ (ഫോൺ: 914.806.4595) / ചെറിയാൻ പെരുമാൾ, കോൺഫറൻസ് സെക്രട്ടറി (ഫോൺ. 516.439.9087) എന്നിവരുമായി ബന്ധപ്പെടുക.



# Blue Ocean
Wealth Solutions

A member of the MassMutual Financial Group



## PHILIPOSE SAMUEL

I specialize in helping businesses and individuals plan for the future by customizing solutions to meet their needs. I take a client-centered approach by using relevant financial and personal information to understand their goals. I analyze this information and prepare a specific Action Plan to help my clients focus on the steps necessary to reach these goals.

## PERSONAL NEEDS

**FAMILY PROTECTION**

- Whole Life Insurance
- Term Life Insurance
- Disability Income Insurance
- Long-Term Care Insurance
- Estate Conservation & Charitable Planning Strategies
- Medicare Supplement & Advantage Plans*
- Medicare Part D*
- Homeowner's Insurance*
- Auto Insurance*

MassMutual Leaders Conference: 2022, 2021,2019, 2018
MetLife Leaders Conference: 2015, 2014, 2012-10, 2008, 2005-03, 2001, 1998, 1997
MetLife Presidents Conference: 2007
NAIFA National Sales Achievement Award: 1999
NAIFA Quality Award: 1998

## PHILIPOSE SAMUEL (SAM)

Financial Services Representative Financial Advisor

O: (516) 326-7028

C: (516) 312-2902

psamuel@financialguide.com | www.blueocean.us.com

Insurance Representative of Massachusetts Mutual Life Insurance Company (MassMutual), Springfield, MA 01111-0001, and its aliated US insurance companies. Registered Representative of and securities and investment advisory services oered through MML Investors Services, LLC, Member SIPC and a MassMutual subsidiary.2200 Northern Boulevard Suite 200 East Hills NY 11548 (516) 686-7000. Local sales agencies are not subsidiaries of MassMutual or its aliated companies. *Property & Casualty insurance is oered through a variety of quality insurance companies that are not aliated with MassMutual or MML Investors Services, LLC. Some health insurance products oered by unaliated insurers. **Not practicing on behalf of MassMutual or its aliates. CRN202501-1659414.

# വേൾഡ് മലയാളി കൗൺസിൽ അമേരിക്ക റീജിയന്റെ പതിനാലാമത് ബൈനിയൽ കോൺഫറൻസ് വർണാഭമായി കൊണ്ടാടി



ഒർലാണ്ടോ: ലോകമെമ്പാടും പടർന്നു പന്തലിച്ചു കിടക്കുന്ന ഏറ്റവും വലിയ മലയാളി സംഘടനയായ വേൾഡ് മലയാളി കൗൺസിലിന്റെ ശക്തമായ റീജിയണുകളിൽ ഒന്നായ അമേരിക്ക റീജിയന്റെ പതിനാലാമത് ബൈനിയൽ കോൺഫറൻസ് ഒർലാണ്ടോയിലെ ഹിൽട്ടണിൽ വച്ച് ഏപ്രിൽ 5, 6, 7 തീയതികളിലായി നടത്തപ്പെട്ടു. അമേരിക്ക റീജിയൺ ചെയർമാൻ ശ്രീ. ചാക്കോ കോയിക്കലേത്തു, പ്രസിഡന്റ് ശ്രീ. ജോൺസൺ തലച്ചെല്ലൂർ, ജനറൽ സെക്രട്ടറി അനീഷ് ജെയിംസ്, ട്രഷറർ സജി പുളിമൂട്ടിൽ എന്നിവർ ചുക്കാൻ പിടിച്ച കോൺഫറൻസിന്റെ ആതിഥേയത്വം വഹിച്ചത് ഫ്ളോറിഡ പ്രോവിൻസാണ്. വേൾഡ് മലയാളി കൗൺസിൽ ഗ്ലോബൽ ചെയർമാൻ ശ്രീ. ഗോപാലപിള്ള, സെക്രട്ടറി ശ്രീ.പിന്റോ കണ്ണമ്പള്ളി എന്നിവരോടൊപ്പം റീജിയണൽ ഭാരവാഹികളും അമേരിക്കയിലെയും ക്യാനഡയിലെയും വിവിധ പ്രൊവിൻസുകളിലെ പ്രതിനിധികളും പങ്കെടുത്തു.

പ്രമുഖ സിനിമ സംവിധായകനും ഓസ്കാർ നോമിനേഷൻ നേടിയ ഫേസ് ഓഫ് ദി ഫെയ്സ് ലസ്സ് മൂവി ഡയറക്ടറുമായ ശ്രീ. ഷൈസൺ ഔസേഫ് മുഖ്യ അതിഥിയായി പങ്കെടുത്ത ചടങ്ങിൽ പ്രസിഡന്റ് ശ്രീ. ജോൺസൺ തലച്ചല്ലൂർ അധ്യക്ഷത വഹിച്ചു.

ْശ്രീ. ഷൈസൺ ഔസേഫ് തന്റെ ഉദ്ഘാടന പ്രസംഗത്തിൽ വേൾഡ് മലയാളി കൗൺസിൽ ലോകമെമ്പാടുമുള്ള മലയാളികളെ കൂട്ടിയോജിപ്പിച്ചുകൊണ്ടു നടത്തുന്ന ചാരിറ്റി പ്രവർത്തനങ്ങൾ സമൂഹത്തിന് മാതൃകാപരമാണെന്ന് അഭിപ്രായപ്പെട്ടു. പ്രകൃതി ക്ഷോഭത്തിന്റെയും മഹാമാരിയുടെയും സമയത്തിൽ ജന്മനാട്ടിൽ സഹായമെത്തിക്കാൻ പ്രാവാസി സംഘടനകളുടെ മുൻനിരയിൽ വേൾഡ് മലയാളി കൗൺസിൽ ഉണ്ടായിരുന്ന കാര്യം അദ്ദേഹം അനുസ്മരിച്ചു.

സെക്രട്ടറി ശ്രീ. അനീഷ് ജെയിംസ് സ്വാഗതം ആശംസിച്ചു. വിശിഷ്ടാതിഥിയോടൊപ്പം അമേരിക്ക റീജയൺ ഭാരവാഹികളും ചേർന്ന് തിരി തെളിയിച്ച് ചടങ്ങിന് തുടക്കം കുറിച്ചു. അമേരിക്ക റീജിയന്റെ 2024-26 ലെ പുതിയകമ്മറ്റിയുടെ സത്യപ്രതിജ്ഞാ ചടങ്ങിന് ഗ്ലോബൽ ചെയർമാൻ ശ്രീ. ഗോപാലപിള്ള കാർമ്മികത്വം വഹിച്ചു. തുടർന്ന് ഗ്ലോബൽ സെക്രട്ടറി ശ്രീ. പിന്റോ കണ്ണമ്പള്ളി ആശംസയർപ്പിച്ചു. പ്രസിഡന്റ് വോളന്ററി സർവ്വീസ് അവാർഡിനെക്കുറിച്ച് വിശദീകരിച്ചു. വിശിഷ്ടാതിഥിയും അമേരിക്ക റീജിയൻ ഭാരവാഹികളും ഫ്ളോറിയ പ്രൊവിൻസ് ചെയർമാനും പ്രസിഡന്റും ചേർന്ന് പ്രസിഡന്റ് വോളന്ററി സർവീസ് അവാർഡ് ജേതാക്കൾക്ക് സർട്ടിഫിക്കറ്റുകൾ കൈമാറി.

അനുഗ്രഹീത ഗായികയും കവയത്രിയും ഗാനരചയിതാവും മ്യൂസിക് ഡയറക്ടറുമായ ലിക്സി ചാക്കോയുടെ ഭാവാർദ്രമായ ഗാനസന്ധ്യ സദസിനെ കോരിത്തരിപ്പിച്ചു. നയനമനോഹരമായ ക്ലാസിക്കൽ നൃത്തങ്ങളും ചടുലമായ സിനിമാറ്റിക് നൃത്തങ്ങളും കോമഡി സ്കിറ്റും കവിതകളും ചേർത്തൊരുക്കിയ കലാസന്ധ്യ വേറിട്ട അനുഭവമായി. തുടർന്ന് ഒർലാണ്ടോയിലെ പ്രമുഖ ഡാൻസ് സ്കൂളുകളുടെ ഗുരുക്കന്മാരെ ആദരിച്ചു. ട്രൈഡന്റ്സ് ബാൻഡിന്റെ ലൈവ് മ്യൂസിക് കാണികളെ ത്രസിപ്പിച്ചു. അമേരിയ്ക്ക റീജിയൺ ട്രഷറർ ശ്രീ. സജി ബി. പുളിമൂട്ടിൽ കൃതജ്ഞത അർപ്പിച്ചു.

ഒർലാണ്ടോയിലെ മലയാളീ സമൂഹത്തിന്റെ ശക്തമായ പിന്തുണയോടൊപ്പം ഫോമായുടെ നാഷണൽ ട്രഷറർ ശ്രീ. ബിജു തോണിക്കടവിൽ, ഫൊക്കാന വൈസ് പ്രസിഡന്റ് ശ്രീ. ചാക്കോ കുര്യൻ, ഫോമ സൺഷൈൻ റീജിയൺ ആർ.വി.പി. ശ്രീ. ചാക്കോച്ചൻ ജോസഫ്, ഓർമ്മ പ്രസിഡന്റ് ആന്റണി സാബു, മാഡ് പ്രസിഡന്റ് ലിൻഡോ ജോളി എന്നിവരുടെ സാന്നിദ്ധ്യവും ശ്രദ്ധേയമായി.

ഈ വർഷത്തെ ബൈനിയൽ കോൺഫറൻസ് അതിവിപുലമായ സജ്ജീകരണങ്ങളോടെ സംഘടിപ്പിച്ചു വിജയിപ്പിക്കാനായി അഹോരാത്രം പരിശ്രമിച്ച ഫ്ളോറിഡ പ്രോവിൻസിന്റെ നേതൃത്വത്തെ അമേരിക്ക റീജിയൺ ഭാരവാഹികൾ മുക്തകണ്ഠം പ്രശംസിച്ചു.



GRAND OPENING
(under new management)
Monday Dec.19th
MAHARAJA
SUPERMARKET
Indian Groceries
Snacks
Frozen Foods
Fresh Vegetables Daily
Fresh | Frozen Fish
Meat Market
1620 Hillside Ave, New Hyde Park, NY 11040
1-516-775-3900




കോൺഫറൻസ് ചെയർമാൻ ശ്രീ. അശോക് മേനോൻ, കോ-ചെയർമാൻമാരായ രഞ്ജി ജോസഫ്, സോണി കണ്ണോട്ടുതറ (ഫ്ളോറിഡ പ്രൊവിൻസ് പ്രസിഡന്റ്) പി.ആർ.ഒ. ഡോ. അനൂപ് പുളിക്കൽ എന്നിവരോടൊപ്പം ഫ്ളോറിഡ പ്രോവിൻസ് ചെയർമാൻ മാത്യു തോമസ്, സെക്രട്ടറി തോമസ് ദാനിയേൽ, ട്രഷറർ സന്തോഷ് തോമസ്, വൈസ് ചെയർമാൻ സ്കറിയ കല്ലറയ്ക്കൽ, വൈസ് പ്രസിഡന്റ് റെജിമോൻ ആന്റണി, ജോയിന്റ് ട്രഷറർ ബിജു തോമസ്, വിമൻസ് ഫോറം ചെയർ റോഷ്നി ക്രിസ് നോയൽ, കൾച്ചറൽ ഫോറം ചെയർ അലക്സ് യോഹന്നാൻ, ആലീസ് മാഞ്ചേരി, സ്മിതാ സോണി എന്നിവരുടെ നേതൃത്വത്തിലുള്ള കമ്മറ്റികളാണ് കോൺഫറൻസിന്റെ നടത്തിപ്പിന് സഹായിച്ചത്.










തോമസ് തോമസ്
കാനഡയിൽ നിന്ന്
ഫോമാ പ്രസിഡന്റ്
(2024- 26)
സ്ഥാനാർഥി
മികവിന്റെ പാരമ്പര്യം കൈമുതൽ
അവിഭക്ത ഫൊക്കാനയിലും ഫോമായിലും
കരുത്തുറ്റ നേതൃത്വം
ഫോമായിൽ പ്രാദേശിക സന്തുലനം ആവശ്യം

# ഹോപ് വെൽ ജംഗ്ഷൻ സെന്റ് ഗ്രിഗോറിയോസ് ഓർത്തഡോക്സ് പള്ളിയിൽ ഫാമിലി & യൂത്ത് കോൺഫറൻസ് രജിസ്ട്രേഷൻ ആരംഭിച്ചു

**ഉമ്മൻ കാപ്പിൽ**



ഹോപ് വെൽ ജംഗ്ഷൻ (ന്യൂയോർക്ക്): മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസന ഫാമിലി/ യൂത്ത് കോൺഫറൻസ് പ്ലാനിംഗ് കമ്മിറ്റിയിൽ നിന്നുള്ള ഒരു സംഘം ഏപ്രിൽ 7 ന് ഹോപ് വെൽ ജംഗ്ഷൻ സെന്റ് ഗ്രിഗോറിയോസ് ഓർത്തഡോക്സ് ചർച്ച് ഓഫ് ഡച്ചസ് കൗണ്ടി സന്ദർശിച്ചു.

ഷിബു തരകൻ (ജോയിന്റ് സെക്രട്ടറി), രഘു നൈനാൻ (ഫിനാൻസ് കമ്മിറ്റി അംഗം) എന്നിവരടങ്ങുന്നതായിരുന്നു കോൺഫറൻസ് ടീം. ഇടവകയിൽ കോൺഫറൻസ് രജിസ്ട്രേഷന്റെ ഔദ്യോഗിക കിക്ക് ഓഫിനുള്ള യോഗം വിശുദ്ധ കുർബാനയ്ക്കുശേഷം ഉണ്ടായിരുന്നു.



ഫാ. ബോബി വർഗീസ് (വികാരി) ടീം അംഗങ്ങൾക്ക് സ്വാഗതം ആശംസിക്കുകയും കോൺഫറൻസിൽ രജിസ്റ്റർ ചെയ്യാൻ ഇടവകാംഗങ്ങളോട് ആഹ്വാനം ചെയ്യുകയും ചെയ്തു. ഫാമിലി/ യൂത്ത് കോൺഫറൻസിൻറെ ഈ വർഷത്തെ തീം, തീയതി, ലൊക്കേഷൻ, പ്രാസംഗികർ, രജിസ്ട്രേഷൻ എന്നിവയെക്കുറിച്ചുള്ള പൊതുവായ വിവരങ്ങൾ ഷിബു തരകൻ നൽകി. സമ്മേളനത്തിന്റെ സ്മരണാർത്ഥം പ്രസിദ്ധീകരിക്കുന്ന സുവനീറിനെക്കുറിച്ച് രഘു നൈനാൻ സംസാരിച്ചു. സ്പോൺസർഷിപ്പ് നൽകിയും റാഫിൾ ടിക്കറ്റുകൾ വാങ്ങിക്കൊണ്ടും കോൺഫറൻസിനെ പിന്തുണയ്ക്കണമെന്ന് അദ്ദേഹം അഭ്യർത്ഥിച്ചു.



ഇടവകയെ പ്രതിനിധീകരിച്ച് വിശാൽ ചെറിയാൻ (ഇടവക ട്രസ്റ്റി) സുവനീറിൽ അഭിനന്ദനങ്ങൾ ചേർക്കാൻ സംഭാവന നൽകി. എബ്രഹാം തോമസ് ഗ്രാൻഡ് സ്പോൺസർഷിപ്പോടെ പിന്തുണ വാഗ്ദാനം ചെയ്തു. മാത്യു എടമ്പാടത്ത് (ജോർജ്), വിശാൽ ചെറിയാൻ, മനോജ് വർക്കി, ജസ്റ്റിൻ ജോൺ, കൊച്ചുമോൻ വർഗീസ്, മഹേഷ് മാത്യു എന്നിവർ റാഫിൾ ടിക്കറ്റ് വാങ്ങി പിന്തുണ വാഗ്ദാനം ചെയ്തു.

ആത്മാർത്ഥമായി സഹകരിച്ച വികാരിയോടും ഇടവകാംഗങ്ങളോടും കോൺഫറൻസ് ടീം നന്ദി രേഖപ്പെടുത്തി

കോൺഫറൻസ് 2024 ജൂലൈ 10 മുതൽ 13 വരെ പെൻസിൽവേനിയ ലങ്കാസ്റ്ററിലെ വിൻധം റിസോർട്ടിലാണ് നടക്കുന്നത്. സൺഡേ സ്കൂൾ ഡയറക്ടർ ജനറലും പുതുപ്പള്ളി സെന്റ് ജോർജ് ഓർത്തഡോക്സ് പള്ളി വികാരിയുമായ ഫാ. ഡോ. വർഗീസ് വർഗീസ് (മീനടം) മുഖ്യപ്രഭാഷണം നടത്തും. ഗ്രീക്ക് ഓർത്തഡോക്സ് സഭയുടെ ഫാ. സെറാഫിം മജ്മുദാറും, സൗത്ത് വെസ്റ്റ് ഭദ്രാസന വൈദികൻ ഫാ. ജോയൽ മാത്യുവും യുവജന സെഷനുകൾക്ക് നേതൃത്വം നൽകും.

“ദൈവിക ആരോഹണത്തിന്റെ ഗോവണി“ എന്ന വിഷയത്തിലൂന്നി ““ഭൂമിയിലുള്ള കാര്യങ്ങളിലല്ല, മുകളിലുള്ള കാര്യങ്ങളിൽ നിങ്ങളുടെ മനസ്സ് സ്ഥാപിക്കുക““ (കൊലൊസ്യർ 3:2) എന്ന വചനത്തെ ആസ്പദമാക്കിയാണ് കോൺഫറൻസിന്റെ ചിന്താവിഷയം. ബൈബിൾ, വിശ്വാസം, സമകാലിക വിഷയങ്ങൾ എന്നിവയെ അടിസ്ഥാനമാക്കി കുട്ടികൾക്കും യുവജനങ്ങൾക്കും മുതിർന്നവർക്കും പ്രത്യേകം സെഷനുകൾ ഉണ്ടായിരിക്കും.

ഞലഴശേൃമശേീ ഹശിസ: വേു://ശേി്യൗൃഹ.രീ/എഥഇ2024

കൂടുതൽ വിവരങ്ങൾക്ക് ഫാ. അബു പീറ്റർ, കോൺഫറൻസ് കോർഡിനേറ്റർ (ഫോൺ: 914.806.4595) / ചെറിയാൻ പെരുമാൾ, കോൺഫറൻസ് സെക്രട്ടറി (ഫോൺ. 516.439.9087) എന്നിവരുമായി ബന്ധപ്പെടുക.


MAGNIFICENT
SCANDINAVIA
& ICELAND
AUGUST 10 - 24, 2024
"Are you ready to make memories that will last a lifetime?"
FAITH HOLIDAYS
America's Finest Tour Operator
$ 200 OFF
Discount Code 'TRAVELNOW'
LIMITED TIME OFFER
CALL NOW! 1.800.91.FAITH
or visit www.faithholidays.com

# മൂകാംബികയിൽ ഒരു ദിവസം

ദുർഗ മനോജ്

"ദേവി വിളിക്കും, അപ്പോഴേ മൂകാംബികയെ തൊഴാൻ പറ്റൂ" എന്ന അമ്മയുടെ പറച്ചിൽ കേട്ടു വളർന്നതുകൊണ്ടാവും മൂകാംബികയിലേക്കുള്ള യാത്രകൾക്കിടയിൽ വർഷങ്ങളുടെ വിടവു വരുമ്പോൾ, സമയമായിട്ടില്ല, എന്നാണു ഞാൻ സ്വയം സമാധാനിച്ചിരുന്നത്. ഏതായാലും ഇക്കുറി ദേവിയും അത് ഉദ്ദേശിച്ചു എന്നാണ് ദർശനം കഴിഞ്ഞു മടങ്ങുമ്പോൾ എനിക്കു തോന്നുന്നത്. സാധാരണ മഴ മാസങ്ങളിലാണ് കൊല്ലൂരേക്കു പോകാൻ സമയം ഒത്തുവന്നിരുന്നത്. പക്ഷേ, ഇക്കുറി, തിളയ്ക്കുന്ന വെയിലിൽ, കത്തുന്ന വേനലിൽ, രാത്രിയിൽപ്പോലും ഉരുകുന്ന ചൂടിലാണ് ദേവിയെക്കാണാൻ സകുടുംബം പുറപ്പെട്ടത്. പണ്ടൊക്കെ ഞങ്ങളെ നയിച്ച് മുന്നിൽ നടന്നിരുന്ന അമ്മയ്ക്ക് ഇന്നിപ്പോൾ നടക്കാൻ നല്ല പ്രയാസമുണ്ട്. വീൽച്ചെയർ, ലിഫ്റ്റ് സംവിധാനങ്ങൾ ഉള്ള റെയിൽവേ സ്റ്റേഷനുകൾ പ്രായമുള്ളവരുടെ യാത്രാമോഹങ്ങളെ പരിക്കേൽപ്പിക്കുന്നില്ല എന്നതു ചെറിയ കാര്യമല്ല.






രണ്ടു ട്രെയിൻ മാറിക്കേറിയും, ടാക്സി പിടിച്ചും ബുക്ക് ചെയ്ത ഹോട്ടലിൽ എത്തിയപ്പോൾ സത്യത്തിൽ നടുനിവർത്തി ഒന്ന് ഉറങ്ങാനായിരുന്നു മോഹം. പക്ഷേ, അതിനല്ലല്ലോ ഈ നീണ്ട യാത്ര ചെയ്ത് ഇത്രയും എത്തിയത്. ഉച്ചക്കു ശേഷം നട തുറക്കുമ്പോൾത്തന്നെ അമ്പലത്തിലെത്തണം. വേഗം കുളിച്ചു റെഡിയായി, മടി പിടിച്ചു കിടന്നവരേയും വിരട്ടി തയ്യാറാക്കി അമ്പലത്തിലേക്ക്. തിരക്കില്ല, തിരക്കേയില്ല... അല്ല ഇത്ര നേരത്തേ വന്നിട്ടെന്തിനാ എന്ന് കരുതിയാകും ആരും വരാത്തത്. കിട്ടിയ അവസരം പാഴാക്കിയില്ല. നേരെ ശ്രീകോവിലിലേക്ക്. ചുറ്റുമുള്ളതൊന്നും കണ്ടില്ല, കേട്ടില്ല, ദേവി മുന്നിൽ, ചമയ ഘോഷങ്ങളില്ലാതെ ദേവി! തൊഴുതു, ചുറ്റും വലവെച്ചു വേഗം പുറത്തു കടന്നു, എന്തിനെന്നോ? ഒന്നുകൂടി തൊഴാൻ. രണ്ടാം വട്ടം അകത്തു കടക്കുമ്പോൾ മരത്തിൽ കൊത്തുപണി ചെയ്ത ശ്രീകോവിൽ വാതിൽപ്പടിയിൽ ഒന്നു നിന്നു, മുന്നിൽ അഞ്ചാറു പേരുണ്ട്. അവരു തൊഴട്ടെ, അഷ്ടലക്ഷ്മികളുടെ കൊത്തുപണികൾ ചെയ്ത വെള്ളി പൊതിഞ്ഞ വാതിൽ കടക്കുമ്പോൾ വെള്ളിയിൽ തീർത്ത വിഘ്നേശ്വരനെ കണ്ടു. അല്ല, വിഘ്നം തീർക്കാനും, എല്ലാം തുടക്കം കുറിക്കാനും കൂട്ടുവേണ്ടത് മറ്റാരേയുമല്ലല്ലോ. പിന്നെ, വരിയിൽ നിന്നു തന്നെ ദേവിയെ ഒന്നുകൂടി തൊഴുതു. ഇക്കുറി അല്പം പ്രസാദം കിട്ടി. അതിന്റെ പുഞ്ചിരി ചുണ്ടിൽ വിരിഞ്ഞതു ദേവി കണ്ടു കാണണം. എന്തായാലും രണ്ടു വട്ടമായി. അപ്പോൾ ഒരിക്കൽക്കൂടി കാണണം.

ഇതാണ് മനുഷ്യൻ, പോരുമ്പോൾ ദേവിയെ ഒന്നു കാണണം എന്നു മാത്രമായിരുന്നു ചിന്ത, ഇപ്പഴോ? ഒരു വട്ടം, രണ്ടുവട്ടം... എന്നിട്ടും ഇനീം വേണത്രേ! എന്തൊരു ജാതി മനുഷ്യർ എന്നാവും അകത്താൾ ചിന്തിക്കുന്നത്. സർവ്വ മംഗള മംഗല്യേ ശിവേ സർവ്വാർത്ഥ സാധികേ....ജപിച്ചു കൊണ്ട് വലം വെച്ചു. തെക്കുഭാഗത്ത് ഗണപതി വടക്കോട്ട് ദർശനമായി ഇരിപ്പുണ്ട്.

# Got into an accident?
# NEVER TO WORRY



CALL

GLOBAL COLLISION
& BODY WORKS LLC

1-845-727-4022

We will pick up the vehicle
and repair it fully to your satisfaction!

""അതേ, കെറുവൊന്നും വേണ്ടാട്ടോ, ഇതിപ്പോ മൂകാംബികയെ കാണാൻ വരുമ്പോൾ മൂപ്പത്ത്യാരെ എത്ര കണ്ടാലാ ഒന്ന് കൊതി തീരുക? അതല്ലേ?"" എന്നു പറഞ്ഞ് രണ്ടു നാല് ഏത്തമിട്ട്, പിന്നെ കിഴക്കോട്ടു ദർശനമായുള്ള ആദിശങ്കരനെ വണങ്ങി പടിഞ്ഞാറ് ഭാഗത്തെ മണ്ഡപത്തിന്റെ പടി കയറി കുറച്ചു നേരം ഇരുന്നു. അമ്മ എണ്ണം പിടിച്ച് ജപത്തിലാണ്. തിരക്കുകൂടി വരുന്നു. കണ്ണടച്ച്, മുൻപു വന്നപ്പോൾ നൂലുപോലെ ചെയ്ത മഴയത്ത് ഇതുപോലെ കുറച്ചു നേരം ഇരുന്നത്  ഓർത്തു, മഴക്കാർ നിറഞ്ഞ മാനവും, മഴയിൽ കുളിർന്ന കുടജാദ്രി മലകളും! ആ കാഴ്ച എന്തായിരുന്നു! ഇക്കുറി പൊള്ളുന്ന പ്രദക്ഷിണവഴിയിൽ നിന്നാണ് ചിന്തകൾ. തിരക്കുകൂടും മുൻപ് ഒരു വട്ടം കൂടി.


പുറത്തിറങ്ങി, ക്യൂ രൂപം കൊണ്ടു തുടങ്ങിയിരിക്കുന്നു. വേഗം നടന്ന് ക്യൂവിൽ ഇടം പിടിച്ചു. മെല്ലെ നീങ്ങി നീങ്ങി ദേവിക്കു മുന്നിൽ.

""ഭഗവതീ, അമ്മേ, എന്താ പ്രാർത്ഥിക്കേണ്ടത്? എല്ലാരേം രക്ഷിക്കണം... അതിനപ്പുറം ദാ ഇങ്ങനെ ഇടയ്ക്കു വന്നു കാണാനാകണം. നീ ഒപ്പമുണ്ടെങ്കിൽ അതിനോളം വലുതുമറ്റൊന്നുമില്ല.""

തൊഴുതു, കണ്ണു നിറഞ്ഞു,

പുറത്തിറങ്ങി സരസ്വതീമണ്ഡപത്തിലേക്കു നടന്നു. അമ്മ അവിടെ കാലു നീട്ടി ഇരിപ്പുണ്ട്. അമ്മയും ഒരുവട്ടം തൊഴുതു. വീൽച്ചെയർ ശ്രീകോവിലിനുള്ളിൽ കടത്താനാവില്ല. അമ്മയെ ഏട്ടനും മോനും പിടിച്ചു നടത്തിച്ചു. അമ്മയും നന്നായി തൊഴുതു. ദീപാരാധന കഴിഞ്ഞേ പുറത്തേയ്ക്കുള്ളൂ. സരസ്വതീമണ്ഡപത്തിൽ കുട്ടികൾ വന്നു പാട്ടു പാടുകയും, നൃത്തം ചെയ്യുകയും ചെയ്യുന്നുണ്ട്. മൂകാംബികാദേവി കലയുടെ ദേവതയാണ്. വിദ്യ അഭ്യസിക്കുന്നവർക്കു വേണ്ടത് ദേവിയുടെ കൃപാകടാക്ഷമാണ്. അമ്മേ, വാക്ക് മനതാരിൽ നിറയാൻ നീ അനുഗ്രഹിക്കൂ. ജ്ഞാനമാണ് ദേവിയുടെ അനുഗ്രഹം. ഏതു പാമരനും അമ്മയുടെ അനുഗ്രഹം ലഭിച്ചാൽ പണ്ഡിതനാവും. ഒപ്പം പല മുനിമാരും സൂക്ഷ്മത്തിൽ ഇവിടെ മൂകാംബികയിൽ കുടികൊള്ളുന്നുവെന്നാണ് ഉപാസകർ വിശ്വസിക്കുന്നത്. ദീപാരാധനയ്ക്ക് നട അടച്ചു. ക്ഷേത്രാങ്കണത്തിൽ കൊടിമരത്തിന്നു മുന്നിലെ ആകാശത്തിലേക്കുയർന്നുപൊങ്ങി നിൽക്കുന്ന ഇരുപതു തട്ടു വിളക്കുകളിലും തിരികൾക്കു വെളിച്ചം പകർന്നു കഴിഞ്ഞു. കത്തി നിൽക്കുന്ന നിറദീപം സാക്ഷിയാക്കി പുറം പ്രദക്ഷിണത്തിനൊരുങ്ങി. സുബ്രഹ്മണ്യനെ തൊഴുത്, പരമേശ്വരന്റെ വിവിധ ഭാവങ്ങൾ തൊഴുത് പഞ്ചമുഖ ഗണപതിയെ വണങ്ങി, ഹനുമാൻ സ്വാമിയേയും, നാരായണനേയും, വീരഭദ്രനേയും തൊഴുത് മടക്കം.





കുങ്കുമാർച്ചനയുടെ പ്രസാദവും, ലഡുവും. സഞ്ചിയിലുണ്ട്. അമ്മയെ ക്ഷേത്രത്തിനകത്തു കൊണ്ടുവന്നത് വീൽച്ചെയറിലായിരുന്നു. ഏട്ടനും മകനും അത് ഓഫീസിൽ തിരിച്ചേൽപ്പിക്കാൻ പോയി. അത് വീൽച്ചെയർ വാങ്ങുന്നവർ ഉറപ്പായും ചെയ്യേണ്ടുന്നതാണ്. മറ്റൊരാൾക്ക് അത് കൃത്യമായി കിട്ടാൻ ഉപയോഗശേഷം കണ്ടയിടത്ത് ഉപേക്ഷിക്കാതിരിക്കാനും പഠിക്കണം നമ്മൾ. അവർ വരുന്ന നേരം ഞങ്ങൾ മൂന്നു തലമുറയിൽപ്പെട്ട സ്ത്രീജനങ്ങൾ തെല്ലും പാഴാക്കിയില്ല, ഒരു ഡസൻ കുപ്പിവള വാങ്ങി രണ്ടു കൈകളിലും ഇട്ടു. കുപ്പിവളകളോളം, ഭംഗി മറ്റെന്തിനുണ്ട്?

കടകൾക്കുള്ളിൽ മൂകാംബികയുടെ ചിത്രങ്ങൾ, അമ്മേ നീ ഉള്ളിൽ നിറഞ്ഞു നിൽക്കുമ്പോൾ ചിത്രങ്ങളെന്തിനു വേറെ?

വലിയ പാറക്കല്ലുകളും, കുത്തിയൊലിച്ചു വരുന്ന മഴവെള്ളവും ഡ്രൈവിങ്ങ് ഏതാണ്ട് അസാധ്യമെന്നു തോന്നിപ്പിക്കുന്ന വഴി താണ്ടി വർഷങ്ങൾക്കു മുൻപ് കുടജാദ്രിയിൽ എത്തിയതും, ശങ്കര മണ്ഡപത്തിലേക്കുള്ള കയറ്റം കയറി തളർന്ന് അവശയായി മുട്ടുകുത്തി ഭഗവാനേ എന്നു വിളിച്ചു നമസ്കരിച്ചതും ഓർത്ത് അടുത്ത വരവു കണക്കു കൂട്ടി, രാവിലെ തിരിച്ചു മടങ്ങും മുൻപ് ഒരു വട്ടം കൂടി തൊഴാമല്ലോ എന്നു ചിന്തിച്ചും മെല്ലെ മനസ്സിൽ ജപിച്ചു, ഓം ശ്രീമാതാ ശ്രീ മഹാരാജ്ഞി ശ്രീമത് സിംഹാസനേശ്വരി..



# In Loving Memory of





Mrs. Mariamma Thomas & Mr. A. K. Thomas



**Mrs. Marykutty Thomas**
(Leelamma)



**Mr. Shinu George Simon**



**Mr. P. T. Mathew**
(Mathukutty)

# Best Wishes





**P. T. Thomas**
255 NORTH MAIN ST
Spring Valley NY 10977 ( 845) 352-9680, Spring Valley NY 10977 (845) 352-9680
pt@ptthomas.net

# കേരളാ ലിറ്റററി സൊസൈറ്റി 2023-24 മനയിൽ ജേക്കബ് കവിതാ പുരസ്കാരം ബിന്ദു ടിജിയ്ക്ക്




**മാർട്ടിൻ വിലങ്ങോലിൽ**

ഡാളസ് : ഡാലസിലെ മലയാളി എഴുത്തുകാരുടെയും സാഹിത്യാസ്വാദകരുടെയും സംഘടനയായ കേരള ലിറ്റററി സൊസൈറ്റി (കെ എൽഎസ് ), ഡാളസിന്റെ പ്രഥമ പ്രസിഡന്റും പ്രവാസി മലയാളകവിയുമായ ശ്രീ. മനയിൽ ജേക്കബിന്റെ സ്മരണാർത്ഥം ഏർപ്പെടുത്തിയിരിക്കുന്ന 2023-24 മനയിൽ കവിതാ പുരസ്കാരത്തിനുഅമേരിക്കൻ മലയാളി സാഹിത്യകാരിയായ ബിന്ദു ടിജിയുടെ "ഉടലാഴങ്ങൾ" അർഹമായി.

മനയിൽ കുടുംബമാണ് ഈ വിശിഷ്ട അവാർഡ് സ്പോൺസർ ചെയ്യുന്നത്. ജേതാവിനു ഇരുനൂറ്റിയൻപതു യുഎസ് ഡോളറും, ഫലകവും, പ്രശസ്തിപത്രവും മെയ് 10-12 തിയതികളിൽ ഡാലസ്സിൽ നടക്കുന്ന കെഎൽഎസ്, ലാന ലിറ്റററി ക്യാമ്പിൽ വച്ചു നൽകപ്പെടും.

ഡാളസിലെ മലയാളസാഹിത്യാസ്വാദകരെ പ്രസ്തുത ക്യാമ്പിലേക്കും കെഎൽഎസ് സഹർഷം സ്വാഗതം ചെയ്യുന്നതായി സംഘാടകർ അറിയിച്ചു. അറിയപ്പെടുന്ന സാഹിത്യപ്രതിഭകളായ ഡോ. എംവി പിള്ള, ശ്രീ. ഷാനവാസ് പോങ്ങുമ്മൂട്, ശ്രീ. പുളിമാത്ത് ശ്രീകുമാർ എന്നിവരടങ്ങുന്നതായിരുന്നു ഈ വർഷത്തെ ജഡ്ജിംഗ് പാനൽ.

2022 വർഷത്തെ ഒന്നാം പുരസ്കാരം ലഭിച്ചിരുന്നത് ഡോക്ടർ മാത്യു ജോയ്സിനാണ്. അദ്ദേഹത്തിന്റെ "മാനിന്റെ മാതൃരോദനം " എന്ന ചെറുകവിതയാണ് കഴിഞ്ഞ തവണ തെരഞ്ഞെടുക്കപ്പെട്ടിരുന്നത്.



ഇത്തവണത്തെ പുരസ്കാരജേതാവായ ബിന്ദു ടിജി അമേരിക്കൻ മലയാളസാഹിത്യലോകത്തു അറിയപ്പെടുന്ന കവയത്രിയാണ്. രസതന്ത്രം എന്ന കവിതാസമാഹാരം പ്രസിദ്ധീകരിച്ചിട്ടുണ്ട്. കാലിഫോർണിയയിൽ സ്ഥിരതാമസമയക്കിയ ബിന്ദു ടിജിയുടെ ജന്മദേശം തൃശ്ശൂർ ആണ് . ആനുകാലികങ്ങളിൽ കവിത എഴുതുന്നു. നാടകരചന, അഭിനയം, ഗാനരചന തുടങ്ങിയ മേഖലകളിലും സജീവം. ലാന യുടെ 2019 ലെ കവിതാ പുരസ്കാരവും, 2020- ഇൽ കൊടുങ്ങല്ലൂർ എ അയ്യപ്പൻ ട്രസ്റ്റ് ന്റെ നേരളക്കാട് രുഗ്മണിയമ്മ പുരസ്കാരവും ലഭിച്ചിട്ടുണ്ട് . ഇലക്ട്രിക്കൽഎഞ്ചിനീയർ ആയി ജോലി നോക്കുന്നു . ഭർത്താവ് : ടിജി തോമസ്. കുട്ടികൾ : മാത്യു തോമസ് , അന്നാ മരിയ തോമസ്.

മെയ് 10-12 തിയതികളിൽ ഡാലസ്സിൽ ഓബ്രി ടെക്സാസ് റാഞ്ചിൽ വച്ചു നടക്കുന്ന കെഎൽഎസ്, ലാന സാഹിത്യ ക്യാമ്പിനു ഡാലസ് മലയാളസാഹിത്യാസ്വാദകരെ കുടുംബസമേതം കെഎൽഎസ് പ്രവർത്തകസമിതി സഹർഷം സ്വാഗതം ചെയ്യുന്നതായി സംഘാടക സമിതി അറിയിച്ചു.

കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനും ബന്ധപ്പെടുക: **ഷാജു ജോൺ 469-274-650,**

**ഹരിദാസ് തങ്കപ്പൻ 214-763-3079,**

**സാമുവൽ യോഹന്നാൻ 214-435-0124**

ATTORNEY AT LAW
VINOD KEARKE (KIDANGIL)



- Accident Cases
- Criminal Matters
- Real Estate
- Matrimonial
- Landlord/Tenant
- Immigration
- Wills & Estates

PERSONAL ATTENTION AT REASONABLE FEE

1611 Hilside Ave, New Hyde Park, New York 11040
Phone: 516-326-3350; 516-621-5381
Fax: 516-326-3353; Cell: 516-633-5208

# അലൻ കൊച്ചൂസ് ഫൊക്കാന നാഷണൽ കമ്മിറ്റി മെംബെർ ആയി മത്സരിക്കുന്നു

ശ്രീകുമാർ ഉണ്ണിത്താൻ

ന്യൂ യോർക്ക് :സജിമോൻ നേതൃത്വം നൽകുന്ന ഡ്രീം ടീമിന്റെ ഭാഗമായി ഫൊക്കാനയുടെ 2024-2026 ഭരണസമിതിയിൽ നാഷണൽ കമ്മിറ്റിയിലേക്ക് യൂത്ത് പ്രതിനിധിയായി ന്യൂ യോർക്കിലെ യുവ സംസ്കാരിക രാഷ്ട്രീയ പ്രവർത്തകനയ അലൻ കൊച്ചൂസ് മത്സരിക്കുന്നു.

മികച്ച പ്രസംഗികൻ, മത-സാംസ്കാരിക -രാഷ്ട്രീയ പ്രവർത്തകൻ, സംഘടനാ പ്രവർത്തകൻ തുടങ്ങി നിരവധി മേഖലകളിൽ തനതായ വ്യക്തി മുദ്ര പതിപ്പിച്ച ബഹുമുഖപ്രതിഭയാണ് ന്യൂ യോർക്ക് കാരുടെ അഭിമാനമായ അലൻ കൊച്ചൂസ് '. ന്യൂ യോർക്കിലെ രാഷ്ട്രീയ കാര്യങ്ങളിൽ നിറസാനിദ്ധ്യമാണ് അലൻ. രാഷ്ട്രിയ മേഖലകളിൽ ആയാലും ,മലയാളീ അസ്സോസിയേഷനുകളിലായലും ചർച്ചിൽ ആയാലും അലൻ തന്റെ പ്രവർത്തനത്തിൽ കർമ്മ നിരതനാണ്.

Y's men's ഇന്റർനാഷനലിന്റെ നോർത്ത് അമേരിക്കൻ റീജിയന്റെ യൂത്ത് പ്രസിഡന്റ് ആയും അലൻ സേവനം അനുഷ്ടിക്കുന്നു .



ഫോർഡാം യൂണിവേഴ്സിറ്റിയിൽ നിന്നും 2023 ൽ ഇന്റർനാഷണൽ ഫിനാൻസ് ആൻഡ് ഇക്കണോമിക്സിൽ ബിരുദവും കരസ്ഥമാക്കിയ അദ്ദേഹം വാൾസ്ട്രീറ്റിൽ റിസ്കമാനേജ്മെന്റിൽ ജോലിയും തുടങ്ങി. അച്ഛന്റെയും അമ്മയുടെയും പാത പിന്തുടർന്ന് ഫാമിലി ബിസിനസ്സ് ആയ റിയൽ എസ്റ്റേറ്റ് ബിസിനസ്സിൽ പാർട്ടൈം ആയും ജോലി ചെയ്യുന്നു. ന്യൂ യോർക്കിലെ രാഷ്ട്രീയ സാമൂഹിക രംഗത്ത് വിപ്ലവകരമായ മാറ്റങ്ങൾ സൃഷ്ട്ടിച്ചുകൊണ്ടിരിക്കുന്ന യുവ തലമുറയുടെ പ്രതിനിധിയാണ് അലൻ.

ന്യൂ യോർക്കിലെ രാഷ്ട്രീയ രംഗത്ത് വളർന്നു വരുന്ന അലൻ ,നമ്മുടെ യുവ തലമുറയുടെ ഭാവി വാഗ്ദാനമാണ്. അമേരിക്കൻ രാഷ്ട്രിയത്തിൽ നമ്മുടെ കുട്ടികളെ കൂടുതൽ പ്രോസ്സഹിപ്പിക്കുകയും അവർക്ക് വേണ്ടുന്ന സഹായങ്ങൾ ചെയ്യുന്നതും ഫൊക്കാനയുടെ ലക്ഷ്യം കുടിയാണ്. അലന്റെ പ്രവർത്തനങ്ങൾ യുവ തലമുറക്ക് ഒരു മാതൃക കൂടിയാണ്.

ന്യൂ യോർക്ക് സിറ്റി ഗവൺമെന്റിൽ മാനേജർ ആയും NUMC / NuHealth ന്റെ ഡയറക്ടർ ബോർഡ് മെംബർ കൂടിയായ അജിത് കൊച്ചുസിന്റെയും ന്യൂ യോർക്കിലെ പ്രമുഖ റീയലറ്റർ ആയ ജയാ വർഗിസിന്റെയും മകനാണ് അലൻ. അജിത് കൊച്ചൂസ് ന്യൂ യോർക്കിലെ രാഷ്ട്രിയ രംഗത്തും അത് പോലെ സ്റ്റേറ്റ് സെനറ്റർ കെവിൻ തോമസിന്റെ സഹചാരി കൂടിയാണ്.




Blue Ocean Wealth Solutions
2200 Northern Blvd. Suite 200
East Hills, NY 11548
Ph: 516-326-7033
Cell: 516-902-4300
Fax: 516-326-7055
Slukose@financialguide.com
www.sabulukose.com

NAIFA

Member MDRT®

Blue Ocean Wealth Solutions

A member of the MassMutual Financial Group

SABU LUKOSE, MBA
Financial Services Representative
Financial Advisor
Registered Representa5ve
Platinum Conference
Member Million Dollar Round Table (MDRT)

Retirement Planning
Investment Strategies
Life Insurance
Education Funding
Business Solutions
Estate Conservation Strategies

: 516-902-4300

MassMutual Financial Group is a marketing name for Massachusetts Mutual Life Insurance Company (MassMutual) and its affiliated companies and sales representatives. Sabu Lukose is a registered representative of and offers securities and investment advisory services through MSI Financial Services, Inc. Member SIPC. Some health insurance products offered by unaffiliated insurers. L0916477867[exp0717][AZ,IL,IN,KS,MA,MD,MI,NJ,NY,PA,TX] .












## Bridegroom Wanted

**Bridegroom wanted**

Catholic parents seeking alliance for their daughter, a 29, with a Doctorate in Pharmacy from the Washington State University in Seattle. She is beautiful, dedicated and compassionate, and is been working as Pharmacist for two years. We are looking for a well-educated, understanding, and caring life partner, preferably with a medical professional background, who is around 30-32 years, from RC or other Christian suitable denominations. We believe in the importance of compatibility, respect, and shared values in a marriage.

Pl contact us with your son's details and recent photographs at **lalithundiyil@yahoo.com**

**Bride Wanted**

Marthomite parents of Physician Associate (PA) 28 born and brought up in the US, seek alliance from qualified girls (ages between 25 to 28) from any Christian denominations. He is 6" tall and works in New York.
Interested parties please call 1-917-900-2123 or email info@medialogistics.us

**Bride groom Wanted**

Marthomite parents of doctor, 26 born and brought up in the US, seek alliance from professionally qualified boys (ages between 26 to 29) from any Christian denominations. She is fair, 5"4" tall and family oriented and now works in New Jersey. Interested parties please call 1-917-900-2123 or email info@ media logistics .us

**Seeking Bride**

B.Tech engineer, mechanical, now working in Dubai Working as a Quality Management System Administrator in Premier Composite Technologies, seeks alliance from girls, any denomination. He belongs to an Orthodox family in Wadakanchery, Thrissur. Age: 26; DOB: 26.01.996; Weight: 61 kg; Height: 172 cm. Complexion: medium

Contact: 845 300 6781

## Real Estate

3 BHK New Luxury Apartment In Trichur Town (Near Round)

Contact – 9846128822

**പത്തനംതിട്ടയിൽ ഭൂമി വിൽപനയ്ക്ക്**

പത്തനംതിട്ട കാതോലിക്കേറ്റ് കോളജിനു സമീപം 25 സെന്റ് സ്ഥലം വിൽപനയ്ക്ക്. വില്ലകളോ ഫ്ലാറ്റുകളോ നിർമ്മിക്കുന്നതിന് ഏറ്റവും അനുയോജ്യമായ സ്ഥലം.
കാതോലിക്കേറ്റ് കോളേജ് റോഡിന്റെ സൈഡിലും പത്തനംതിട്ട-ഓമല്ലൂർ റോഡിൽ നിന്ന് മീറ്റർ ഉള്ളിലാണ് കോമ്പൗണ്ട് വാൾ ഉണ്ട് . ദയവായി ബന്ധപ്പെടുക (516) 5031735.

Land for sale in changanacherry

Changanacherry: 28 Cents of prime land with about 25 meter frontal access to main bypass road and within walkable distance of town/railway, bus stations, schools, colleges, hospitals & places of worship. Suitable for commercial / residential projects – available for sale.

This portion of the land is part of larger 58 cent plot with a ancestral house of 4500 Sq.ft with separate entrance. Genuine buyers only - do contact at: Contact: +971552625657 email: plotcgy@gmail.com

**വരനെ ആവശ്യമുണ്ട്**

ഹിന്ദു യുവതി, Bsc Nurse, വർക്ക് പെർമിറ്റ്, 39 വയസ്സ്, അവിട്ടം '5'1'. ഇരുനിറം. പുനർവിവാഹം. ബാധ്യതകളില്ല. ജാതി സാമ്പത്തികം പ്രശ്നമില്ല. US citizens only

Contact - 215-880-3341
or vincentemmanuel @aol.com






Established in 1993

Indian School of Culture, Languages and Arts

P.O Box 521, White Plains, N. Y. 10602


## MALAYALAM THROUGH ENGLISH

*by:*




### Dr. James Kurichi

This 358-page book in 32 lessons teaches the English-speaking population to read, write, and speak Malayalam language.
It will be of enormous help to the descendants of Malayalee immigrants.
The best gift Malayalee immigrants can make to their children and grandchildren.

To purchase the book

email: malayalamthroughenglish@gmail.com


MUKKUT
MONUMENTS INC.
PHONE (C) 972-342-0041
E-mail: mukkutmonuments@gmail.com
www.mukkutmonuments.com
ST. GREGORIOS OF PARUMALA
MEMORIAL MONUMENT
Edith
Espinoza
Edith Espinoza
12-02-1970
04-17-2016
Joaquin Espinoza
11-16-1962
KURIAN
FAMILY
THEKKEDATH
We Specialize in Custom Creation and Installation of
Cemetery Granites, Bronze Memorials Sculptures,
Large Stone Cross for Churches. We Serve in USA, Canada and India

# നിര്യാതരായി



**ഏലിയാമ്മ മാത്യു**

ന്യൂജേഴ്സി: വിശ്വാസ സംരക്ഷകൻ എഡിറ്ററും, അമേരിക്കൻ മേഖലയിലെ ഓർഗനൈസറും സ്വതന്ത്ര പത്രപ്രവർത്തകനും എഴുത്തുകാരനുമായ ബിജു കുര്യൻ മാത്യൂസിന്റെ (ന്യൂജേഴ്സി) മാതാവും മാതാവും, പുതുപ്പള്ളി കളമ്പു കാട്ട് .കെ.കെ. മാത്യു വിന്റെ സഹധർമ്മിണിയുമായ റിട്ടയേർഡ് അദ്ധ്യാപിക ഏലിയാമ്മ മാത്യു(81) അന്തരിച്ചു. ബിജു കുര്യൻ മാത്യു ഏക പുത്രനും, ബിനു മാത്യു(യു.കെ.), മെർലിൻ മാത്യു(യു.കെ.)എന്നിവർ പുത്രിമാരുമാണ്. ശൈനോ മാത്യു (യു.എസ്.എ.), വള്ളംകുളം മണിയതോടിയിൽ കുടുംബാംഗം തോമസ് വർഗീസ് (യു.കെ.), സിനിമാത്യു(യു.കെ.) എന്നിവർ ജാമാതാക്കളാണ്.



**ജോസ് ഏബ്രഹാം**

ന്യൂയോർക്ക്: വെസ്റ്റ്ചെസ്റ്റർ മെഡിക്കൽ സെന്ററിലെ റിട്ട. റെസ്പിരേറ്ററി തെറാപ്പിസ്റ്റ് ജോസ് ഏബ്രഹാം (65) അന്തരിച്ചു. ശോശാമ്മ ജോ സ് ആണ് ഭാര്യ. മക്കൾ: ജെറി ജോസ് (വിസ്‌ലെറ്റ് വിൽസ ൺ) ജെറിൻ ജോസ് (ബെത്സി ജോസ്). കൊച്ചുമക്കൾ: റാഫേൽ, എബ്രിയേല, ലില്ലി, തോമസ്. ന്യൂയോർക്ക് സഫേൺ സെന്റ് മേരീസ് ഇന്ത്യൻ ഓർത്തഡോക്സ് ചർച്ച് അംഗമാണ്.


**എൻ.കെ.കൃഷ്ണൻകുട്ടി**

മൂലവട്ടം:നമ്പിമഠത്തിൽ എൻ.കെ.കൃഷ്ണൻകുട്ടി (90) അന്തരിച്ചു. ഭാര്യ: പരേതയായ പങ്കജാക്ഷിയമ്മ. മക്കൾ: സന്തോഷ് കുമാർ, പുഷ്പകുമാരി, പ്രേമകുമാർ, സുരേഷ് കുമാർ.



**ലില്ലിയമ്മ**

ഡാളസ്/സൗത്ത് പാമ്പാടി:വാർമല വട്ടശേരിൽ പരേതനായ വി.ജി.ജോർജിന്റെ(റിട്ട.സെക്രട്ടറി, ഡിഎസ്എ സ്എ ബോർഡ്,കോട്ടയം) ഭാര്യലില്ലിയമ്മ (95) അന്തരിച്ചു.പരേത മിത്രക്കരി ചെറുകാട്ട് കുടുംബാംഗമാണ് മ ക്ക ൾ: ലൈല തോംസൺ(ഫ്ളോറിഡ), ഷൈല, ജോസഫ്, മരിയൻ ജോർജ് (മുൻ എക്സിക്യൂട്ടീവ് എഡിറ്റർ ഇൻ ചാർജ്, ദീപിക), എൽസി റോയി (ബംഗളൂരു), അഡ്വ. ജോർജ് വർഗീസ് (ഡാളസ്). മരുമക്കൾ: തോംസൺ (ഫ്ളോറിഡ), ജോസഫ് തോമസ് മംഗളാവു പറമ്പിൽ (കഞ്ഞിക്കുഴി), റോയി കാരിക്കൽ (ബംഗളൂരു), ഡോ. പുഷ്പ കാപ്പൻ (കോട്ടയം), ഡോ. ജയ്സി ജോർജ് (ഡാളസ്).




**വർഗീസ് ജോർജ്**

മിസ്സിസാഗ : കനേഡിയൻ മലയാളി വർഗീസ് ജോർജ് (ജോണിക്കുട്ടി, 75) അന്തരിച്ചു. കൺസർവേറ്റീവ് പാർട്ടിയുടെ മുതിർന്ന മലയാളി നേതാവായ ടോം വർഗീസിന്റെ ഭാര്യ ജിജിയുടെ സഹോദരനാണ് പരേതൻ. ഭാര്യ : സാറ. മക്കൾ : ഡേവിഡ്, ജെന്നിഫർ. മരുമക്കൾ : കവിത, ക്രിസ്.

**പി.സി.കുര്യൻ**

അതിരമ്പുഴ:വിമുക്തഭടൻ പുത്തൻപുരയ്ക്കൽ പി.സി.കുര്യൻ (72) അന്തരിച്ചു. എഫ്എസിടി ജീവനക്കാരായിരുന്നു. ഭാര്യ: കരിപ്പാടം മാമ്പള്ളിൽ മോളി കുര്യൻ. മക്കൾ: ഹണി (ഇറ്റലി), ഹോളി (ജർമനി). മരുമക്കൾ: ഷിബു ചക്കാലയിൽ ഓണംതുരുത്ത് (ഇറ്റലി), ലിന്റോ തുണ്ട ത്തിൽ (ചാമക്കാല).



**കെ പി ശാമുവേൽ**

ഡാളസ്: കൊല്ലക, കേശവപുരത്തു പുത്തൻപുരയിൽ കെ പി ശാമുവേൽ-94 (റിട്ട.എഞ്ചിനീയർ കെ എസ് ആർ ടി സി) അന്തരിച്ചു.ഭാര്യ പരേതയായ ചിന്നമ്മ ശാമുവേൽ കൂട്ടലുംവിള കുടുംബാംഗമാണ്.മക്കൾ: മേഴ്സി ശാമുവേൽ (റിട്ട. ടീച്ചർ എസ്.വി.എം.എം ഹൈ സ ്കൂൾ, വെണ്ടാർ) ഫിലിപ്പ് ശാമുവേൽ (റിട്ട.സൂപ്രണ്ട് ബി എ എം കോളേജ് തുരുത്തിക്കാട്) ജോൺ ശാമുവേൽ (ഡാളസ്) ഡോ. ജേക്കബ് ശാമുവേൽ (വെറ്റിനറി സർജൻ, ചവറ) എന്നിവർ. മരുമക്കൾ: സി കെ അലക ്സാണ്ടർ (റിട്ട ഇഡഞക), ലിസ്സി ഫിലിപ്പ്, ഷേർളി ശാമുവേൽ (ഡാളസ്) ഡോ: ലാലി ജേക്കബ് (വെറ്റി. സർജൻ, പന്മന).



**ടി.വി. വർഗീസ്**

ളാക്കാട്ടൂർ (അയർകുന്നം):തടമുറിയിൽ ടി.വി. വർഗീസ് ( ജോയിക്കുട്ടി -87) അന്തരിച്ചു. ഭാര്യ പരേതയായ എ.കെ. റോസ് (റിട്ട.അധ്യാപിക) കുറുമ്പനാടം ഓവേലിൽ കുടുംബാംഗം. സജി ജോർജ് (ന്യൂയോർക്ക്), ജോജി വർഗീസ് (ബിസിനസ്), ബിജി,ബൈജു വർഗീസ് (തടമുറിയിൽ ഫിനാൻസ്) അയർക്കുന്നം എന്നിവർ മക്കളും, ജോർജ് ജോസഫ് (ന്യൂയോർക്ക്), ആശ കുറ്റിപ്ലാക്കൽ(കൂടല്ലൂർ), ഡോ. സിബി ചാക്കോ കൊല്ലംപറമ്പിൽ ചങ്ങനാശേരി(പ്രഫസർ ദുബായ്),മഞ്ചു വർഗീസ് കളത്തിൽ( ഫാത്തിമപുരം ചങ്ങനാശേരി) എന്നിവർ മരുമക്കളുമാണ്.

**സാവിത്രി**

കാനം:നെട്ടംപ്ലാക്കൽ സാവിത്രി (62) അന്തരിച്ചു. ഭർത്താവ്: പി.വി.ചന്ദ്രൻ. മക്കൾ: കണ്ണൻ, കവിത. മരുമക്കൾ: അനീഷ്, ആര്യ.



**ഷാജി എം. എബ്രഹാം**

ഫ്ളോറിഡ: മാവേലിക്കര കുന്നം മഠത്തിൽ കുറ്റിയിൽ നസ്രേത്ത് വീട്ടിൽ ഷാജി എം. എബ്രഹാം (57) അന്തരിച്ചു. ഭാര്യ: ലിബി ഷാജി കുമ്പളാംപൊയ്ക മംഗലത്തിൽ തെക്കേമണ്ണൂർ കുടുംബാംഗമാണ്.മക്കൾ: എബൻ എബ്രഹാം, ആൻ മറിയം, ഐറിൻ മേഴ്സി.ഷാബു ഏബ്രഹാം, (കെ. എസ്. എ), ഷീബ സാമുവേൽ (കേരളം) എന്നിവർ സഹോദരങ്ങളാണ്

**ഏലിയാമ്മ തോമസ്**

അറുനൂറ്റിമംഗലം: മണിയാട്ടേൽ ഏലിയാമ്മ തോമസ് (89) അന്തരിച്ചു. ഭർത്താവ്: പരേതനായ തോമസ്. മക്കൾ: സിസ്റ്റർ ടോംസി, എം. ടി.നെൽസൺ, സൈമൺ തോമസ്, സിസ്റ്റർ ആൻസി മേഴ്സി റെജി (കാരിത്താസ്), ത്രേസ്യാമ്മ ജോഷി (ഇറ്റലി), റീന സോ ണി. മരുമക്കൾ: ജോളി നെൽസൺ കുടിലിൽ, റെജി കരികുളം, ജോഷി പള്ളിപുറത്ത് മ്യാലി , സോണി അച്ചേട്ട്



**ആനി ജോർജ്**

മണർകാട്: പേരാലുംമൂട്ടിലായ പുത്തൻപുരയ്ക്കൽ ആനി ജോർജ് (70) അന്തരിച്ചു. പരേത അയ്മനം മരോട്ടിപറമ്പിൽ കുടുംബാംഗമാണ്. ഭർത്താവ്: പി.റ്റി ജോർജ് (റിട്ട. എം.ആർ.എഫ് ഉദ്യോഗസ്ഥൻ വടവാതൂർ) മക്കൾ: ബെന്നി ജോർജ് (വേളിമല പ്ലാന്റേഷൻ ഉദ്യോഗസ്ഥൻ കോട്ടയം), ബിനു ജോർജ് (എം.ആർ.എഫ് ഉദ്യോഗസ്ഥൻ വടവാതൂർ). മരുമക്കൾ: മാങ്ങാനം കക്കത്തുംകുഴിയിൽ ലിജു ബെന്നി (എസ്.എച്ച്.എം കോട്ടയം), പാറമ്പുഴ പണ്ടാരത്തുമാലിൽ ഷൈമോൾ ബിനു (യു.എസ്.എ).

**ശേഖരൻ**

കടുത്തുരുത്തി:കെഎസ്പുരം വെള്ളാരംപറമ്പിൽ ശേഖരൻ (85) അന്തരിച്ചു. ഭാര്യ: രാജമ്മ. മക്കൾ: സുനിൽകുമാർ, സുനിത, സുരേഷ് കുമാർ. മരുമക്കൾ: സന്ധ്യ സുനിൽ ആലുങ്കൽ (വയലാ), അയ്യപ്പൻ ചേന്നാട്ടുപറമ്പിൽ, സന്ധ്യ സുരേഷ് .




**സി.വി. ജോസഫ്**

ചമ്പക്കുളം: നാരകത്തറ ചാലുത്തറ സി.വി. ജോസഫ് (91) അന്തരിച്ചു. ഭാര്യ: പരേതയായ കുഞ്ഞുഞ്ഞമ്മ. മക്കൾ: ജയമ്മ (യുഎസ്എ),സണ്ണിച്ചൻ, റാണി(യുഎസ്എ),മോളിക്കുട്ടി, ജിജി, ജോളിമ്മ, മോനിച്ചൻ, രാജേഷ് (ഇരുവരും യുഎസ്എ). മരുമക്കൾ: മോനിച്ചൻ കണ്ടങ്കുളം ചമ്പക്കുളം (യുഎസ്എ),ലൈല കല്ലുകളം ചങ്ങനാശേരി, രാജു മോഴമണ്ണിൽ അയിരൂർ (യുഎസ്എ), ചാക്കോച്ചൻ പതാലിൽ ചെറുവള്ളിമല, ജോമോൻ പനയത്തുശേരി പായിപ്പാട്, ജോസ്മോൻ ഐക്കരക്കളം ചമ്പക്കുളം (ഖത്തർ), ടീന മുക്കാട് ചങ്ങനാശേരി (യുഎസ്എ), ലിബി കല്ലുങ്കൽ ആവനീശ്വരം പുനലൂർ (യുഎസ്എ).

**അന്നമ്മ തോമസ്**

തോട്ടയ്ക്കാട്:കുന്നേൽ അന്നമ്മ തോമസ് (കുഞ്ഞൂഞ്ഞമ്മ, 81) അന്തരി ച്ചു. ഭർത്താവ്: തോമസ്. മക്കൾ: ലീലാമ്മ, റെജി.



**കെ. എ തോമസ്**

ഡാളസ്: കോട്ടയം അഞ്ചേരി കുഴിയത്ത് തൂമ്പുങ്കൽ കെ. എ തോമസ് (കുഞ്ഞുമോൻ-78 ) ഡാളസിൽ അന്തരിച്ചു. കോട്ടയം അഞ്ചേരി കാലായിൽപറ മ്പിൽ മറിയാമ്മ തോമസ് ആണ് ഭാര്യ.മകൾ: സുജ ജേക്കബ് (ഡാളസ്). മരുമ കൻ : ബിജു ജേക്കബ് കൊച്ചു മക്കൾ: ശോശന്ന ജേക്കബ്, സാറ ജേക്കബ്.

**സി.ജെ.ഫ്രാൻസിസ്**

എസ്എച്ച് മൗണ്ട്:ചിറമേൽ വീട്ടിൽ സി.ജെ.ഫ്രാൻസിസ് (83) അന്തരിച്ചു. സംസ ്കാരം ഇന്ന് 1ന് വസതിയിൽ ശുശ്രൂഷയ്ക്കു ശേഷം 2ന് കോട്ടയം ലൂർദ് ഫൊറോനാ പള്ളിയിൽ. ഭാര്യ: ആലപ്പുഴ കരിച്ചിറയിൽ അന്നമ്മ ഫ്രാൻസിസ്. മക്കൾ: ബിന്ദു, ബോണി, ലിജു.

**ശാന്തമ്മ**

കുറിച്ചി:ചെറുവേലിപ്പടി തെക്കേകുന്നേൽ ശാന്തമ്മ (76) അന്തരിച്ചു. ഭർത്താവ്: പരേതനായ നാരായണൻ. മക്കൾ: വിനോദ്, വിനീത.


pravasi CHANNEL HD
THE ONE AND ONLY
DAILY NEWS BULLETIN
For North American Malayalees!
ഡെയിലി
ന്യൂസ്
ബുള്ളറ്റിൻ
പ്രവാസി മലയാളികളുടെ
സ്വന്തം ചാനലിൽ മാത്രം!
Watch Pravasi Channel LIVE 24 Hrs
www.pravasichannel.com
Or Watch Anytime via 'VOD' Video on Demand
by Downloading
MediaAppUSA App FREE!
Download on the App Store
ANDROID APP ON Google play
Available in App Store or Google Store
Scan the QR Code for instant download
MediaAppUSA
Call 1-917-900-2123 for Advertisements & News